# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 4    ലക്കം 2    പേജുകൾ 50    മേയ് 2023



- കാർട്ടൂൺ കേരളം
- സമകാലികം
- കഥ
- കവിത
- പുസ്തക ലോകം

## മലയാളത്തിന്റെ തിരുമധുരം

സി രാധാകൃഷ്ണൻ / താര അതിയടത്ത്

# എഡിറ്റേഴ്സ് പേജ്




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**



സി.രാധാകൃഷ്ണനുമായുള്ള പ്രത്യേക അഭിമുഖമാണ് മെയ് ലക്കത്തിലെ പ്രധാന ആകർഷണം. സർഗാത്മക രചനകളിലൂടെ, പോയ അറുപതാണ്ടുകൾ നമ്മോട് ഒന്നു ചേർന്ന അതുല്യ പ്രതിഭ. കഥകളും നോവലുകളുമായി നിരവധി കൃതികളുടെ രചയിതാവ്. 'മഷിപ്പച്ച'യുടെ സ്പെഷൽ കറസ്പോണ്ടന്റുമായി സംവദിക്കവേ, ജീവിതാനുഭവങ്ങളുടെ ചുരുളഴിക്കുകയായിരുന്നു അദ്ദേഹം. സാഹിത്യത്തോടൊപ്പം സിനിമയും രാഷ്ട്രീയവും ചർച്ചയായി. അരമണിക്കൂർ ആവശ്യപ്പെട്ട് എത്തിയവർക്ക് മുന്നിൽ, മണിക്കൂറുകൾ തന്നെ സൗമ്യനായി, ചോദ്യങ്ങളോട് അദ്ദേഹം പ്രതികരിച്ചു.

കലയും സാഹിത്യവുമായി ബന്ധപ്പെട്ട സമുന്നത വ്യക്തിത്വങ്ങളുടെ അഭിമുഖം മുമ്പും മാസിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈശാഖൻ, മട്ടന്നൂർ ശങ്കരൻകുട്ടി, സച്ചിദാനന്ദൻ, എം.മുകുന്ദൻ, എസ്.കെ.വസന്തൻ എന്നിവർക്കു ശേഷമാണ് സി.രാധാകൃഷ്ണൻ മാസികയുടെ താളുകളിലെത്തുന്നത്. സി.ആറിന്റെ എഴുത്തും അദ്ദേഹം പിന്നിട്ട വഴികളും ഒറ്റയിരിപ്പിൽ വായിച്ചറിയുവാൻ ഈ പ്രത്യേക അഭിമുഖം ഉപകരിക്കും.

കഥകളും കവിതകളും ലേഖനങ്ങൾക്കുമൊപ്പം കാർട്ടൂൺ കേരളവും മറ്റ് പംക്തികളും ഈ ലക്കത്തിലുണ്ട്. പുസ്തകപരിചയങ്ങളും പുതിയ ലക്കത്തിൽ ചേർത്തിട്ടുണ്ട്.

ലോക തൊഴിലാളി ദിനമായ മെയ് ഒന്നിനാണ് പുതിയ ലക്കം പ്രസിദ്ധീകരിക്കുന്നത്. അടിമപ്പണിയിൽനിന്നും മോചനം നേടി, തൊഴിലിന്റെ മഹത്വം ലോകത്തെ ബോധ്യപ്പെടുത്തി, അവകാശബോധത്തോടെ, കർമമണ്ഡലത്തിൽ വ്യാപരിക്കുന്ന എല്ലാ തൊഴിലാളികൾക്കും മെയ് ലക്കം സമർപ്പിക്കുന്നു. തൊഴിലിനൊപ്പം വായനയും എഴുത്തും കൂടെ കൂട്ടുന്നവരാണ് മലയാളികൾ. എഴുത്ത് ഒരു തൊഴിലായി സ്വീകരിക്കുവാൻ ചുരുക്കം മലയാള എഴുത്തുകാർക്കേ സാധിച്ചിട്ടുള്ളൂ. വിപണിയുടെ പരിമിതി തന്നെയാണ്, വരുമാനത്തിലും പ്രതിഫലിക്കുന്നത്. നല്ല മലയാളകൃതികൾ മറ്റു ഭാഷകളിലും പ്രസിദ്ധീകരിക്കുവാൻ സഹായിക്കുന്ന പ്രസാധക സംരംഭങ്ങൾ കേരളത്തിൽ ഉടലെടുത്തെങ്കിൽ മാത്രമേ, ഒരു തൊഴിൽ കൂടിയായി എഴുത്തിനെ സ്വീകരിക്കുവാൻ മലയാളിക്ക് സാധിക്കൂ. അങ്ങനെയും ഒരു കാലം വന്നേക്കാം.

**-സി.ആർ.രാജൻ,**
എഡിറ്റർ

# അകത്താളുകളിൽ


## ലേഖനം/പംക്തി

| | |
|---|---|
| താര അതിയേടത്ത് | പേജ് 4 |
| ഫ്രാങ്കോ ലൂയിസ്: | പേജ് 13 |
| തേജശ്രീ: | പേജ് 17 |
| കുന്നംകുടത്ത് ഈനാശു പോൾ | പേജ് 50 |

| | |
|---|---|
| കുട്ടികളുടെ മഷിപ്പച്ച | പേജ് 23 |

## പുസ്തകപരിചയം

| | |
|---|---|
| ശ്രീജ വിജയൻ | പേജ് 44 |
| ദർശന | പേജ് 46 |
| മുഹമ്മദ്സഗീർ പണ്ടാരത്തിൽ | പേജ് 49 |

## കാർട്ടൂൺ

| | |
|---|---|
| എം. ആർ. ബാലചന്ദ്രൻ | പേജ് 3 |

## കഥ

| | |
|---|---|
| അശോകൻ. സി. ജി | പേജ് 27 |
| സിമി പെരുമ്പിള്ളി | പേജ് 33 |

## കവിത

| | |
|---|---|
| ബഷീർ മുളിവയൽ | പേജ് 19 |
| ലേഖ കാക്കനാട്ട് | പേജ് 20 |
| എ. കെ. അനിൽകുമാർ | പേജ് 21 |
| ജിജി. കെ. | പേജ് 22 |
| മനീഷ | പേജ് 34 |
| വി പി ജോൺസ് | പേജ് 35 |
| കൃഷ്ണകുമാർ മാപ്രാണം | പേജ് 36 |
| എം. കപിൽദേവ് | പേജ് 37 |
| രേഖ സി. ജി | പേജ് 38 |
| എ പി നാരായണൻ കുട്ടി | പേജ് 39 |
| ഷബ്ന അബൂബക്കർ | പേജ് 40 |
| അശ്വതി. വി. വി | പേജ് 41 |
| ശിവൻ തലപ്പുലത്ത് | പേജ് 42 |
| നിബിൻ കള്ളിക്കാട് | പേജ് 43 |


# കാർട്ടൂൺ കേരളം:






എം. ആർ. ബാലചന്ദ്രൻ



# മലയാളത്തിന്റെ തിരുമധുരം

## സി രാധാകൃഷ്ണൻ/ താര അതിയടത്ത്

'ജീവിക്കാൻ മാത്രമല്ല മരിക്കാനും മാനുഷികതയുടെ സ്പർശം വേണം...." മലയാളിയെ മാനവസ്നേഹത്തിന്റെ പാഠം പഠിപ്പിച്ച , മലയാള ഭാഷയോട് അത്രയധികം ലയിച്ചു ചേർന്ന , മലയാളത്തിന്റെ തിരുമധുരം സി.രാധാകൃഷ്ണൻ .

തന്റെ നോവലുകളിൽ കൂടി ഗ്രാമീണതയുടേയും വ്യക്തി ബന്ധങ്ങളുടേയും തീവ്രമായ വൈകാരിക തലം കാണിച്ചുതരികയും മനശാസ്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തിന്റെയും ഉൾക്കാഴ്ചകൾ അനുവാചക ഹൃദയത്തിലേക്ക് എത്തിക്കുകയും ചെയ്ത പ്രിയപ്പെട്ട എഴുത്തുകാരൻ ..... മലയാളത്തിലെ ആദ്യത്തെ ഇന്ത്യൻ പനോരമ ഫിലിം ആയ 'അഗ്നി ' എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ..... മലയാളത്തിലെയും ഇംഗ്ലീഷിലെയും നിരവധി പ്രസിദ്ധീകരണങ്ങളിൽ മലയാളത്തിന്റെ യശസ്സ് ഉയർത്തിപ്പിടിച്ച പ്രിയ കഥാകാരൻ... ജ്ഞാനത്തിനു മുന്നിൽ വിനയാന്വിതനായ ശാസ്ത്രജ്ഞൻ ......

ഇങ്ങനെ അണിയിക്കാൻ പല വേഷങ്ങളുമായി ബഹുമുഖ പ്രതിഭാമണ്ഡലങ്ങളിൽ മലയാളികളുടെ സാംസ്ക്കാരിക ജീവിതത്തിൽ സി.രാധാകൃഷ്ണൻ നിറഞ്ഞു നിൽക്കുന്നുണ്ട്. മലയാളത്തിന്റെ ബോധധാരയിൽ വാക്കുകളിലൂടെ വരച്ചിട്ട രൂപങ്ങളും ഭാവങ്ങളും ചിന്തകളും അനുഭവമാവുകയാണ് ........ കാണുമ്പോൾ ചോദിക്കണമെന്നു വച്ചതും വായനയിൽ തീർത്ത സംശയങ്ങളും കൂടി ചെറുതും വലുതുമായ വർത്തമാനങ്ങളിലേക്ക് വഴിമാറി അതൊരു സർഗ്ഗസംവാദമാവാൻ അധികം താമസമുണ്ടായില്ല.

മലപ്പുറം ജില്ലയിലെ പരപ്പൂർ മഠത്തിൽ



**സി രാധാകൃഷ്ണനൊപ്പം വി യു സുരേന്ദ്രൻ, സി ജി അശോകൻ, താര അതിയടത്ത് എന്നിവർ.**

മാധവൻ നായരുടേയും ചക്കുപുരയിൽ ജാനകിയമ്മയുടേയും മകനായി 1939 ഫിബ്രവരി 15 ന് ജനനം. സ്ക്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ സാഹിത്യരചന തുടങ്ങി. ആദ്യത്തെ നോവലായ നിഴൽപ്പാടുകൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിക്കുമ്പോൾ കേവലം പത്തൊൻപത് വയസ്സ് മാത്രം പ്രായം. എഴുത്തച്ഛൻ പുരസ്കാരം, മൂർത്തീദേവി പുരസ്ക്കാരമടക്കം നിരവധി പുരസ്ക്കാരങ്ങൾ. മലയാള സാഹിത്യത്തിൽ എന്നും നൂതനമായ അനുഭവങ്ങൾ നൽകിയ നോവലുകൾ , ചെറുകഥകൾ, പരിഭാഷകൾ, തിരക്കഥകൾ നോവലെറ്റുകൾ ... മനസ്സിന്റെ ഉള്ളിലേക്ക് പോകുന്തോറും അക്ഷരങ്ങളുടെ സ്വർണ്ണഖനിയാണെന്ന് ബോദ്ധ്യമാക്കി കൊണ്ട് .... പ്രിയ എഴുത്തുകാരന്റെ ജീവിത യാത്രയിലെ നടന്നു തീർത്ത വഴികളിലൂടെ .....

**1) സി.രാധാകൃഷ്ണൻ എന്ന നോവലിസ്റ്റിനെ , ശാസ്ത്രജ്ഞനെ, സൃഷ്ടിച്ച കുട്ടിക്കാലത്തെ ഓർമ്മകൾ വിശദീകരിക്കാമൊ .....?**

കുട്ടിക്കാലത്ത് എല്ലാവരും ഒരുപോലെയാണ്. എല്ലാ വിത്തുകളും മുളക്കുമ്പോൾ ഒരു പോലെ ഇരിക്കും. പിന്നെ അതിന്റെ ഉള്ളിലെ ജന്മസ്വഭാവം, അത് വളരുന്ന പരിത:സ്ഥിതി, കാലാവസ്ഥ എന്നിവയ്ക്കനുസരിച്ച് അതിന്റെ രൂപവും, ,ഭാവവും , വളർച്ചയും ഫലവും എല്ലാം മാറും. ഒരേ ഭൂമിയിൽ വിതച്ച പത്ത് വിത്താണെങ്കിലും, യേശുദേവൻ പണ്ട് പറഞ്ഞ പോലെ ചിലത് പാറപ്പുറത്താവാം, ചിലത് നനവുള്ളിടത്താവാം. അവ വളരുന്നത് വ്യത്യസ്ത തരത്തിലാവാം.എനിക്ക് കിട്ടിയ വായു, വെള്ളം വെളിച്ചം അതൊക്കെ എന്റെ സർഗാത്മക വളർച്ചക്ക് അനുകൂലമായിട്ടുള്ള കാര്യങ്ങളായിരുന്നു. ഇതെല്ലാം പ്രകൃതിയുടെ സംഭാവനയാണ്.

**2) പ്രകൃതിയുടെ സംഭാവനയാണ് കുട്ടിക്കാലം എന്ന് പറഞ്ഞല്ലോ... അതിനനുസരിച്ചുള്ള ചുറ്റുപാടുകൾ അക്കാലത്തുണ്ടായിരുന്നോ?**

മാർക്സ് പറഞ്ഞത് വളരെ ശരിയാണ്. എല്ലാവരും വളരുന്നത് ചുറ്റുപാടുകൾക്കനുസരിച്ചാണ് . ചുറ്റുപാട് മനുഷ്യനെ രൂപപ്പെടുത്തുകയും, പിന്നീട് മനുഷ്യൻ ചുറ്റുപാടിനെ രൂപപ്പെടുത്തുകയും ചെയ്യുന്നു. അതായത് ഒരു തിര മറ്റൊരു തിര രൂപപ്പെടുത്തുകയും അതങ്ങനെ മുന്നോട്ട് മുന്നോട്ട് പോയി സമുദ്രം ഊർജ്ജസ്വലമാകുന്നു .അതുകൊണ്ട് തന്നെ ഇതൊരാളുടെ നേട്ടമാണ്, കോട്ടമാണ് എന്നൊന്നും പറയാൻ വയ്യ.

**3) കഴിവ് എന്നത് ജന്മനാ ലഭിക്കുന്നതാണെന്നും പ്രാഗത്ഭ്യം എന്നത് തെളിയിക്കപ്പെടേണ്ടതാണെന്നും പറയാറുണ്ടല്ലോ ? അപ്പോൾ ജന്മനാ കിട്ടുന്നതിന് പ്രാധാന്യം കൂടില്ലേ?..""**

ജന്മനാ എന്നു പറയുന്നത് , മനുഷ്യവംശം നേടി പോകുന്ന ആകെ തുകയാണ് .അത് പലർക്കും പലരൂപത്തിലാണെന്നു

മാത്രം. ഇപ്പോൾ ജീവിച്ചിരിക്കുന്ന മനുഷ്യരിലെ എല്ലാവരുടയും ജന്മ സ്വഭാവം കൂടിയതാണ് , പ്രകൃതി എന്താണോ ഉദ്ദേശിക്കുന്നത് അത്. അതിൽ ഒരു മനുഷ്യജന്മ സ്വഭാവത്തിന് പ്രകടമാവാനുള്ള സൗകര്യം കിട്ടാതെ പോയാൽ അത്രയും പ്രകൃതിയുടെ ആവിഷ്ക്കാരം കുറയും. എല്ലാവരുടേയും ആവിഷ്ക്കാരത്തിന് അവസരം കിട്ടുന്ന സന്ദർഭമാണ് മാതൃകാപരമായിട്ടുള്ളത്. അതു പക്ഷെ ലോകത്തങ്ങനെ ഉണ്ടാകാറില്ല.നല്ല പരിത:സ്ഥിതി കുറഞ്ഞു കുറഞ്ഞു വരുന്തോറും നമ്മൾ മൃഗങ്ങളുടെ അടുത്തേക്ക് വരും. മനുഷ്യന് മൃഗേതരത്വം എന്നു പറയുന്നത്, ജന്മസിദ്ധമായ വാസനകളുടെ പ്രചരണത്തിനുള്ള അവസരത്തിന്റെ ഫലമാണ്. അതിനാണ് നമ്മൾ സാംസ്ക്കാരിക പ്രവർത്തനമെന്നും, നവോത്ഥാനമെന്നൊക്കെ പറയുന്നത്. അങ്ങനെയാണ് എഴുത്തും കലയുമൊക്കെ നവോത്ഥാനത്തിന്റെ ഭാഗമാവുന്നത് .അങ്ങനെയൊരു സൗകര്യം കിട്ടിയത് എന്റെ നേട്ടം കൊണ്ടല്ല. ചുരുക്കി പറഞ്ഞാൽ മാവിൽ മാങ്ങയുണ്ടാവുന്നത് മാവിന്റെ നേട്ടം കൊണ്ടല്ലല്ലോ.



**4) താങ്കളുടെ സർഗാത്മക ജീവിതം രൂപപ്പെടുത്തുന്നതിൽ ചമ്രവട്ടം എന്നൊരു ഗ്രാമപ്രദേശം ഉണ്ടാക്കിയ സ്വാധീനം ചെറുതല്ലല്ലോ?......**

അത് അവിടെ ആയിപ്പോയി എന്നേ ഉള്ളൂ.അതിന്റെ പേര് വേറൊരു വട്ടം എന്നാണെങ്കിൽ വേറൊരു തരത്തിൽ ആവുമായിരുന്നു. ഏതോ ഒരു വട്ടത്തിലല്ലേ ഇപ്പോൾ നൂറ്റമ്പത് തികഞ്ഞ ആശാനുണ്ടായത്. വട്ടമല്ല, വിത്താണ് കാര്യം. അതിനൊരു പ്രത്യേക സ്വഭാവമുണ്ട്. അതും കാലമുണ്ടാക്കിയെടുത്തതാണ് . ഞാൻ ജനിച്ചുവളർന്ന കാലത്തല്ലായിരുന്നെങ്കിൽ ഞാനിങ്ങനെ ആവുമായിരുന്നില്ല. ആ കാലത്തുണ്ടായിരുന്ന സാമൂഹ്യവ്യവസ്ഥ,സ്വാതന്ത്ര്യസമരം, സങ്കടങ്ങൾ , ദുരിതങ്ങൾ, ദാരിദ്ര്യം, മനുഷ്യർ തമ്മിലുള്ള സ്നേഹം, പവിത്രത അതൊക്കെ കൂടി ചേർന്നൊരു സന്ദേശമുണ്ടല്ലോ.... അതാണെന്നെ വളരാൻ സഹായിച്ച വളം.

**4. മനുഷ്യ ബന്ധങ്ങൾ തരുന്നൊരു സന്ദേശത്തെ അനുഗ്രഹമായി കാണുന്നുണ്ടെന്നറിയാംഎന്നാലും ജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് ആരാണ്? .......**

എന്റെ പരിചയത്തിൽ വന്നുപ്പെട്ട എല്ലാവരും പലതരത്തിലും എന്നെ സ്വാധീനിച്ചിട്ടുണ്ട്. ചെറിയ പക്ഷിമൃഗങ്ങൾ തൊട്ട് വലിയ വലിയ മനുഷ്യർ വരെ . എന്റെ വീടിന്റെ

മുറ്റത്തെ മാവിൽ കൂടു വയ്ക്കുന്ന പക്ഷി ഇടുന്ന മുട്ടയിൽ എത്രയെണ്ണം വിരിഞ്ഞെന്നും, എത്രയെണ്ണം പക്ഷിക്കുഞ്ഞുങ്ങളായി വലുതായിപറന്നു പോകാറായെന്നും അറിയണമെങ്കിൽ ഒരു പക്ഷെ കുട്ടിക്കാലത്ത് അമ്മ വിരൽ ചൂണ്ടികാണിച്ചുതന്നിരിക്കും. ആരാണൊ അതൊക്കെ ബോദ്ധ്യപ്പെടുത്തി തരുന്നത് അവരെയാണ് ഗുരുനാഥൻ എന്നു പറയുന്നത്. മനുഷ്യന് മാത്രമെ ഈ പ്രശ്നമുള്ളൂ.മനുഷ്യൻ ജനിക്കുമ്പോൾ വെറും ശൂന്യനായിട്ടാണ് ജനിക്കുന്നത്..പിന്നെ മനുഷ്യനാണ് ഏറ്റവും നല്ല സൃഷ്ടി എന്നു പറയുന്നതെന്തെന്നു വച്ചാൽ അതിരില്ലാത്ത ഹാർഡ്‌വെയർ ആണ് മനുഷ്യനിൽ ഉള്ളത്. എല്ലാം പകർത്താനുള്ള കഴിവ് മനുഷ്യനിലുണ്ട് .മറ്റു ജീവജാലങ്ങൾക്ക് അത്തരം കഴിവുകളില്ല.ആദ്യത്തെ ഗുരു അമ്മയാണ് .പിന്നെ അച്ഛൻ .മരണം വരെ നമ്മൾ പഠിച്ചു കൊണ്ടിരിക്കുന്നു .ഒരു പ്രായം കഴിഞ്ഞാൽ നമ്മൾ തന്നെ സ്വയം ഗുരുവാകുന്നു.

**5 നല്ല ഗുരുനാഥൻമാരുണ്ടാവാനുള്ള ഭാഗ്യം ഉണ്ടാവണമെന്നു പറഞ്ഞല്ലൊ....ഏതെങ്കിലും ഗുരു നാഥനെക്കുറിച്ചുള്ള മറക്കാനാവാത്ത ഓർമ്മ ----**

മലയാളം പഠിപ്പിച്ച പത്മനാഭപ്പണിക്കർ എന്ന ഗുരുനാഥനെ മറക്കാൻ സാധിക്കില്ല .അന്ന് ക്ലാസ്സിൽ ഉപന്യാസം എഴുതുന്ന ഏർപ്പാടുണ്ടായിരുന്നു. ഏതെങ്കിലും ഒരു വിഷയം തന്നിട്ട് അതിനെക്കുറിച്ച് രണ്ടൊ ,മൂന്നൊ പേജ് എഴുതണം. പിന്നീട് മാഷ് അതിന്റെ ഗുണവും ദോഷവും പറഞ്ഞു തരും . അക്ഷരത്തെറ്റിന് രണ്ടടിയും . ഒരിക്കൽ ക്ലാസിൽ ഉപന്യാസമെഴുതിയ പുസ്തകങ്ങളെല്ലാവർക്കും കൊടുത്തു കഴിഞ്ഞിട്ടും എന്റെ പുസ്തകം മാത്രം മാഷ് തന്നില്ല .കാത്തിരുന്ന എന്നോട് , 'താൻ ടീച്ചേഴ്സ് റൂമിലേക്കു വരു' എന്നും പറഞ്ഞു. അടി ഉറപ്പായെന്നു മനസ്സിലാക്കിയ ഞാൻ ടീച്ചേഴ്സ് റൂമിൽ ഇരിക്കുന്ന മാഷിന്റടുത്ത് പേടിച്ചു പ്പേടിച്ചു ചെന്നു. അപ്പോൾ മാഷ് ചായ കുടിച്ചു കൊണ്ടിരിക്കുകയായിരുന്നു. മാഷ് ഒരു കഷ്ണം വട എനിക്ക്പൊട്ടിച്ചു തന്ന്, കഴിച്ചോളാൻ പറഞ്ഞു.'അടിയല്ലല്ലോ വടയാണല്ലൊ കിട്ടിയതെന്ന് ഞാൻ ആശ്വസിച്ചു.പുസ്തകം മറിച്ചു നോക്കിക്കൊണ്ടിരുന്ന മാഷ് അപ്പോൾ എന്നോട് ഇങ്ങനെ പറഞ്ഞു' നിനക്ക് ചിലപ്പോൾ നാളെ മലയാളം എഴുതാൻ വശമായേക്കും. അങ്ങനെയുള്ള നീ ശ്രദ്ധക്കുറവ് കൊണ്ട് നാലക്ഷരതെറ്റ് ഇതിൽ വരുത്തിയിരിക്കുന്നു. അതുകൊണ്ട് വട പിടിക്കാത്ത മറ്റേ കൈ നീട്ടൂ' . ചൂരലു കൊണ്ട് നാലടിയും കിട്ടി. ഭാഷയേയും സാഹിത്യത്തേയും ഒരു പാട് ഇഷ്ടപ്പെട്ടിരുന്ന മാഷ് വായനയിലും ഒരു പാട് സ്വാധീനിച്ചിട്ടുണ്ട്. ലൈബ്രറിയുടെ ഇൻ ചാർജ്ജായ മാഷ് എനിക്കാദ്യം വായിക്കാൻ തന്ന പുസ്തകം നാലപ്പാട്ടു നാരായണ മേനോന്റെ പാവങ്ങളുടെ തർജ്ജമ ആയിരുന്നു.സ്ക്കൂൾ വിട്ട് കഴിഞ്ഞാൽ മാഷ് എന്റെ വഴിയിൽ കൂടി സൈക്കിൾ ചവിട്ടി കൂടെ വരും.പത്താം ക്ലാസായപ്പോഴേക്കും കാവ്യജീവിതവൃത്തി വരെ അദ്ദേഹം പഠിപ്പിച്ചു.

**6) അച്ഛന് അന്നത്തെ രാഷ്ട്രീയനേതാക്കളുമായി വലിയ ബന്ധമുണ്ടായിരുന്നെന്ന് കേട്ടിട്ടുണ്ട്. മറക്കാനാവാത്ത അത്തരം അനുഭവങ്ങൾ ......**

അച്ഛൻ കോൺഗ്രസ്സുകാരൻ ആയിരുന്നു. സാധാരണ കോൺഗ്രസ്സ് അല്ല ; സുഭാഷ് ചന്ദ്രബോസിന്റെ കോൺഗ്രസ്സ് . 1947 ൽ ഗാന്ധിജി കോൺഗ്രസ്സ് പിരിച്ചുവിടാൻ പറഞ്ഞപ്പോൾ അച്ഛൻ കോൺഗ്രസ് വിട്ടു. ശങ്കരൻ നമ്പൂതിരിപ്പാടും, കെ.ദാമോദരനും, എ കെ ജിയും, അച്യുതമേനോനുമൊക്കെ അച്ഛന്റെ സുഹൃത്തുക്കളായിരുന്നു. അക്കാലത്ത് എന്നും പോലീസ് ഇവരുടെ പിറകെ ഉള്ളതുകൊണ്ട് എല്ലാവർക്കും ഞങ്ങളുടെ വീടൊരു അഭയസ്ഥാനം ആയിരുന്നു. രാത്രിയിൽ തലയിൽ മുണ്ടിട്ട് കുറുകിയ ഒരാൾ പുഴ കടന്നു അടുക്കള ഭാഗത്തുകൂടി അകത്തു വരും. അമ്മ ഭക്ഷണം കൊടുക്കും. ഒരക്ഷരം അവർ തമ്മിൽ മിണ്ടില്ല. അമ്മ വിളക്കിന്റെ തിരി നീട്ടുക പോലും ഇല്ല. വെളുപ്പാൻ കാലത്ത് അദ്ദേഹം പുഴ കടന്നു പോകും .പിന്നീട് 1957 ൽ മുഖ്യ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്ന ഫോട്ടോ പേപ്പറിൽ വന്ന സമയത്ത് അച്ഛമ്മയാണ് അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.

**7) എഴുത്തുകൊണ്ടുമാത്രം ജീവിക്കാം എന്നു തെളിയിച്ചയാളാണ് അങ്ങ് .ആദ്യമായ് എഴുതി തുടങ്ങിയ കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ......**

കോളേജിൽ പഠിക്കാൻ പോയപ്പോൾ കയ്യിൽ കാശില്ല. അച്ഛന്റെ സഹപാഠി പഴയ സ്വാതന്ത്ര സമര സേനാനി എം പി ദാമോദരൻ എന്നെ മാതൃഭൂമി ഓഫീസിലേക്ക് കൂട്ടി കൊണ്ടുപോയി. അന്ന് കെ.പി വിജയൻ, വി.എം. കൊറാത്ത് എന്നിവരൊക്കെ മാതൃഭൂമിയിലുള്ള കാലമാണ്. അവർ ചെറിയൊ

രു nsippet തരും. അതെഴുതി കൊടുത്താൽ വാരാന്തപതിപ്പിൽ വരും. മാസം ഒരു പതി നഞ്ചുറപ്പിക വരെ അങ്ങനെ കിട്ടും. ആയി ടയ്ക്കാണ് സോവിയറ്റ് യൂനിയന്റെ സ്പുട് നിക് വിക്ഷേപം നടന്നത്. ഇത് ആകാശ ത്തെങ്ങനെയാണ് നിൽക്കുന്നതെന്നും ഇതി ന്റെ സന്തുലിതാവസ്ഥ എങ്ങനെയെന്നൊ ന്നും അന്ന് ആർക്കും അറിയില്ല. ഞാൻ ശാസ്ത്ര വിഷയം പഠിക്കുന്നതുകൊണ്ട് എ ന്നോട് അതിനെക്കുറിച്ച് എഴുതാൻ ആവ ശ്യപ്പെട്ടു. അങ്ങനെ ഉപഗ്രഹങ്ങളെക്കുറിച്ച് പല വാക്കുകൾ ഉണ്ടാക്കിയതും ഞാനാണ്.

**8) ആദ്യമായ് തർജ്ജമ ചെയ്യപ്പെട്ട പു സ്തകമായ 'ഭാഗ്യ നിർഭാഗ്യങ്ങ'ളെക്കുറി ച്ച് .......**

ഡിഗ്രി കഴിഞ്ഞ് പോസ്റ്റ് ഗ്രാജുവേഷന് പഠിക്കണം എന്നുണ്ടായിരുന്നു.. കയ്യിൽ കാ ശില്ലാതെ നിൽക്കുന്ന ആ സമയത്ത് പി .ടി ഭാസ്ക്കര പണിക്കർ മാഷ് Daniel Defoe ന്റെ Moll Flanders എന്ന പുസ്തകം തന്നി ട്ട് തർജ്ജമ ചെയ്യാൻ പറഞ്ഞു. അഞ്ഞുറോ ളം പേജുകളുള്ള 'ഭാഗ്യ നിർഭാഗ്യങ്ങൾ 'എ ന്ന ആ പുസ്തകം ഉദയ പബ്ലിക്കേഷൻസാ ണ് പ്രസിദ്ധീകരിച്ചത്. 'അന്നവർ അതിന് അഞ്ഞൂറ് രൂപയും തന്നു .

**9) അക്കാലത്ത് എഴുത്തിന്റെ വഴിയിലേ ക്ക് കടന്നെങ്കിലും ആദ്യത്തെ നോവലെ ഴുതിയ ഓർമ്മകൾ ....**

എം പി ട്യൂട്ടോറിയൽ കോളേജിൽ പഠി പ്പിക്കുന്ന കാലത്ത് നാട്ടിൽ വന്നപ്പോൾ വാ യിക്കാൻ പുസ്തകം കൊണ്ടുവന്നില്ല. അ ങ്ങനെയാണ് ആദ്യത്തെ നോവലെഴുതുന്ന ത്. പത്ത് ദിവസം കൊണ്ട് പത്ത് അധ്യായ ങ്ങൾ . ആ സമയത്താണ് മാതൃഭൂമിയുടെ ചരിത്രത്തിലാദ്യമായി ഒരു നോവലെഴുത്ത് മത്സരം നടക്കുന്നത് 'പ്രസാധകരെയൊ പ ത്രാധിപരെയൊ അറിയില്ല. ഒരു കവറിൽ പൊതിഞ്ഞെടുത്ത് കോഴിക്കോട് മാതൃഭൂമി യുടെ ഓഫീസിന് മുന്നിൽ' പത്രാധിപർക്കു ള്ള ഉരുപ്പടികൾ ' എന്നെഴുതിയ പെട്ടിയിൽ നിക്ഷേപിച്ചു. പിന്നീട് കൊടൈക്കനാലിൽ ജോലി ചെയ്യുന്ന സമയത്താണ് സമ്മാനം കിട്ടിയ വിവരം അറിയുന്നത്. 1962 ൽ കറന്റ് ബുക്സ് പുസ്തകമാക്കിയ 'നിഴൽപ്പാടുകൾ' എന്ന ആ പുസ്തകത്തിന് കേരള സാഹി ത്യ അക്കാദമി അവാർഡ് ലഭിച്ചു.

**10) 1957 ൽ ആകാശവാണി കോഴിക്കോ ട് നിലയം കോളേജ് വിദ്യാർത്ഥികൾക്കാ യി നടത്തിയ കവിതാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കവിതയാണ് 'വന്ദനം' അതിനെക്കുറിച്ച് . ........ .... ആദ്യമായ് എഴുതിയ ആ വരികൾ ഓർമ്മയുണ്ടോ .?**

അത് ഭാഷാചാര്യനുള്ള വന്ദനം തന്നെ ആയിരുന്നു. മത്സരത്തിൽ പങ്കെടുക്കാനായി കുറേ കുട്ടികൾ എത്തിയിരുന്നു വിഷയം അ വിടെ നിന്നാണ് തരിക. ഓർമ്മയിലെ വരി കൾ .....

'അക്ഷര തെറ്റുകൂടാതെ രക്ഷിക്കണേ ....
അർത്ഥഭ്രമം തീർത്തു കാത്തു കൊള്ളണേ
........

**11) കൊടൈക്കനാൽ ഒബ്സർവേറ്ററി യിൽ നിന്നും ജോലി മാറാനുണ്ടായ സാ ഹചര്യം ? .....**

കൊടൈക്കനാൽ ഒബ്സർവേറ്ററിയിൽ ജോലി ചെയ്യുന്ന സമയത്താണ് എൻ .വി കൃഷ്ണവാര്യർ ഒബ്സർവേറ്ററിയെക്കുറിച്ച് ഒരു ലേഖനം എഴുതിക്കൊടുക്കാൻ ആവ ശ്യപ്പെടുന്നത്. അന്ന് , എൻ.വി കൃഷ്ണവാ ര്യർ, പി. ടി.ഭാസ്ക്കര പണിക്കർ ഡോ.പി.സി. മേനോൻ , ഡോ.കെ.ജി അടിയോടി സൈ ക്കോളജിസ്റ്റ് മുഹമ്മദ്, പിന്നെ ഇരുപത്തൊ ന്നു വയസ്സുള്ള ഞാനും അടങ്ങുന്നകേരള ശാസ്ത്ര സാഹിത്യ സമിതി എന്നൊരു സ മിതി ഉണ്ടായിരുന്നു. പിന്നീട് അതാണ് ശാ സ്ത്ര സാഹിത്യ പരിഷത്ത് ആയി മാറിയ ത്. അന്ന് മലയാളത്തിൽ എഴുതണമെങ്കിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന് ഡിപ്പാർട്ട്മെന്റ് ഹെഡിന്റെ മുൻകൂർ സമ്മതം വേണം. ഡൽ ഹിക്ക് കത്തയച്ച് അനുവാദം വാങ്ങി കൃഷ് ണവാര്യർക്ക് ലേഖനം അയച്ചുകൊടു ത്തു.കൃഷ്ണവാര്യർ അല്ലേ ആള് .അദ്ദേഹം സുഗതകുമാരിയുടെ കവിത കിട്ടിയാലും തി രുത്തും. എന്റെലേഖനത്തിന്റെ ഒടുക്കം കൃ ഷ്ണവാര്യർ ഇങ്ങനെ എഴുതി. 'ഈ ഒബ് സർവേറ്ററിയിൽ അകത്തെ ഉപകരണങ്ങളും വന്നുചേരുന്ന മനുഷ്യരുടെ പ്രതിഭയും കൂ ടി ഉപയോഗിക്കുകയാണെങ്കിൽ ഒരു പാട് നല്ല കാര്യങ്ങൾ ഇന്ത്യയിൽ ചെയ്യാൻ കഴി യും.' ഇത് അധികാരികൾക്ക് ഇഷ്ടപ്പെട്ടില്ല. അതിനെ തുടർന്ന് അവർ എന്നോട് വിശദീ കരണം ആവശ്യപ്പെടുകയും എന്നെ പൂന യിലേക്ക് സ്ഥലമാറ്റം ചെയ്യുകയും ചെയ്തു. ആ കാരണം കൊണ്ട് അക്കൊല്ലത്തെ അ ക്കാദമി അവാർഡ് വാങ്ങാൻ ലീവ് പോലും തന്നില്ല.

**12) ഉറൂബിന്റെ' ഉമ്മാച്ചു' കാരണം ക്ലാ സിൽ വൈകിയെത്തിയതിന് അദ്ധ്യാപക ന്റെ കയ്യിൽ നിന്നും വഴക്ക് കേട്ടിട്ടുണ്ട് എ ന്ന് വായിക്കുകയുണ്ടായി. ആ ഓർമ്മ ....**

ഞാൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് ആ സംഭവം. എല്ലാ ബുധനാഴ്ചയും ചമ്രവട്ടം കടവത്ത് ഒരു ബസ്സിലാണ് മാതൃഭൂമിയും മറ്റു ആഴ്ചപതിപ്പുകളും വരിക. ബുധനാഴ്ച ദിവസങ്ങളിൽ രാവിലെ ആഴ്ചപ്പതിപ്പ് വാങ്ങി 'ഉമ്മാച്ചു 'വായിച്ച് കഴിഞ്ഞതിനുശേഷമാണ് ഞാൻ സ്ക്കൂളിലേക്ക് പോകുന്നത്. എല്ലാ ആഴ്ചകളിലും ഇക്കാരണത്താൽ വൈകുന്നത് പതിവായി. അദ്ധ്യാപകൻ ഒരു ദിവസം കാരണമന്വേഷിച്ചപ്പോൾ, 'ഉമ്മാച്ചു 'വരാൻ വൈകീ എന്നു പറഞ്ഞു.' 'മുട്ടേന്നു വിരിഞ്ഞില്ല അവന്റെ ഒരു ഉമ്മാച്ചുന്ന് 'പറഞ്ഞ് ഒരടിയും തന്ന് ക്ലാസിൽ നിന്ന് പുറത്താക്കി. വീട്ടിൽ ചെന്ന് അച്ഛമ്മയോട് കരഞ്ഞ് കാര്യങ്ങൾ പറഞ്ഞു. പിന്നീട് പി.സി. കുട്ടി കൃഷ്ണൻവീട്ടിൽ വന്നപ്പോൾ അച്ഛമ്മ കാര്യങ്ങൾ പറയുകയും അദ്ദേഹം അദ്ധ്യാപകനോട് സംസാരിക്കുകയും ചെയ്തു. അപ്പോഴാണ് അദ്ധ്യാപകന് മനസ്സിലാവുന്നത് ഉമ്മാച്ചു ഒരു നോവലാണെന്ന് .....

**13) മലയാള സാഹിത്യത്തിൽ ഇന്നും പുതുമ ചോരാതെ നിൽക്കുന്ന എഴുത്തുകാരനാണല്ലോ ഉറൂബ് ... അദ്ദേഹം എഴുത്തിനെ സ്വാധീനിച്ചിട്ടുണ്ടോ? .....**

തീർച്ചയായും.. ആദ്യത്തെ രണ്ടു പുസ്തകങ്ങളിലും ആ സ്വാധീനം ഉണ്ട് . അത് വളരെ പ്രകടവുമാണ്.ഒരിക്കൽ ഉറൂബ് കോഴിക്കോട് ആകാശവാണിയിൽ സ്പോക്കൺ വേഡിൽ ലേഖനം എഴുതി അവതരിപ്പിക്കാൻ വേണ്ടി വിളിച്ചു. അവതരണത്തിനു ശേഷം എന്നോട് ഇങ്ങനെ പറയുകയുണ്ടായി. 'എന്നെ പോലെ എഴുതാൻ ഞാൻ മതി'. സയൻസല്ലേ പഠിക്കുന്നത് .ആ വഴിക്ക് പോയ്ക്കൊ .... പിന്നെ, വിദ്വാൻ കെ പ്രകാശത്തിന്റെ മഹാഭാരതം ഒരു പത്ത് പ്രാവശ്യമെങ്കിലും വായിക്കണം .ഞാൻ ശരിയെന്നുപറഞ്ഞു . അതനുസരിച്ച് പ്രവർത്തിക്കുകയും വായിക്കുകയും ചെയ്തു.

**14) കൃതികളിൽ പലതും വള്ളുവനാടൻ ഗ്രാമവും അതേ സമയം മഹാനഗരങ്ങളും മാറി മാറി വരുന്ന പശ്ചാത്തലങ്ങൾ കാണാറുണ്ട് ..... അതിനെക്കുറിച്ച് ..........**

ഞാൻ നമ്മുടെ നാടിന്റെ സാമൂഹിക സാംസ്ക്കാരിക ചരിത്രം എഴുതുകയായിരുന്നു. നോവൽ നവകത്തിലെ മൂന്നു പുസ്തകങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ കഥയാണ്. അടുത്ത മൂന്നെണ്ണം ഇന്ത്യ ചരിത്രത്തിൽ വന്നിട്ടുള്ള സാമ്പത്തിക സാമൂഹിക സാംസ്ക്കാരിക മാറ്റങ്ങൾ ഉൾകൊള്ളുന്നവയാണ്. ബാക്കിയുള്ള മൂന്നെണ്ണം ഇന്ത്യൻരാഷ്ട്രീയത്തിൽ വന്നിട്ടുള്ള അടിയന്തിരാവസ്ഥ കാലത്തെക്കുറിച്ചും ദാർശനികവുമായിട്ടുള്ള കാര്യങ്ങളുമാണ് . അതുകൊണ്ട് തന്നെ ഗ്രാമങ്ങളും നഗരങ്ങളും നോവലുകളിൽ കടന്നുപോയിട്ടുണ്ട്.

**15) മലയാള ഭാഷാപിതാവിന്റെ കാലത്തേയും ജീവിതത്തെയും കുറിച്ചുള്ള കൃത്യവും സൂക്ഷ്മവുമായുള്ള വിവരണമാണല്ലോ 'തീക്കടൽ കടഞ്ഞ് തിരുമധുരം ' എന്ന പുസ്തകം. എഴുത്തച്ഛനോട് ഇത്രയും ഇഷ്ടം തോന്നാൻ കാരണം .?'**

അതൊരു ജന്മദൗത്യമായി വന്നുപ്പെട്ടതാണ്. കുട്ടിക്കാലത്തു തന്നെ അദ്ദേഹത്തെ കുറിച്ചുള്ള പുരാവൃത്തങ്ങൾ അറിഞ്ഞിരുന്നു .ഞാൻ എന്ത് തെഴിലിനു പോയാലും back to square one" എന്ന പോലെ അതിലേക്ക് തന്നെ തിരിച്ചു പോകും . എഴുത്തച്ഛനെക്കുറിച്ച് എഴുതാൻ തീരുമാനിച്ചപ്പോൾ ആദ്യം പോയി കണ്ടത് എന്റെ ഗുരുവായ ഡോ. എം.ജി എസ് നാരായണനെ ആയിരുന്നു. എനിക്കിങ്ങനെ ഒരു ചരിത്രമെഴുതണമെന്നൊരാഗ്രഹമുണ്ടെന്നറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'തുഞ്ചത്ത് രാമാനുജനെഴുത്തച്ഛനെക്കുറിച്ച് ഒരു വിവരവും കേരള ചരിത്രത്തിലെവിടെയും പരാമർശിക്കപ്പെട്ടിട്ടില്ല. താൻ എന്താണോ അന്വേഷിച്ച് കണ്ടെത്തുന്നത് അതാണ് തുഞ്ചത്ത് എഴുത്തച്ഛന്റെചരിത്രം'. അങ്ങനെ ഞാൻ അദ്ദേഹം ജനിച്ചതും വളർന്നതും ആയ സ്ഥലങ്ങളിലെല്ലാം പോയി വിവരങ്ങൾ ശേഖരിക്കാൻ തുടങ്ങി.നാല് മുത്തശ്ശൻ തലമുറ മുമ്പത്തെ കാര്യമാണ്. ഫോക്ക് ഹിസ്റ്ററി ഒന്നും തെറ്റാനും സാധ്യതയില്ല.' തനിക്ക് എഴുത്തച്ഛന്റെ എല്ലാ കൃതികളും എത്ര തവണ വായിക്കാൻ പറ്റോ , അത്രയും തവണ വായിക്കുക. വായിച്ചതിന്റെ വെളിച്ചത്തിൽ ഇരുന്ന് ധ്യാനിക്കുക' എന്ന ഉപദേശം കെ പി.നാരായണ പിഷാരോടി മാഷും തന്നു . അങ്ങനെയുള്ള നിരന്തരമായഅന്വേഷണങ്ങൾക്കും ശാസ്ത്രീയമായ നിരീക്ഷണങ്ങൾക്കും ശേഷമാണ് ആ പുസ്തകം പിറവിയെടുത്തത്.

**16) തീക്കടൽ കടഞ്ഞ് തിരുമധുരത്തെ സംബന്ധിച്ച് ഏറെവിമർശനങ്ങളും ഏറ്റു വാങ്ങിയല്ലോ......**

കൃതിയെ കുറിച്ചല്ല വിമർശനമുണ്ടായത്. എഴുത്തച്ഛൻജാതിയെക്കുറിച്ചാണ് .

ഞാൻ ആ പുസ്തകം എഴുതുന്ന കാലത്ത് എഴുത്തച്ഛനെന്നൊരു ജാതിയുണ്ടോ എന്നു പോലും എനിക്കറിയില്ലായിരുന്നു.. തൃശൂരു ള്ള എഴുത്തച്ഛൻ സമുദായത്തിൽപ്പെട്ടവർ എന്നെ നിശിതമായി വിമർശിക്കുകയും അ തിലൊരു രാഷ്ട്രീയ ചായ്‌വുണ്ടാക്കുകയും ചെയ്തു. അവർ ഉമ്മൻ ചാണ്ടി സർക്കാരി നെ പോയി കണ്ട് ആ വർഷത്തെ എഴുത്ത ച്ഛൻ പുരസ്ക്കാരം എനിക്ക് നൽകാതിരി ക്കാൻ പരമാവധി പരിശ്രമിക്കുകയും ചെ യ്തു. പിന്നീട് പിണറായി സർക്കാർ വന്ന പ്പോഴാണ് എനിക്ക് ആ അവാർഡ് ലഭിച്ച ത്.

**17) സിനിമയിലേക്കു തിരിയാനുണ്ടായ കാരണം?. സിനിമാനുഭവങ്ങൾ?**

ഞാൻ പൂനയിൽ ജോലി ചെയ്യുന്ന കാലത്ത് അവിടെ പ്രഭ സ്റ്റുഡിയോ എന്ന പേരിൽ രാജ്കപൂറിന്റെ ഒരു സ്റ്റുഡി യോ ഉണ്ടായിരുന്നു. അതിന്റെ മൂലയിലാണ് പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അപ്പോൾ തുട ങ്ങുന്നത്. അവിടെ പ്രത്യേകിച്ച് സ്റ്റാഫ് ഒ ന്നും ഇല്ല . അവിടെ വി.കെ നായർ , വി ആർ നാഥ് തുടങ്ങിയവരുടെ കൂടെ സിനിമ കൾ കാണുമായിരുന്നു ചാർളി ചാപ്ലിൻ സി നിമ തുടങ്ങി പഴയകാലത്തേയും അക്കാല ത്തേയും ഒരു പാട് സിനിമകൾ കണ്ടത്. അ വിടെയിരുന്നാണ് .അന്നാണ് സിനിമ എന്ന കൊതുക് ആദ്യമായി കടിച്ചതെന്ന് പറയാം.

**18 )സി.രാധാകൃഷ്ണൻ എന്ന സംവി ധായകനെക്കുറിച്ച് .....**

പൂനയിൽ നിന്ന് ഡൽഹിക്ക് വന്നപ്പോൾ ഒരു ദിവസം സിനിമ നടൻ മധു എന്നെകാ ണാൻ വരികയുണ്ടായി. അദ്ദേഹം 'കൂടെ താമസിക്കുകയും, അദ്ദേഹത്തിന്റെ നോവ ലിന് ഒരു തിരക്കഥ എഴുതാൻ ആവശ്യപ്പെ ടുകയും ചെയതു.. അങ്ങനെ മധുവിന്റെ സം വിധാനത്തിലും എന്റെ തിരക്കഥയിലും ആ ണ് 'പ്രിയ' എന്ന സിനിമ ജനിച്ചത്. പിന്നീ ടാണ് സംവിധാനത്തിലേക്ക് തിരിയുന്നത് . മലയാളത്തിലെ ആദ്യത്തെ ഇന്ത്യൻ പനോ രമാ ഫിലിം ആയ 'അഗ്നി' അക്കാലത്ത് ഉ ണ്ടായതാണ്. 'പുഷ്യരാഗം ', 'കനലാട്ടം ' 'ഒറ്റയടിപ്പാതകൾ 'എന്നീ സിനിമകളും പി ന്നാലെ സംഭവിച്ചു. കുറേയേറെ സിനിമ കൾക്ക് തിരക്കഥയും രചിച്ചു.

**19) മാദ്ധ്യമം വീക്ഷണം മനോരമ എ ന്നീ പത്രങ്ങളിൽ പ്രവർത്തിച്ച താങ്കൾ പ ത്രപ്രവർത്തനം കർമ്മമണ്ഡലമാക്കിയ വ്യ ക്തിയാണ്. ഇന്നത്തെ പത്രപ്രവർത്തനങ്ങ ളിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?..**

കാലത്തിനനുസരിച്ച് എല്ലാം മാറി ല്ലേ .... ഓരോ നേതാക്കളും പ്രസ്ഥാനവും മാറുന്നതനുസരിച്ച് ..നില്പും നടപ്പും മാറി ല്ലേ... വർഗ്ഗീയതയും ഡിവിഷനും വർദ്ധി ച്ചു വരുന്നു. അതിനനുസരിച്ച് മാറ്റങ്ങൾ ഉ ണ്ടാവുന്നു ....

**20) മൂന്ന് വിപ്ലവ പ്രസ്ഥാനങ്ങളുടെ കഥയായ മൂന്നു പുസ്തകങ്ങളെക്കുറിച്ച് ......**

മനുഷ്യനു സമൂഹത്തിൽ എങ്ങനെയെ ല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും എന്ന തിനെക്കുറിച്ചുള്ള അന്വേഷണങ്ങളാണ് ആ മൂന്നു പുസ്തകങ്ങൾ. ശാസ്ത്രമാണല്ലോ, ലോകത്ത് എല്ലാ നല്ലതും ചീത്തയും ഉണ്ടാ ക്കുന്നത്. അപ്പോൾ ശാസ്ത്രജ്ഞൻമാർ വി ചാരിച്ചാൽ ലോകത്ത് ഒരുപാട് പരിവർത്ത നങ്ങൾ വരുത്താൻ കഴിയും. അതിന്റെ പ രീക്ഷണങ്ങളാണ് 'സ്പന്ദമാപിനികളെ നന്ദി ' .അത് നടക്കില്ല എന്ന്തീർച്ചയായി .പി ന്നെ ഉള്ളതാണ് ജനകീയ വിപ്ലവം .അതാ യത് 'മുൻപേ പറക്കുന്ന പക്ഷികൾ 'അതും ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ നട ക്കില്ലെന്ന് തോന്നിയതിനുശേഷമാണ് അടി യന്തിരാവസ്ഥക്കാലത്തെ കുറിച്ചുള്ള 'നിറ കൺചിരി ' എന്ന പുസ്തകം ഉണ്ടായത്. എന്റെ മനസ്സിലുള്ള അന്തിമ പരിഹാരം അ താണ് . .

**21) മലയാളത്തിലെ ഏറ്റവും പുതിയ നോവലിസ്റ്റുകളുടെ ഭാഷ പലതും വായ നയെ ത്രസിപ്പിക്കുന്നില്ലെന്നും അതുകൊ ണ്ട് വായന പൂർത്തിയാക്കാൻ കഴിയുന്നി ല്ലെന്നും ഈയിടെ എം.ടി പറയുകയുണ്ടാ യി. സമകാലിക നോവൽ രചനകളെ എ ങ്ങനെ വീക്ഷിക്കുന്നു ?......**

പുതിയ പുസ്തകങ്ങളെല്ലാം ഒരു പാ ട് വൈവിധ്യം നിറഞ്ഞതും പലതിലും നല്ല ആഖ്യാനഭാഷയുമുണ്ട്.. അദ്ദേഹം ചില പ്പോൾ അവ കണ്ടിട്ടുണ്ടാവില്ല.. പ്രായമാവു മ്പോൾ എല്ലാം കാണാൻ പറ്റില്ലല്ലോ. ഇ പ്പോൾ സ്വാഭാവികമായിട്ടും എനിക്കും വാ യിക്കാൻ പ്രയാസമുണ്ട്. അപ്പോൾ അ ദ്ദേഹത്തിന്റെ കാര്യം അറിയാമല്ലോ. അദ്ദേ ഹത്തിന് എന്നേക്കാൾ ഇത്തിരി പ്രായം കൂ ടും .

**22) താങ്കളുടെ എഴുപത്തഞ്ചാമത്തെ നോവലാണ്' കാലം കാത്തുവെക്കുന്നത് '.. ആ കൃതിയുടെ പ്രസക്തി ?..**

പ്രായമാവുമ്പോൾ, നമ്മുടെ കാലം കഴി

ഞാൽ, എന്താണ് ഉണ്ടാവുക എന്നൊരു ചിന്തയുണ്ടായിരുന്നു. കുട്ടിക്കാലത്ത്, നമ്മളെല്ലാം ചിരഞ്ജീവികളായതുകൊണ്ട് അങ്ങനെ ഒരു ചിന്ത ഉണ്ടാവില്ല. എനിക്ക് അറിയാവുന്ന സയൻസും സോഷ്യോളജിയും വച്ചിട്ട് ഒരു രൂപമുണ്ടാക്കിയതാണ് ആ കൃതി.എല്ലാം കൊണ്ടും മനുഷ്യൻ അവന്റെ പ്രശ്നങ്ങൾ പരിഹരിക്കും എന്നാണെന്റെ വിശ്വാസം .

**23 ) KLF തുടങ്ങിയ സാഹിത്യോത്സവങ്ങൾ ഇന്ന് വ്യാപകമാണല്ലോ... ഇത്തരം സാഹിത്യോത്സവങ്ങൾ സാഹിത്യത്തിന് ഗുണകരമാണോ? ......**

എഴുത്തുകാർക്കു തമ്മിൽ കാണാനും പരിചയപ്പെടാനുമുള്ള ഒരു വേദിയാണ് ഇത്തരം സാഹിത്യോത്സവങ്ങൾ. പലരും എഴുതുന്നുണ്ട് എന്ന ബോദ്ധ്യം വരുമല്ലൊ . മറ്റുള്ളവരുടെ കൃതികൾ നല്ലതോ ചീത്തതോ എന്ന് നോക്കാൻ ഉത്സാഹം തോന്നിയാൽ അത് നമ്മുടെ അറിവിലേക്ക് മുതൽ കൂട്ടായി മാറും. പക്ഷെ നടത്തുന്നവരുടെ ഉദ്ദേശമതൊന്നുമാവില്ല

**24). ഇന്ത്യൻ ദേശീയ ചലച്ചിത്രമേളയുടെ അവാർഡ് കമ്മിറ്റിയുടേയും ഇന്ത്യൻ പനോരമ ചലച്ചിത്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയുടേയും അംഗമായി പ്രവർത്തിച്ചിട്ടുണ്ടല്ലോ...ആ അനുഭവങ്ങൾ .......**

എല്ലാ പുരസ്ക്കാരങ്ങളും ആത്യന്തികങ്ങളല്ല. വൈയക്തികങ്ങളാണ്. വ്യക്തിനിഷ്ഠമാണ്. കലയുടെ കാര്യത്തിൽ നിയാമകശക്തി എന്നൊന്നും പറയാനില്ല. ഫുട്ബോൾ കളിക്ക് അതിന്റേതായ നിയമങ്ങൾ ഉണ്ട്. എന്നാൽ കലയിൽ നിയമം തെറ്റിച്ച് കളിക്കുന്നവനുമാത്രമേ നന്നായി കളിക്കാൻ പറ്റൂ . ചുരുക്കി പറഞ്ഞാൽ നിശ്ചയിക്കുന്ന ആളുടെ വലിപ്പമാണ് പുരസ്ക്കാരത്തിന്റെ വലിപ്പം.

**25) മാതൃഭൂമി അവാർഡ് കിട്ടിയതിന് പിന്നിലൊരു കഥയുണ്ട് എന്നു കേട്ടിട്ടുണ്ട്......**

മാതൃഭൂമി അവാർഡിന് പുസ്തകങ്ങൾ ക്ഷണിച്ചപ്പോൾ നൂറ്റി ഇരുപതോളം നോവൽ വന്നു. എൻ.വി കൃഷ്ണവാര്യർ അതിൽ നാല്പതെണ്ണം വീതം മൂന്നുപേർക്ക് അയച്ചു കൊടുത്തു. (ഒന്ന്, കുറ്റിപ്പുഴ കൃഷ്ണ പിള്ള ,രണ്ട് എസ് കെ പൊറ്റക്കാട് ,മൂന്നാമത്തെയാളുടെ പേര് ഞാൻ പറയില്ല) ഇവർ മൂന്നുപേരും കൂടി അത് വായിച്ച് അതിൽ നിന്ന് അഞ്ചെണ്ണം വീതം തിരഞ്ഞെടുത്ത് കൃഷ്ണവാര്യർക്ക് അയച്ചു കൊടുത്തു. അദ്ദേഹം ഇവർ മൂന്നുപേരേയും വിളിച്ച് ഒരു ലോഡ്ജിൽ താമസിപ്പിച്ചു. ഓരോരുത്തരും വായിക്കാത്ത പത്ത് പുസ്തകങ്ങൾ വായിക്കണമല്ലൊ. അത് കഴിഞ്ഞ് മാതൃഭൂമി ഓഫീസിൽ അന്തിമ തീരുമാനത്തിനായ് ഒരു മീറ്റിങ് വിളിച്ചു. കേശവമേനോൻ



അദ്ധ്യക്ഷനും കൃഷ്ണവാര്യർ സെക്രട്ടറിയും , പിന്നെ ഈ മൂന്ന് ജഡ്ജിമാരും .അവാർഡ് തീരുമാനത്തിന്റെ കാര്യത്തിലേക്ക് കടന്നപ്പോൾ മൂന്നാമത്തെ ആൾ പറഞ്ഞു. 'അതിനിപ്പൊ ഇത്ര ആലോചിക്കാനൊന്നും ഇല്ല .എന്റെ വീട്ടിന്റടുത്തൊരു പെൺകുട്ടിയുണ്ട്. അവൾക്ക് കൊടുക്കാം' .പൊറ്റക്കാട് സ്വതവെ അഭിപ്രായം പറയാത്ത ആളാണ്. മൂപ്പർ മിണ്ടാതിരുന്നു. അങ്ങനെ ഒരു തീരുമാനമെടുക്കുമെന്ന അവസ്ഥയായപ്പോൾ കൃഷ്ണവാര്യർക്കൊന്നും പറയാൻ പറ്റാത്ത അവസ്ഥയായി . കുറ്റിപ്പുഴ കൃഷ്ണപ്പിള്ള തന്റെ രണ്ടാം മുണ്ട് എടുത്ത് ചുമലിലിട്ട് പോകാനൊരുങ്ങിക്കൊണ്ട് ഇങ്ങനെ പറഞ്ഞു.' ഒന്നുകിൽ നമ്മൾ ഒക്കെ കൂടി മാർക്കിട്ടത് കൂട്ടിയിടുക.അല്ലെങ്കിൽ ഈ രക്തത്തിൽ എനിക്ക് പങ്കില്ല'. കുറ്റിപ്പുഴ പോയാൽ സംഭവം നാളത്തെ പത്രത്തിൽ വരുമെന്നുറപ്പാണ്. അതിനെ തുടർന്നാണ് അവാർഡ് എനിക്ക് കിട്ടുന്നത് .ഇതൊന്നും ഞാനറിത്തിരുന്നില്ല. പിന്നീട് ഒരിക്കൽ നോർത്ത് റെയിൽവെ സ്റ്റേഷനിൽ വണ്ടി കാത്തു നിൽക്കുന്ന സമയത്ത് പൊറ്റക്കാടാണ് ഈ കഥ എന്നോട് പറയുന്നത്. ഞാൻ ഈ സംഭവം ശരിയാണൊ എന്നറിയാൻ എൻ വി കൃഷ്ണവാര്യരുടെ അടുത്ത് ചെന്ന് അന്വേഷിച്ചു. ശരിയാണെന്ന് പറഞ്ഞ് അദ്ദേഹം ഒരു ചിരി ചിരിച്ചു. എന്നാൽ അതിനു ശേഷം കുറ്റിപ്പുഴ കൃഷ്ണപിള്ളയെ പല തവണ കണ്ടെങ്കിലും ഒരിക്കലും അദ്ദേഹം ഇത് പറഞ്ഞിട്ടില്ല.

**26) ശാസ്ത്രജ്ഞന്റെ സത്യദർശനവും സാഹിത്യകാരന്റെ സ്നേഹദർശനവും ജീവിതത്തിലെ നിയോഗമായി ഏറ്റെടുത്തിട്ടുള്ള നോവലിസ്റ്റാണ് .... ഇതിൽ ഏതിനോടാണ് കൂടുതൽ ഇഷ്ടം ?.....**

ഒന്നില്ലാതെ മറ്റേത് എന്റെ കാര്യത്തിൽ നിലനിൽക്കില്ല. രണ്ടിലായാലും പുതിയൊരു ചേരുവയാണ് ഉണ്ടാക്കുന്നത്. ഒന്ന് വൈകാരികമാണെങ്കിൽ മറ്റേത് വസ്തുതയാണ്.

**27) ശതാഭിഷിക്തനായ താങ്കൾക്ക് പുതിയ തലമുറയിലെ എഴുത്തുകാരോട് എന്താണ് പറയാനുള്ളത് .?...**

"ഉള്ളിൽ നിന്നേ എഴുതാവു ..... ആത്മനിഷ്ഠത പ്രധാന ഘടകമാണ്. എന്നെ സംബന്ധിച്ചിടത്തോളം എഴുത്തല്ലാതെ എനിക്ക് വേറൊരു വരുമാനം ഇല്ല. എഴുത്തല്ലാത്ത വരുമാനം കൊണ്ട് ഞാൻ ജീവിക്കുകയില്ല. സമ്മാനം കിട്ടുന്ന കാശ് പോലും ഞാൻ എടുക്കാറില്ല. എന്നാണ് എഴുത്ത് കൊണ്ട് ജീവിക്കാൻ പറ്റാതെ വരുന്നത് അന്നെനിക്ക് ജീവിക്കാൻ അർഹതയില്ലെന്നാണെന്റെ വിശ്വാസം'. നമ്മൾ ആത്മാർത്ഥത കാണിച്ചാൽ വായനക്കാർ നമ്മളെ കാത്തു കൊള്ളും.

**28) ഹൃദയം നിറഞ്ഞ് കവിയുന്നുണ്ട് നിറഞ്ഞ ഈ പുഞ്ചിരി ... ഈ ലാളിത്യത്തിന്റെ പ്രകാശം ..... എങ്ങനെയാണ് മറ്റുള്ള വരിലേക്കും ഈ വെളിച്ചം പകർത്താൻ സാധിക്കുന്നത്.?....**

ഭൂമിയിലെ ഏറ്റവും വലിയ വരദാനം എന്നത് മറ്റു മനുഷ്യരാണ്. ഭൂമിയിൽ ഞാനൊരു മനുഷ്യനെ ഉള്ളുവെങ്കിൽ ഭൂമിയെ എന്തിനു കൊള്ളാം --- മനുഷ്യനെ എന്തിനു കൊള്ളാം ... എനിക്ക് പരിചയമായി കിട്ടാവുന്ന ഒരാളെ ഞാൻ അന്യനായി കണ്ടു പുറത്തു നിർത്തിയാൽ നഷ്ടം എനിക്ക് തന്നെയാണ്. അത് മനസ്സിലാക്കുന്ന ഒരു ലോകത്തേക്കാണ് 'കാലം കാത്തുവെക്കുന്നത്' പോകുന്നതായി ഞാൻ കണക്കാക്കുന്നത്.

അതിരുകളില്ലാത്ത സ്നേഹത്തിന്റെ കൂടിക്കാഴ്ച കഴിഞ്ഞിറങ്ങുമ്പോൾ കാലം കാത്തു വെക്കുന്നതിൽ പറഞ്ഞ പോലെ സ്നേഹത്തിന്റെ വസന്തം വിരിഞ്ഞ മണിക്കൂറുകളാണ് അനുഭവമായത്...... ഒറ്റവാക്കിലും ഒറ്റവരിയിലും വിശേഷിപ്പിക്കാനാവില്ല വാക്കിൽ വിരിഞ്ഞ ആ സ്നേഹ വസന്തത്തെ .... അക്ഷരങ്ങൾ പൂക്കുന്ന തറവാട്ടിലെ നിറദീപമായ വത്സലചേച്ചിയുടെ നന്മ നിറഞ്ഞ ചിരി മാത്രം മതിയായിരുന്നു അവിടെ ചില വഴിച്ച നിമിഷങ്ങളിലെ ഓരോ മധുരവും തിരുമധുരമാവാൻ ...... ഹൃദയത്തിൽ സന്തോഷവും സ്നേഹവും നിറഞ്ഞ്, അറിയാതെ നനഞ്ഞ കണ്ണുകൾ കൊണ്ട് പിന്നിലേക്ക് തിരിഞ്ഞു നോക്കിയപ്പോൾ പൂമുഖത്തുനിന്നും രണ്ടു പേരും നിറപുഞ്ചിരിയോടെ കൈവീശി യാത്രയാക്കുന്നുണ്ടായിരുന്നു. ആ കൈകൾ ഉറക്കെ ഉറക്കെ എന്നോട് ഇങ്ങനെ പറഞ്ഞു കൊണ്ടിരുന്നു .... ഇനിയും വായനക്കാരന്റെ അകക്കണ്ണിലെ തിരശ്ശീലയിൽ ഉദ്വേഗജനകമായ കൊടുങ്കാറ്റഴിച്ചു വിടാൻ ..... ഭാഷയെ കൈപിടിച്ചുയർത്താൻ .... ഉപാധികളില്ലാതെ മനസ്സ് തുറന്ന് സ്നേഹിക്കാൻ .. എന്നും മലയാളത്തിനോടൊപ്പമുണ്ട്....

●



# കെണിയിൽ യുവം ഇരകളും കുരിശേറിയ മെത്രാന്മാരും



ഫ്രാങ്കോ ലൂയിസ്

**കേ**രളം വികസന പദ്ധതികളൊന്നും നടപ്പാക്കുന്നില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കൊച്ചിയിൽ പറഞ്ഞത് ഒരു സന്ധ്യക്കായിരുന്നു. നേരം വെളുത്തപ്പോഴേക്കും തിരുവനന്തപുരത്ത് അദ്ദേഹം പറഞ്ഞത് കേരളത്തിന്റെ വികസന പദ്ധതികൾ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണെന്നാണ്. കടക വിരുദ്ധമായ നിലപാടു മാറ്റം. വികസന സന്ദേശത്തിനൊപ്പം ചില വിചിത്ര കാഴ്ചകളും കെട്ടുകാഴ്ചകളുമെല്ലാം സമ്മാനിച്ചാണ് പ്രധാനമന്ത്രി നരേന്ദ്രമോദി കേരളം വിട്ടത്.

ഇരുപത്തിനാലു മണിക്കൂറിനകം പരസ്പര വിരുദ്ധമായ പ്രസംഗങ്ങൾ വച്ചുകാച്ചാൻ സാധാരണക്കാർക്കു കഴിയില്ല. അതിനു മോദിതന്നെ വേണം. ഒരു വികസനവുമില്ലെന്ന് ആക്ഷേപിച്ചത് ബിജെപിയുടെ രാഷ്ട്രീയ സമ്മേളനത്തിലായിരുന്നു. എന്നാൽ കേരളം മാതൃകയെന്നു വിശേഷിപ്പിച്ചത് പിറ്റേന്നു സർക്കാരിന്റെ ഔദ്യോഗിക പരിപാടിയിലും.

ഇതിൽ ഏതാണു ശരി, സർ?

ഉത്തരമില്ല. സന്ധ്യക്കു പറഞ്ഞതിലെ പിഴവു മനസിലാക്കി രാവിലെ തിരുത്തിപ്പറഞ്ഞതാകും.

വികസന പദ്ധതികളുടെ ഉദ്ഘാടന മാമാങ്കത്തിനാണ് മോദി എത്തിയത്. എട്ടു മണിക്കൂറുകൊണ്ട് കാസർകോട്ടുനിന്ന് തിരുവനന്തപുരത്ത് എത്താവുന്ന വന്ദേഭാരത് അ

തിവേഗ ട്രെയിൻ, സംസ്ഥാന സർക്കാർ ആരംഭിച്ച രാജ്യത്തെ ആദ്യത്തെ വാട്ടർ മെട്രോയായ കൊച്ചി വാട്ടർ മെട്രോ എന്നിവയുടെ ഉദ്ഘാടനം, ഡിജിറ്റൽ സയൻസ് പാർക്ക്, റെയിൽ പാതകളുടേയും ഏതാനും റെയിൽവേ സ്റ്റേഷനുകളുടേയും നവീകരണം എന്നിവയുടെ ശിലാസ്ഥാപനം തുടങ്ങിയവ നിർവഹിക്കാനായിരുന്നു സന്ദർശനം. അതെല്ലാം കേമമായി നടന്നു.

## പഴുപ്പിച്ചതും വെളുപ്പിച്ചതും

പഴുപ്പിച്ചെടുത്ത ആരോപണം ഒറ്റ രാത്രി കൊണ്ടു വെളുപ്പിച്ചെടുക്കാൻ മിടുക്കനാണ് പ്രധാനമന്ത്രി നരേന്ദ്രമോദി. സന്ധ്യക്കു പറഞ്ഞതു വെളുപ്പിനു മാറ്റിപ്പറയാനാകുന്നത് ഒരു മിടുക്കുതന്നെയാണ്.

കേന്ദ്രത്തിലുള്ള ബിജെപി സർക്കാർ ആവിഷ്കരിച്ച അനേകം വികസന പദ്ധതികൾ കേരളത്തിലെ സർക്കാർ നടപ്പാക്കുന്നില്ലെന്നാണ് നരേന്ദ്രമോദി കൊച്ചിയിലെ ബിജെപി സമ്മേളനത്തിൽ ആരോപിച്ചത്. ഏതെല്ലാം പദ്ധതികളെന്നു പറഞ്ഞില്ല. ബിജെപി സർക്കാർ കയറ്റുമതി വർധിപ്പിച്ച് രാജ്യത്തിന്റെ സമ്പത്തു മെച്ചപ്പെടുത്തുമ്പോൾ കേരളത്തിൽ ചിലർ രാവും പകലും സ്വർണം കള്ളക്കടത്തു നടത്തുന്നുവെന്നാണ് മറ്റൊരു ആരോപണം. കേരളത്തിന്റെ വികസനവിഷയങ്ങൾ സംവദിക്കാനെന്ന പേരിൽ ക്ഷണിച്ചു വരുത്തിയ വിദ്യാർത്ഥികളോടാണ് ഇങ്ങനെയൊരു രാഷ്ട്രീയ പ്രസംഗം.

മുൻ ധനമന്ത്രി ഡോ. തോമസ് ഐസക് ചോദിച്ചതുപോലെ, കേന്ദ്ര സർക്കാരിന്റെ കസ്റ്റംസിനും എൻഫോഴ്സ്മെന്റിനും സ്വർണം കള്ളക്കടത്തു കണ്ടുപിടിക്കാനാകുന്നില്ലേ? കേരളത്തിലെ കേസ് മൂന്നു വർഷമായി ഇവർ അന്വേഷിക്കുന്നു. ആരാണ് സ്വർണം അയച്ചത്? ആർക്കാണ് സ്വർണം അയച്ചത്? ഇവ അന്വേഷിച്ചു കണ്ടുപിടിച്ചോ? ഇടനിലക്കാരിയെ രക്ഷിക്കാൻ ശ്രമിക്കുന്നതു ബിജെപിയും എൻഫോഴ്സ്മെന്റുംതന്നെയല്ലേ?

ഏതാണ്ട് 350 ടൺ സ്വർണം ഇന്ത്യയിൽ കള്ളക്കടത്തായി എത്തുന്നുണ്ടെന്നാണ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പ്രകാശം ചെയ്ത '2021-22 ലെ ഇന്ത്യയിലെ കള്ളക്കടത്ത്" എന്ന റിപ്പോർട്ടിൽ പറയുന്നത്. അതിൽ 37 ശതമാനവും ബർമ്മ, നേപ്പാൾ വഴിയാണ്. അവ ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ സ്വർണ രാജാക്കന്മാരുടെ കൈകളിലാണ് എത്തുന്നത്. മുഖ്യകേന്ദ്രം ഗുജറാത്താണ്. തടയാനാകാത്തത് കേന്ദ്ര സർക്കാരിന്റെ വീഴ്ചയാണ്.

പാർട്ടി സമ്മേളനത്തിൽ മോദി ഉന്നയിച്ച ആരോപണം അലക്കി വെളുപ്പിച്ചാണ് പിറ്റേന്നു തിരുവനന്തപുരത്തു നടന്ന സർക്കാരിന്റെ ഔദ്യോഗിക സമ്മേളനത്തിൽ വിളമ്പിയത്. കേരളത്തിന്റെ വികസനം മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയെന്നല്ലാതെ ആ വേദിയിൽ പ്രധാനമന്ത്രിക്കു പറയാനാവില്ല. പ്രത്യേകിച്ച് ഇന്ത്യയിൽ ആദ്യമായി കേരളം ആരംഭിക്കുന്ന കൊച്ചി വാട്ടർ മെട്രോയും ഡിജിറ്റൽ സയൻസ് പാർക്കും പോലുള്ള പദ്ധതികൾ അത്രയും ഗംഭീരമാണ്.

## യുവം ഇരകൾ

ബിജെപിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കണം. ഇതര സമുദായങ്ങളുടെ വിശ്വാസ്യത നേടണം. ഇതിനുള്ള ചർച്ചകളും പദ്ധതികളുമെല്ലാം ആവിഷ്കരിക്കുന്ന തിരക്കിലാണ് ബിജെപി. യുവതലമുറയെ ആകർഷിക്കാൻ യുവം പരിപാടി സംഘടിപ്പിക്കാൻ അങ്ങനെയാണ് തീരുമാനിച്ചത്. വിദ്യാർത്ഥികളുടെ മഹാസംഗമം എന്ന ആശയം മനോഹരംതന്നെ. ബിജെപിയോ യുവമോർച്ചയോ ഇങ്ങനെയൊരു സമ്മേളനം വിളിച്ചുകൂട്ടിയാൽ ഫലിക്കില്ല. അതിനാൽ രണ്ടു തന്ത്രങ്ങൾ പ്രയോഗിക്കാൻ തീരുമാനിച്ചു.

വെറും രാഷ്ട്രീയ സമ്മേളനമെന്ന വിവരം മറച്ചുവച്ച് കേരളത്തിന്റെ വികസന വിഷയങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി സംവദിക്കുന്ന യുവം സംഗമം എന്നു പ്രചരിപ്പിച്ച് ആളെ കൂട്ടുക. രാഷ്ട്രീയ സമ്മേളനമെന്നു തോന്നാത്ത വിധത്തിൽ ഇവന്റ് മാനേജുമെന്റ് സംഘത്തെ പണിയെല്ലാം ഏൽപിച്ചു. കേരളത്തിന്റെ യുവതയുടെ ഉജ്വല മുന്നേറ്റ പ്രസ്ഥാനമെന്നു തോന്നിപ്പിക്കുന്ന സംഘനാ പേരുമായി അവർ രംഗത്തുവന്നു. പ്രധാനമന്ത്രിയുമായി സംവദിക്കാമെന്ന പേരിൽ കോളജുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലേയും വിദ്യാർത്ഥികൾക്കിടയിൽ മാർച്ച് മാസം മുതൽ പ്രചാരണം നടത്തി. സാമൂഹ്യ മാധ്യമങ്ങളിലൂടേയും പ്രചാരണം. പങ്കെടുക്കാൻ താൽപര്യമുള്ളവർക്കു പേർ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് തുറന്നു. ലക്ഷത്തോളം പേർ രജിസ്റ്റർ ചെയ്തു.

തേവര സേക്രഡ് ഹാർട്ട് കോളജ് ഗ്രൗണ്ടിൽ ബിജെപി ഒരുക്കിയ യുവം സമ്മേളനത്തിലേക്ക് വിദ്യാർത്ഥികളെ മാത്രമല്ല കേരളത്തിലെ പൗരപ്രമുഖരേയും ക്ഷണിച്ചുവരുത്തി. പ്രധാനമന്ത്രിയുമായി സംവദിക്കാമെന്നു പറഞ്ഞായിരുന്നു ക്ഷണം. സാഹിത്യകാരനും പ്രഭാഷകനുമായ പ്രഫ. എം.കെ. സാനു, ഇത്തവണ പദ്മ പുരസ്കാരം നേടിയവർ, സിനിമാതാരങ്ങൾ, സാംസ്കാരിക നായകർ തുടങ്ങിയവരെയെല്ലാം എത്തിച്ചു. ബിജെപി സമ്മേളനത്തിനു സദസു നിറയ്ക്കാനാണു തങ്ങളെ ക്ഷണിച്ചതെന്ന വിവരം മറച്ചുവച്ച്, പ്രധാനമന്ത്രിയുമായി സംവദിക്കാനെന്ന പേരിലായിരുന്നു ഇവരെയെല്ലാം ക്ഷണിച്ചത്. പൗരപ്രമുഖരിൽ ചിലക്കു വേദിയിൽ ഓരോ കസേരയിട്ടുകൊടുത്തു. ഏതാനും യുവതാരങ്ങൾക്കും വേദിയിൽ ഇരിപ്പിടം കിട്ടി. പ്രധാനമന്ത്രിയുമായി വേദി പങ്കിടുന്നത് ചില്ലറ കാര്യമാണോ?

ഓൺലൈനിലൂടേയും സാമൂഹ്യ മാധ്യമങ്ങളിലൂടേയും ക്ഷണിച്ച ഉജ്വല യുവത്വ പ്രസ്ഥാനത്തിന്റെ വർക്കിംഗ് ചെയർമാൻ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനാണെന്ന് സമ്മേളനം തുടങ്ങിയപ്പോഴാണ് എല്ലാവർക്കും മനസിലായത്. രണ്ടു മാസം മുമ്പു തട്ടിക്കൂട്ടിയ ഈ പ്രസ്ഥാനത്തിന്റെ മറ്റു വിവരങ്ങളോ ഭാരവാഹികളുടെ പേരോ അവരുടെ തട്ടിക്കൂട്ട് വെബ്സൈറ്റിൽ ഇല്ല. ബിജെപിക്കു യുവം സമ്മേളനം നടത്താൻ മാത്രം ഓൺലൈനിൽ പടച്ചുണ്ടാക്കിയതാണ് ഈ വൈബ്രന്റ് പ്രസ്ഥാനം.

പ്രധാനമന്ത്രി നരേന്ദ്രമോദി വേദിയിൽ എത്തി. ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനാണ് അധ്യക്ഷൻ. മോദി പ്രസംഗിച്ചു. വെറും രാഷ്ട്രീയ പ്രസംഗം. നാടിന്റെ വികസനം ചർച്ച ചെയ്യുന്ന സംവാദം ഇങ്ങനെയോയെന്ന് എല്ലാവരും നെറ്റി ചുളിച്ചു. പ്രസംഗം അവസാനിച്ചാൽ സംവാദം ആരംഭിക്കുമെന്നു മോഹിച്ചവരുമുണ്ട്. മോദിയുടെ പ്രസംഗം മുക്കാൽ ഭാഗത്തോളമായപ്പോഴേക്കും സദസിനു പിറകിലുള്ളവർ എഴുന്നേറ്റു പോകാൻ തുടങ്ങി.

ചോദ്യങ്ങളെ ഭയക്കുന്ന മോദി ഒരു സംവാദത്തിനും തയാറാകാതെ സ്ഥലം വിട്ടു. സദസിനു മുൻനിരകളിൽ നിരന്നത് അമൃത വിദ്യാലയങ്ങളിലേയും ഭാരതീയ വിദ്യാഭവനുകളിലേയും ഹയർ സെക്കൻഡറി വിദ്യാർത്ഥികളാണ്. ഏതാനും കോളജുകളിലെ വിദ്യാർത്ഥികളുമുണ്ട്. സ്കൂൾ, കോളജ് ബസുകളിലാണ് ഇവരെ എത്തിച്ചത്. അതുകൊണ്ട് അവസാന നിമിഷംവരെ അവർ കാത്തിരുന്നു. അവർ പ്രതീക്ഷിച്ച സംവാദം വെറും ആവിയായി.

രാഷ്ട്രീയ സമ്മേളനത്തിന്റെ സദസു നിറയ്ക്കാൻ ഇരയാക്കപ്പെട്ടവർ. കബളിപ്പിക്കപ്പെട്ടല്ലോയെന്ന ജാള്യവുമായാണ് പൗരപ്രമുഖരും വിദ്യാർത്ഥികളും തേവര ഗ്രൗണ്ടിനോടു വിട പറഞ്ഞത്. ബിജെപി യുവാക്കളെ ചേർത്തു നിർത്തിയെന്നും പ്രധാനമന്ത്രി യുവാക്കളോടു സംവദിച്ചെന്നുമെല്ലാം വലിയൊരു വിഭാഗം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനായതിൽ ബിജെപിയുടെ തന്ത്രം വിജയിച്ചു. ഒരു വർഷത്തിനകം നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനു കളമൊരുക്കാൻ പ്രധാനമന്ത്രിയെ മുന്നിൽ നിർത്തി ബിജെപി നടത്തിയ ഈ പ്രചാരണതന്ത്രം മാത്രമാണെന്നു തിരിച്ചറിഞ്ഞവരുമുണ്ട്.

സംവാദം എന്ന വാക്കിന്റെ അർത്ഥം എന്താണാവോ? ഒരാൾ പ്രസംഗിക്കുകയും മറ്റുള്ളവർ ശ്രോതാക്കളായിരിക്കുകയും ചെയ്യുന്നതു സംവാദമാകുന്നതെങ്ങനെ? കേരളത്തിന്റെ വികസന വിഷയങ്ങൾ യുവജനങ്ങളുമായി സംവദിക്കുമെന്ന വാഗ്ദാനം യുവം സംഘാടകർ വിഴുങ്ങിക്കളഞ്ഞു. സദസിലുള്ളവരുടെ ചോദ്യങ്ങൾക്കു പ്രധാനമന്ത്രി നരേന്ദ്രമോദി മറുപടി പറയുമെന്നു പറഞ്ഞിട്ടില്ലെന്നാണ് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഇപ്പോൾ പറയുന്നത്.

## സഭകൾ വലയിൽ?

ക്രൈസ്തവ സമുദായങ്ങളെ ചേർത്തു നിർത്താൻ ബിജെപി നടത്തുന്ന അഭ്യാസങ്ങൾ എത്രയോ ഗംഭീരമാണ്. ബിജെപി ഒപ്പമുണ്ടെന്നു ക്രൈസ്തവരുടെ മനസിൽ വിശ്വാസം ജനിപ്പിക്കുന്ന നീക്കങ്ങൾ. ഈ വിശ്വാസത്തിലൂടെ കുറേ വോട്ടെങ്കിലും മറിക്കാനാകുമെന്നാണു ബിജെപിയുടെ പ്രതീക്ഷ. അങ്ങനെ സംഭവിച്ചാൽ ചോരുന്നതു കോൺഗ്രസിന്റെ വോട്ടുതന്നെ.

വിശ്വാസ സമൂഹത്തിനു മുകളിൽ വലയിട്ട വിവിധ ക്രൈസ്തവ സഭാ മേലധ്യക്ഷരെ വലയിട്ടു പിടിക്കുന്ന തന്ത്രമാണ് ബിജെപി പയറ്റുന്നത്. ഈ സഭാ മേലധ്യക്ഷരുടെ വോട്ടും പരസ്യമായ പിന്തുണയും തങ്ങൾക്കു ലഭിക്കില്ലെന്ന് ബിജെപി നേതാക്കൾക്കു നല്ല ബോധ്യമുണ്ട്. എന്നാൽ സഭാധ്യക്ഷ

രെല്ലാം ഒപ്പമുണ്ടെന്നു വിശ്വാസികൾക്കു മുന്നിൽ പുകമറയൊരുക്കി വോട്ടു നേടാമെന്നാണ് ബിജെപിയുടെ ആശ.

കൊച്ചിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി എട്ടു ക്രൈസ്തവ സഭകളുടെ മതമേലധ്യക്ഷന്മാരെ കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചു. ക്ഷണിച്ചത് പ്രധാനമന്ത്രിയുടെ ഓഫീസല്ല. ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനും ഡോ. കെ.എസ്. രാധാകൃഷ്ണനുമാണ്. പ്രധാനമന്ത്രിക്കു നിങ്ങളെ കാണാൻ താൽപര്യമുണ്ടെന്നും വരണമെന്നും അഭ്യർത്ഥിച്ചുകൊണ്ടുള്ള ക്ഷണം. അതു നിരസിക്കാൻ സഭാധ്യക്ഷന്മാർക്കു കഴിയില്ല. ഇതൊരു കുരിശായല്ലോ എന്നൊന്നും അവർ പരസ്യമായി പറഞ്ഞതുമില്ല. എട്ടു പേർക്കുമായി കൂടിക്കാഴ്ചയ്ക്കു മോദി നീക്കിവച്ച സമയം വെറും 20 മിനിറ്റാണ്. പേരു പറഞ്ഞു പരിചയപ്പെട്ടു. മോദിക്കു മെത്രാന്മാരോടു പറയാനുണ്ടായിരുന്നത് സഹകരിക്കണമെന്നു മാത്രമായിരുന്നു. ഗോവയിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ക്രൈസ്തവ സമൂഹങ്ങൾ ബിജെപിക്കൊപ്പമാണെന്നും ഇവിടേയും ഒപ്പമുണ്ടാകണമെന്നുമാണ് മോദിയുടെ ആവശ്യം.



സഭാധ്യക്ഷന്മാർ ഏതാനും കാര്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിക്കു മുന്നിൽ അവതരിപ്പിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കുമെതിരേ നടക്കുന്ന അക്രമങ്ങൾക്കെതിരേ നടപടി വേണം. കർഷകരുടേയും തീരവാസികളായ മൽസ്യത്തൊഴിലാളികളുടേയും ദളിത് ക്രൈസ്തവരുടേയും പ്രശ്നങ്ങൾ പരിഹരിക്കണം. ആവശ്യങ്ങൾ എഴുതിക്കൊടുക്കുകയും ചെയ്തു. മോദി എല്ലാം മൂളിക്കേട്ടു. മതം ഒന്നിനും തടസമാകില്ലെന്നു മറുപടി നൽകിയശേഷം തല കുലുക്കി. എന്നാൽ ശരി, പൊയ്ക്കോളൂ എന്നർത്ഥം.

അങ്ങനെ 20 മിനിറ്റു കൂടിക്കാഴ്ച പൂർത്തിയാക്കി ക്രൈസ്തവ സഭാധ്യക്ഷന്മാർ പുറത്തിറങ്ങി. പിന്നെ അകത്തു കയറിയ സിനിമാ നടന് 45 മിനിറ്റാണ് മോദി അനുവദിച്ചത്. അപ്പോഴേക്കും ബിജെപി നേതൃത്വം ക്രൈസ്തവ സഭാധ്യക്ഷന്മാർ മോദിയുമായി സംസാരിക്കുന്ന വീഡിയോയും ഫോട്ടോയും പുറത്തിറക്കി. കേരളത്തിലെ എല്ലാ ക്രൈസ്തവ സഭകളും ബിജെപിക്കൊപ്പമെന്നു പ്രചരിപ്പിക്കാനും തുടങ്ങി. ബിജെപിയുടെ മായികവലയിൽ സഭാധ്യക്ഷർ കുടുങ്ങിയെന്നും വിശ്വാസികളെയെല്ലാം അവർ താമരക്കുളത്തിലേക്ക് ആനയിക്കുകയാണെന്നുമെല്ലാം ചുരുക്കം ചിലരെങ്കിലും ധരിച്ചുവശായിട്ടുണ്ട്. ഇക്കൂട്ടർ സാമൂഹ്യ മാധ്യമങ്ങളിൽ ധാരാളം ഗീർവാണങ്ങൾ വച്ചുകാച്ചുകയും ചെയ്യുന്നുണ്ട്. ബിജെപി ആഗ്രഹിക്കുന്നതും അതാണ്.

ക്രൈസ്തവ സഭാധ്യക്ഷരുമായി കൂടിക്കാഴ്ച ഒരുക്കിയ ബിജെപി പക്ഷേ, ഹൈന്ദവ സമുദായ നേതാക്കളുമായും മുസ്ലീം സമുദായ നേതാക്കളുമായും കൂടിക്കാഴ്ച ആസൂത്രണം ചെയ്തില്ല. രാഷ്ട്രീയ നാടകത്തിനു ക്ഷണിക്കാത്തതിനും ഇരയാക്കപ്പെടാത്തതിനും എസ്എൻഡിപിയും എൻഎസ്എസും അടക്കം പ്രബലമായ സമുദായങ്ങളുടെ നേതാക്കളാരും പരിഭവം പ്രകടിപ്പിച്ചിട്ടുമില്ല.

വാർത്തകൾക്കപ്പുറത്തെ വിചിത്ര വിശേഷങ്ങളാണിതെല്ലാം. അടുത്ത വർഷം ഏപ്രിൽ, മേയ് മാസങ്ങളിൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് എത്രയോ കെണിയൊരുക്കങ്ങളിലൂടെയാണ് ബിജെപി കളമൊരുക്കുന്നത്.

●



# അമ്മയെന്ന കാവൽമാലാഖ!

**മനുഷ്യന് ഏറ്റവും ഹൃദ്യമായ ഓർമകളിൽ മുൻനിരയിലുണ്ടാകും അമ്മയെക്കുറിച്ചുള്ളവ. അമ്മ നഷ്ടപ്പെട്ടവർക്കാണെങ്കിൽ പ്രത്യേകിച്ചു പറയുകയുംവേണ്ട. അമ്മയോർമകളിൽ ഉരുകുന്ന പലതരം മനുഷ്യരുണ്ട്. അമ്മയില്ലാതെ ജീവിക്കാൻ കഴിയുന്നില്ലെന്നു കരുതുന്നവർ. ഇതാ, കേട്ടവരുടെയെല്ലാം കണ്ണുനനയിച്ച ഒരു പാട്ട്. അമ്മയെ ഓർക്കുന്ന എല്ലാവരുടെയും ഹൃദയത്തോടു ചേർന്നുനിൽക്കുന്ന പാട്ട്.. മാ... വരുന്ന പതിനാലിനാണ് ലോക മാതൃദിനം...**






തേജശ്രീ

ഞാൻ ഈ പാട്ട് ലോകത്തെ എല്ലാ അമ്മമാർക്കുമായി സമർപ്പിക്കുന്നു. അവരില്ലായിരുന്നെങ്കിൽ നമ്മളീ പ്രകാശം കാണില്ലായിരുന്നു. ഇത് എന്റെ എക്കാലത്തെയും പ്രിയപ്പെട്ട പാട്ടാണ്. എന്റെ അമ്മയ്ക്കും ഞാനീ പാട്ടു സമർപ്പിക്കുകയാണ്. അവർക്കിതു പാടിക്കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്...– ഇതു പറഞ്ഞത് വിഖ്യാത പോപ് ഗായിക ഉഷ ഉതുപ്പാണ്. ആ സമയം ഉഷ അവരുടെ മകളെ

അരികെ ചേർത്തുനിർത്തിയിരുന്നു.

ഉഷ ഉതുപ്പ് പറഞ്ഞത് താരേ സമീൻ പർ എന്ന ചിത്രത്തിലെ മേരീ മാ.. എന്ന പാട്ടിനെക്കുറിച്ചാണ്. ശങ്കർ-എഹ്സാൻ-ലോയ് ത്രയം ഒരുക്കിയ നിഷ്കളങ്കസുന്ദരമായ ഈണം വർഷങ്ങൾക്കുമുമ്പ് ആ ചിത്രം പുറത്തിറങ്ങിയ വേളയിൽ കേട്ടവരുടെയെല്ലാം കണ്ണുനനയിച്ചിരുന്നു. അത്രകണ്ടു മനസു തൊട്ട പാട്ട്!

**കൺപീലികൾ തുടയ്ക്കാൻ...**

ഡിസ്ലെക്സിയ എന്ന പഠനവൈകല്യമൂലം ഒരു എട്ടുവയസുകാരൻ അനുഭവിക്കുന്ന പ്രയാസങ്ങളുടെ കഥപറഞ്ഞതാണ് താരേ സമീൻ പർ എന്ന ചിത്രം. സംവിധാനം ചെയ്ത് മുഖ്യവേഷത്തിൽ അഭിനയിച്ചത് ആമിർ ഖാൻ ആയിരുന്നു. എട്ടുവയസുകാരനായി ദർശീൽ സഫാരിയും എത്തി. ആ കുഞ്ഞിന്റെ മനോവ്യാപാരങ്ങളിലൂടെയാണ് പാട്ട് കടന്നുപോകുന്നത്. അമ്മയോടുള്ള അവന്റെ സ്നേഹവും ഒപ്പം അവനു സ്വയമുള്ള നിസഹായാവസ്ഥയും പേടികളും പ്രസൂൺ ജോഷി എഴുതിയ മനോഹരമായ വരികളിൽ തെളിഞ്ഞുനിൽക്കുന്നു. ലളിതമായ ഈണമാണ് സംഗീതസംവിധായക ത്രയം ഒരുക്കിയത്. പാടിയത് ശങ്കർ മഹാദേവൻ സ്വയവും. ചിത്രം പുറത്തിറങ്ങിയ വേളയിൽ പലരും പറയുമായിരുന്നു, കണ്ണുതുടയ്ക്കാനുള്ള ടിഷ്യൂ പേപ്പറുകളുടെ ഒരു പെട്ടി അടുത്തുവച്ചുവേണം ഈ പാട്ടു കേൾക്കാനെന്ന്.

**കെ.കെ.യിൽനിന്ന് ശങ്കറിലേക്ക്**

ശങ്കർ മഹാദേവൻ എന്ന ഗായകന്റെ ശബ്ദത്തിൽ മാത്രം കേൾക്കാവുന്ന പാട്ടെന്ന് മനസുപറയും ഇതു കേൾക്കുമ്പോൾ. വരികളും ഗായകനും മെയ്ഡ് ഫോർ ഈച്ച് അദർ എന്നുപോലും വിശേഷിപ്പിക്കപ്പെട്ടു. എന്നാൽ മുമ്പ് മറ്റൊരു പ്രശസ്ത ഗായകന്റെ ശബ്ദത്തിൽ റെക്കോർഡ് ചെയ്യപ്പെടുകയും, പിന്നീട് ഏതെങ്കിലും കുട്ടിയെക്കൊണ്ടു പാടിക്കണമെന്നു കരുതുകയും ചെയ്തതാണ് ഈ പാട്ട്. ആ കഥ ഇങ്ങനെ:

ശങ്കർ-എഹ്സാൻ-ലോയ് ത്രയം ആദ്യം ഈ പാട്ട് ഗായകൻ കെ.കെയെക്കൊണ്ടു പാടിച്ച് റെക്കോർഡ് ചെയ്തു. അദ്ദേഹം അത് മനോഹരമായ ഭാവത്തോടെ പാടുകയും ചെയ്തു. റെക്കോർഡിംഗ് പൂർത്തിയായ ശേഷം അദ്ദേഹം അവധിക്കാലം ചെലവിടാനായി വിദേശത്തേക്കു പറന്നു. അപ്പോഴാണ് പാട്ടിൽ ചില്ലറ ചെറിയ മാറ്റങ്ങളുണ്ട്, വീണ്ടും റെക്കോർഡ് ചെയ്യണം എന്നാവശ്യപ്പെട്ട് സംഗീതസംവിധായകർ വിളിക്കുന്നത്. പക്ഷേ കെ.കെയ്ക്കു പെട്ടെന്നു മടങ്ങാൻ സാധിക്കുന്ന സ്ഥിതിയായിരുന്നില്ല. അങ്ങനെയാണ് ശങ്കർ മഹാദേവന്റെ ശബ്ദത്തിൽ പാട്ട് വീണ്ടും റെക്കോർഡ് ചെയ്തത്.

ആമിർ ഖാനു വേണ്ടി പാടണം എന്ന കെ.കെയുടെ മോഹമാണ് അതോടെ പൊലിഞ്ഞത്. അതുപോട്ടെ, എന്തായാലും ശങ്കറിന്റെ പാട്ട് മനോഹരമായിട്ടുണ്ട് എന്നായിരുന്നു കൃഷ്ണകുമാർ കുന്നത്ത് എന്ന കെ.കെയുടെ പ്രതികരണം. (കെ.കെ. കഴിഞ്ഞവർഷം പാട്ടു പാതിപാടിനിർത്തി ഈ ലോകത്തോടു വിടപറഞ്ഞു).

ഒരു കുഞ്ഞിന്റെ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്ന പാട്ട് എങ്ങനെ ഒരു മുതിർന്നയാളുടെ ശബ്ദത്തിൽ കേൾപ്പിക്കും എന്ന ചിന്തയും പിന്നീടു വന്നു. ഏതെങ്കിലും കുട്ടിയെക്കൊണ്ടു പാട്ടു പാടിക്കണമെന്ന നിർദേശവുമായി ഒട്ടേറെപ്പേരാണ് അന്നു മുന്നോട്ടുവന്നത്. വേണ്ട എന്ന തീരുമാനത്തിൽ ഞങ്ങൾ ഉറച്ചുനിന്നു- ശങ്കർ മഹാദേവൻ ഓർമിക്കുന്നു.

മുതിർന്നയാളുടെ ശബ്ദത്തിലായാലും ആ വികാരം ലോകമെങ്ങുമെത്തിക്കാനാവുമെന്ന് പാട്ടു തെളിയിച്ചു. കേട്ടവരുടെയെല്ലാം കണ്ണും മനസും നിറഞ്ഞു.

ഒരു ഗിറ്റാറിന്റെ ശബ്ദം മാത്രം പശ്ചാത്തലത്തിൽവച്ച് പാട്ടൊരുക്കുന്നതും വലിയ റിസ്ക് ആയിരുന്നുവെന്ന് ശങ്കർ മഹാദേവൻ പറയുന്നു. അതെത്രമാത്രം സുന്ദരമായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

**അമ്മയോ ദൈവമോ...**

ഉറക്കംമുടങ്ങിയതിന്റെ പേരിലും സുഖജീവിതത്തിനുവേണ്ടിയും സ്വന്തം മക്കളെ കൊല്ലുന്ന സ്ത്രീകൾ ഈ ലോകത്തുണ്ട്. അവരെ അമ്മ എന്ന ഗണത്തിൽ പെടുത്താമോ എന്നുറപ്പില്ല. കുഞ്ഞിന്റെ ലോകം അമ്മയെന്ന ബിന്ദുവിനെച്ചുറ്റിയാണ് മിക്കപ്പോഴും കറങ്ങുന്നത്. ദൈവത്തേക്കാൾ വലുതാണ് അവർക്ക് അമ്മ. അതുകൊണ്ടുതന്നെ അവനോ അവളോ പറഞ്ഞേക്കാം- അമ്മേ, എന്നെ തിരക്കിനിടയിൽ കൈവിട്ടുപോകല്ലേ.., എനിക്കു വീട്ടിലേക്കു മടങ്ങിയെത്താൻ പോലും കഴിയില്ല...

അമ്മയെ കാണാഞ്ഞാൽ കരച്ചിൽ വരുന്ന കുഞ്ഞുങ്ങളുടെ ലോകംതന്നെയാണ് ഏറ്റവും മനോഹരം.

കവിത

# ടിക്കറ്റില്ലാത്ത വണ്ടി

അതിരാവിലെ നോക്കുന്നേരം
 സ്റ്റേഷനിൽ വന്നു നിറുത്തി പോകാൻ
തിടുക്കം കൂട്ടും തീവണ്ടികണക്കെ, വീട്

ചിമ്മിനിയിൽ  നിന്നുയരുന്ന പുകച്ചു രുളിൽ
 ഉള്ളിലെ തീ കോരിയിട്ട് വേഗം
കൂട്ടുന്നെഞ്ചിൻ ഡ്രൈവറമ്മ

ചുവപ്പ് സിഗ്നലുകളിലെല്ലാം നിന്ന്
പരിഹാരത്തിൻ പച്ചക്കൊടി വീശിത്തുറക്കും -
സ്റ്റേഷൻ മാസ്റ്ററച്ഛൻ

സ്വപ്നങ്ങളുടെ ബർത്തിൽ കിടന്നാടിയാടി
ഉറങ്ങുകയല്ലോ കുഞ്ഞനുജൻ
യാത്രികനായി,

 കുന്നും, പുഴയും
മരങ്ങളും , കരിമ്പ് പാടവും കടന്നു
പായും വണ്ടിക്കിളിവാതിലിലൂടെ
പുറത്തേക്ക് നോക്കി ഇരിക്കുകയാണ് പെങ്ങൾ

മുന്നിലുള്ള തരിശ്  നിലങ്ങൾ,
മഞ്ഞു വീണ മാകന്ദങ്ങൾ
പുല്ല് പൂത്ത താഴ്വാരങ്ങൾ
താണ്ടി വണ്ടി പായുന്നുണ്ട്

 പേടി തോന്നും കാടും,
മരവും
വിജനമായ മേടും കുടിലും
പാറമൂടിയ കുന്നും, മലയും
ആള് കൂടിയ നഗരത്തിരക്കും ,
 ദുർഗന്ധികയാകും ഓടയും
 പിന്നീട്ടതിവേഗമോടും വണ്ടി

അതി സൂക്ഷ്മമിതൊക്കെയും
മറികടന്നു കുതിക്കും വീടിന്
കിതപ്പൊന്നും കാണാറില്ല,
പാളവും തെറ്റാറില്ല
 ഒരു നാളിൽ പോലുമതിൻ ചങ്ങല
അപകടപേടിയിലാരും വലിക്കേണ്ടി വന്നിട്ടില്ല

കൂകാതെ ഒച്ചയിടാതെ
കാലത്തിൻ പാളം താണ്ടി
പോകുന്നീവീടാം വണ്ടിക്കില്ലല്ലോ
ടിക്കറ്റും, ടി ടി  ആറും.



ബഷീർ മുളിവയൽ





# എന്റെ വേനൽക്കാല സന്ധ്യകൾ



ലേഖ കാക്കനാട്ട്

അവൾ അങ്ങനെയാണ്..
ഉത്തരായനസൂര്യന്റെ
നേർരശ്മികളാൽ
പൊള്ളലേറ്റ
എന്റെ മുറിവിൽ
ഉപ്പുപുരട്ടുന്നവർ

ഉഷ്ണ കാറ്റിൽ
ആഞ്ഞു വലിക്കുന്ന
എന്റെ നിശ്വാസങ്ങളുടെ
പൊരുളറിയാത്ത
ഉൺമ തേടുന്നവ4

ഒടുവിൽ
കുളിരുള്ള
അന്ധകാരത്തെ
എനിക്കായൊരുക്കി
തിരശീല ക്കു പിന്നിൽ
മറയുന്നവർ

അവരില്ലാതിരുന്നെങ്കിൽ
വരണ്ട കാലത്തിന്റെ
വന്യമായ ദാഹത്താൽ
ഞാനെന്നേ
ഉണങ്ങികരിഞ്ഞേനേ....

കവിത

# ചതിക്കൂട്

രാത്രി.
നിലാവ് പൊഴിയുന്ന ഓർമ്മകളെ
താഴിട്ടു പൂട്ടി
ഇന്നിന്റെ കമ്പളത്തിൽ
ചുരുണ്ടു കിടന്നവൾ
ഇന്നലെകളിലേക്ക്
കണ്ണുകൾ അടച്ചു.

ഇമകൾക്കുള്ളിൽ
പൂത്തുവിടർന്നത്
കൊതിതീരാതെ കടന്നുപോയ
പാട്ടുപാവാട ബാല്യം.
കുപ്പിവള കിലുക്കത്തോടെ
ഉണർന്നു തുള്ളുന്ന
ഈറൻ കാറ്റിൻ കൗമാരം.
ആഴക്കടലിൻ നീലിമ
കണ്ണിലുറഞ്ഞു കൂടിയ
മഴമേഘത്തുമ്പിതൻ യൗവ്വനം.



എ. കെ. അനിൽകുമാർ

വീണ്ടും
പൊള്ളും അടുക്കളച്ചുമരുകൾക്കുള്ളിൽ
വേവും ചതിയുടെ രുചിക്കൂട്ടിൽ പിടഞ്ഞ്
ആറിത്തണുത്ത പൊയ്മുഖം കഴുകി
പൊടിമൂടിയ മനസ്സിൻ കിളിവാതിൽ
ഇരുമ്പു സാക്ഷയാൽ ബന്ധിച്ച്
പലജന്മ ദുരിതങ്ങൾ
ഉച്ചിയിൽ വാരിക്കെട്ടി
ഒരു പകലിനെക്കൂടി
കുടിച്ചു വറ്റിച്ച്
വീണ്ടും വീണ്ടും വഞ്ചിക്കപ്പെടുന്നൊരു
ഈയാംപാറ്റയുടെ ചിറകു തുന്നി
അവൾ കാത്തിരിക്കുന്നു
കണ്ണുചിമ്മിത്തുടിക്കും
കപട വെട്ടത്തിൻ
ഹൃദയത്തുടിപ്പിനെ.



# മരണം



ജിജി.കെ.



കവിത

ജീവിതം പൊള്ളിപ്പിടഞ്ഞൊരു
പെരുമഴയത്താണ്
കാലത്തിന്റെ
ഇരുൾവീഴ്ചയിലൂടെ
മെല്ലെ മരണത്തിലേക്കിറങ്ങിനടന്നത്.
ഇനിയും ജീവിച്ചു കൊതിതീരാതെ ആത്മാവ്
വരണ്ട തൊണ്ടക്കുഴിയിലൂടെയിറങ്ങി
നിസ്സഹായയായി മാറിനിന്നു.
ഒരു പകലറുതിയുടെ
മുനമ്പിൽനിൽക്കുന്ന
ഭൂമിയുടേതുപോലെ
നിർവ്വികാരതയായിരുന്നു
ശവത്തിനും ആത്മാവിനും.
അന്നേരം!
അടക്കംചെയ്യാമെന്ന്
ആരോപറഞ്ഞ മാത്രയിൽ
ശരീരം പിടഞ്ഞെഴുന്നേല്ക്കാൻ
പലവട്ടം ശ്രമിച്ചതാണ്.
നിലവിളികൾ കേട്ട്
തിരികെച്ചെന്ന്
പിടിച്ചെടുന്നേൽപ്പിയ്ക്കാൻ
കഴിയാതെ
ആത്മാവുതേങ്ങുമ്പോൾ
അതാരും അറിഞ്ഞിരുന്നില്ല.
നിരാലംബമായ വ്യസനം
ആരും കേൾക്കുന്നുണ്ടായിരുന്നില്ല.
ഒടുവിൽ ,പട്ടടയിലേക്ക്
എടുക്കാൻ തീരുമാനമായി.
ചമതകൾക്ക് തീ കൊളുത്താൻ
തുടങ്ങവെ,
മിഴിമുനയിൽനിന്ന്
ഉതിർന്നുവീണ
ഒടുവിലത്തെ
കണ്ണുനീർത്തുള്ളികൾ
ആരും കണ്ടില്ല.
പുണരുവാൻ വെമ്പിനിന്ന
തീനാളങ്ങൾ
നഗ്നപാദങ്ങളെയാണ്
ആദ്യം തൊട്ടുതലോടിയത്.
ഇഷ്ടങ്ങളുടെ
അനന്തതയിലേക്ക് കുതിയ്ക്കാൻ
കൊതിച്ചിരുന്ന കാലിൽ,
മിഞ്ചിയിൽ തീയേറ്റുരുകിയപ്പോൾ
അത് പടർന്നിറങ്ങിയത്
ശരീരത്തിലേക്കാണ്.
അപ്പോൾ,
ആത്മാവു വീണ്ടും വിഷാദിയായി.

എന്തേ മിഞ്ചി ആരും
ഊരിമാറ്റിയില്ല.
കണ്ണിൽ അഗ്നിനാളങ്ങൾ
ഒരു ഹോമച്ചുരുളായ്
ഉയർന്നപ്പോൾ ,
കൺമഷിയും ഉരുകിയൊലിച്ചു.
കൈവെള്ളയിൽ
അഗ്നിയുടെ നാവുതൊട്ടപ്പോൾ
എന്തുകൊണ്ട് പ്രിയപ്പെട്ടവന്റെ
ചൂടാണ് എനിയ്ക്ക് ഓർമ്മവന്നത് ?
നെഞ്ചിടം കത്തിയമരാൻ
തുടങ്ങിയപ്പോൾ
മാത്രമാണ്
ആശ്വാസമായത്.
ഇനിയുമീ പ്രണയത്തിന്റെ
പച്ചിലകൾ തളിർക്കാൻ
ഒരു കാടും
ശേഷിയ്ക്കുന്നില്ലല്ലോ!

ആളിപ്പടർന്ന അഗ്നിയിൽ
മുഴുവനായും ദഹിച്ചു.
കടമകൾ
തീർത്തും അടങ്ങിയവർ
വാക്കുകൾകൊണ്ട്
വീണ്ടുംവീണ്ടും കൊല്ലുകയാണ്.
‘ആത്മാവിനും മോക്ഷപ്രാപ്തി ‘
കൂട്ടത്തിലൊരാൾ
തറപ്പിച്ചുപറഞ്ഞു.
നിറമിഴിയോടെ നിന്ന
ആത്മാവിന്റെ കണ്ണുകളിൽ
പുതിയ വെളിച്ചം പ്രസരിച്ചു.
കെട്ടുപാടുകളുടെ
ആഴങ്ങളിൽ
കുടുങ്ങിക്കിടക്കാതെ
വേദായനത്തിന്റെ
ആകാശത്തിലേക്ക്
ആത്മാവ് ചിറകടിച്ചുയർന്നു.




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച



**ANVIKA SUNIL.**
AGE :7.. HOLY FMLY CONVENT HIGH SCHOOL ..VASAI, Palghar, MAHARASHTRA




**Shivadha Sunilkumar**
Std:4 School:Fr.Agnel Multipurporse school & Jr.college , Ambernath ,Thane ,Mumbai



**ഗായത്രി ഗോപകുമാർ**
Class ....8th
J M J E M H S S Athani .... Thrissur



**Joann Mary N J**
Std 3, St Mary's CBPS Kottekkadu




**ദേവ് നന്ദൻ കെ. ആർ.**
ക്ലാസ്: VID, സ്കൂൾ: കേന്ദ്രീയ വിദ്യാലയ, പുറനാട്ടുകര. തൃശൂർ



**Gokul. K. K**
Class VI B, G. U. P. S Varadiyam



**ഗായത്രി ഗോപകുമാർ**
Class ....8th
J M J E M H S S Athani .... Thrissur




**Kailasnath Venugopal Pillai,**
12years old, Vidya Vikasini English High School, Vasai, Palghar, MAHARASHTRA



**Jhanvi Jayan**
STD. IV
School : Vidya Vikasini English High School & Junior College, VASAI

# നക്ഷത്ര മത്സ്യങ്ങൾ ഉണ്ടായ കഥ



**കൂട്ടുകാരെ,** നിങ്ങൾ നക്ഷത്ര മത്സ്യത്തെ കുറിച്ച് കേട്ടിട്ടില്ലേ ? നിങ്ങളിൽ എത്ര പേർ അവയെ കണ്ടിട്ടുണ്ട്. ആട്ടെ , ഈ നക്ഷത്ര മത്സ്യങ്ങൾ എങ്ങിനെയാണ് ഉണ്ടായതെന്ന് നിങ്ങൾക്കറിയാമോ ? അറിയില്ലെങ്കിൽ കേട്ടോളു.

കോടാനു കോടി വർഷങ്ങൾക്ക് മുൻപ് ആകാശത്തിൽ ഒരു കുഞ്ഞു നക്ഷത്രം ഭൂമിയിലേക്കും നോക്കി ഇരിക്കുകയായിരുന്നു. അപ്പോഴാണ് അവനത് കണ്ടത്. ഭംഗിയുള്ള ഒരു കടൽ തീരം. എനിക്ക് അങ്ങോട്ടു പോകണം . നക്ഷത്രം സ്വയം പറഞ്ഞു. അവൻ ആകാശത്തു നിന്നും ഭൂമിയിലേക്ക് ഒറ്റച്ചാട്ടം.

അവൻ ഭൂമിയിലെത്തി. അവൻ മണലിലേക്കാണ് വീണത്. അപ്പോഴാണ് അവൻ ആഞ്ഞടിക്കുന്ന തിരമാലകൾ കണ്ടത്. എന്തൊരു രസമാ ഇത് കാണാൻ ....!

ഞാൻ ഈ വെള്ളത്തിലേക്ക് എടുത്ത് ചാടാൻ പോവുകയാ ....

അവൻ വെള്ളത്തിലേക്ക് എടുത്ത് ചാടി . അവന്റെ തിളക്കവും അതോടു കൂടി നഷ്ടപ്പെട്ടു. അവന് തിരിച്ച് ആകാശത്തിലേക്ക് പോകുവാനും സാധിച്ചില്ല. അങ്ങിനെ ആദ്യത്തെ നക്ഷത്ര മത്സ്യം ഉണ്ടായി.

**ഗായത്രി ഗോപകുമാർ**
ജെ.എം.ജെ. ഇ.എം.എച്ച്.എസ്സ് എസ്സ്
അത്താണി , തൃശ്ശൂർ

കവിത.

# മകളുടെ പിറവി

മകൾ പിറക്കട്ടെ
കാത്തിരിപ്പൂ ഞങ്ങളാ തിരുപ്പിറവിക്കായി
മകൾ പിറക്കട്ടെ

പഠിക്കട്ടെ അവൾ സ്വാനുഭവത്തിലൂടെ പകർന്നു നൽകീടട്ടെ
സമൂഹത്തിനായവൾ
ഗുരുഭൂതരിൽ നിന്നും പ്രകൃതിയിൽ നിന്നും
കരഗതമായ അറിവിൻ
സാഗര പാഠങ്ങൾ..

അവളെന്നും മാതൃകയാവട്ടെ..,
യീ സമൂഹത്തിനും
മാതൃ വിദ്യാലയത്തിനും.

**ഗോപിക. കെ.കെ.**
Class X C
C. M. G. H. S. S Kuttur

# തീരങ്ങളിൽ അഭയം

അവസാനം യാത്ര പറയാൻ എത്തിയത് രശ്മിയായിരുന്നു. അവൾ ദിനേശൻ നായരുടെ കൈ പിടിച്ചു പറഞ്ഞു.

'മാമ്മാ ഞാൻ പോട്ടെ .. ഇനി നിന്നാൽ നേരം ഇരുട്ടാവും ..കുട്ടികൾക്ക് നാളെ ക്ലാസ്സുള്ളതാ.. '

അയാൾ നിർവ്വികാരമായി തലയാട്ടി. അയാളിൽ നിന്നും മറുപടി പ്രതീക്ഷിക്കാതെ തന്നെ സമ്മതം കിട്ടിയ മട്ടിൽ അവൾ ഇറങ്ങി.പോകുമ്പോൾ കുട്ടികളെ

അരികിലേക്ക് വിളിച്ചു.

'ഡീ.. സിന്ധൂ .. സച്ചൂ.., വേഗം എറങ്ങേ.. ഓട്ടോ ഇപ്പം വരും ' ..


പിന്നെ അലക്ഷ്യമായി വീട്ടിനകത്തേക്ക് നോക്കി പറഞ്ഞു ...



അശോകൻ.സി.ജി

'ഞങ്ങള് പോകാട്ടോ ...'

തിരിഞ്ഞു നോക്കാതെ കുട്ടികളെയും കൊണ്ടവൾ പടിയിറങ്ങി. സമയം ആറാകുന്നതേയുള്ളൂ .. ഇരുട്ട് കുറേശ്ശെയായി ചുറ്റും പരന്നു തുടങ്ങി. പന്തലിലെ മേശകസേരകൾ അടുക്കി വക്കുന്നതിൽ ഒന്നു രണ്ടു പണിക്കാർ വ്യാപൃതരാണ് .വരാന്തയോട് ചേർന്ന മുറിയിലെ കട്ടിലിൽ എല്ലാം കണ്ടും കേട്ടും ദിനേശൻ നായർ കിടന്നു. ഇന്നേക്ക് പതിനാറു ദിവസം മുൻപാണ് ശാരദ തന്നെ വിട്ടു പോയത്. .. ഇന്ന് അവളുടെ അടിയന്തിരമായിരുന്നു. പന്തലിലെ ഒരു മൂലയിൽ ഒരുക്കിയ മേശയിൽ അവരുടെ ഫോട്ടൊ വലുതായി ഫ്രെയിം ചെയ്തു വച്ചിരിക്കുന്നത്



ദിനേശൻ നായർക്ക് കാണാം ..ഫോട്ടോയിൽ എത്ര സുന്ദരിയാണവർ .. ചുളിവുകൾ വീഴാത്ത പ്രസന്നമായ മുഖം .ചന്ദനത്തിരിയും നിറവിളക്കും ഫോട്ടോക്ക് മുന്നിൽ കത്തിച്ചു വച്ചിരിക്കുന്നു.

സുന്ദരമായ ആ ചിരി

ഇത്ര

പെട്ടെന്ന് പൊലിഞ്ഞു പോകുമെന്ന് ആരറിഞ്ഞു.

സ്ട്രോക്ക് വന്ന് ഒരു ഭാഗം തളർന്ന് സുഖമില്ലായത് ദിനേശൻ നായർക്കായിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ചിട്ടും പുലിക്കുട്ടി പോലെ എല്ലാക്കാര്യങ്ങൾക്കും ഓടിനടന്നിരുന്ന ആളാണ് .. പെൻഷൻ സംഘടനയിലും അത്യാവശ്യം കലാസാംസ്കാരിക രംഗത്തും സജീവമായി രംഗത്തുണ്ടായിരുന്നു. വല്ലപ്പോഴും സുഹൃത്തുക്കളുമൊത്തുള്ള ഒരു 'കമ്പനി 'കൂടൽ.

അതൊഴിച്ചുള്ള യാതൊരു ദുശ്ശീലങ്ങളുമുണ്ടായിരുന്നില്ല.

മറ്റുള്ളവർക്ക് അസൂയ തോന്നുന്ന ദാമ്പത്യ ബന്ധം .. ഉദ്യോഗസംബന്ധമായി വിവിധ ജില്ലകളിലെ ജോലി സ്ഥലങ്ങളിൽ മാറി മാറി താമസിക്കുമ്പോൾ കുടുംബത്തെ എല്ലാ ചുമതലകളും സ്വയം ഏറ്റെടുത്ത് നടത്തിയതവരായിരുന്നു .. മക്കളുടെ ഒരു കാര്യത്തിനും ദിനേശൻ നായർക്ക് ടെൻഷനടിക്കേണ്ടി വന്നിട്ടില്ല .അങ്ങിനെ മൂത്ത മകൻ ഡോക്ടറായി .. എം.ഡി.യെടുത്തു .. താമസിയാതെ സർക്കാർ ആശുപത്രിയിൽ ജോലി നേടി.. നഗരത്തിലെ പ്രധാന ഡോക്ടറെന്ന് പ്രസിദ്ധി നേടി. അതിന് താഴെയുള്ളയാൾ അറിയപ്പെടുന്ന ക്രിമിനൽ വക്കീലാണ്.മകൾ എം.ബി.എ.കഴിഞ്ഞു. പ്രമുഖ ഐടി കമ്പനി ഉദ്യോഗസ്ഥനെ വിവാഹം കഴിച്ചു.

മക്കളെല്ലാം വിവാഹിതരായി തങ്ങളുടേതായ സ്വകാര്യതകളിലേക്ക് ഒതുങ്ങിക്കൂടി.ദിനേശൻ നായരും ശാരദാമ്മയും മാത്രമായിരുന്നു വീട്ടിൽ .. സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷവും

ശാരദയ്ക്ക് തങ്ങളുടേതു മാത്രമായ ഒരു ലോകം ഒരുക്കാൻ കഴിഞ്ഞില്ലല്ലോ എന്ന് ദിനേശൻ നായർ പലപ്പോഴും സ്വയം കുറ്റപ്പെടുത്തിയിരുന്നു. സംഘടനാ പ്രവർത്തനം സാംസ്കാരിക സമ്മേളനം, അമ്പലക്കമ്മിറ്റി അങ്ങിനെ ദിനേശൻനായർക്കെന്നും

തിരക്കോട് തിരക്ക് ..

വീട്ടിലേക്ക് അദ്ദേഹത്തെ അന്വേഷിച്ചു വരുന്നവരെ യാതൊരു മുഷിപ്പും കൂടാതെ സ്വീകരിച്ച് ചായ കൊടുത്ത് സൽക്കരിക്കും .മക്കളാരും കൂടെയില്ലെങ്കിലും ആ വീട്ടിൽ എന്നും എപ്പോഴും തിരക്കായിരുന്നു.എല്ലാ മാസത്തിലും മൂന്നാം വ്യാഴാഴ്ചയിലെ ഗുരുവായൂർ സന്ദർശനം ,മലയാളമാസം ഒന്നാം തീയതി തട്ടകത്തെ ക്ഷേത്രത്തിൽ അതിരാവിലെ തന്നെ പോയുള്ള ദർശനം ..ഇതൊഴിച്ചുള്ള യാതൊരു ശാഠ്യവും ഇന്നോളം ശാരദക്കുണ്ടായിന്നില്ലെന്ന്

അയാൾ ഓർത്തു.. ഒരു നിറദീപം പോലെ ഐശ്വര്യത്തോടെ എല്ലായിടത്തും നിറഞ്ഞു നിന്നിരുന്നു ശാരദാമ്മ.

മൂന്ന് വർഷം മുൻപാണ് സാഹിത്യ അക്കാഡമിയിൽ നടന്ന ഒരു സാംസ്കാരിക സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്ന ദിനേശൻ നായർ കുഴഞ്ഞു വീണത്.ഉടൻ തന്നെ സമീപത്തുള്ള അശ്വനി ആശുപത്രിയിൽ എത്തിച്ചു .ഇരുപത്തിയഞ്ചു ദിവസത്തെ വെന്റിലേറ്റർ , ഐ.സി.യു വാസത്തിനു ശേഷം ഒരു ജീവച്ഛവമായി വീട്ടിൽ തിരിച്ചെത്തി.

മക്കളൊക്കെ ആളും അർത്ഥവുമായി കുറച്ചു നാൾ കൂടെ നിന്നു. എല്ലാവർക്കും അവരുടേതായ തിരക്കുകളുണ്ടല്ലോ .. അച്ഛനെ ശുശ്രൂഷിക്കാൻ അമ്മക്ക് തുണയായി ഒരു ഹോം നഴ്സിനെ ഏർപ്പാടാക്കാമെന്ന് മക്കളെല്ലാം പറഞ്ഞതാണ്. ശാരദാമ്മ തീർത്തും സമ്മതിച്ചില്ല. ഞാനുള്ളപ്പോൾ ആരും വേണ്ട .. എല്ലാം ഞാൻ ഒറ്റക്ക് ചെയ്തോളാം.

അങ്ങിനെ കഴിഞ്ഞ മൂന്നു വർഷമായി പാതി തളർന്ന ആ ശരീരത്തെ ഒറ്റയ്ക്ക് ശുശ്രൂഷിച്ചു കൊണ്ടുവരികയായിരുന്നു ശാരദാമ്മ.പിന്നെ പിന്നെ അന്വേഷകരുടെ വരവു കുറഞ്ഞു .സ്നേഹിതരുടെ വിളികളില്ല .. മക്കൾ തന്നെ ഫോണിൽ മാത്രമായി അന്വേഷണം ഒതുക്കി.

എന്നിട്ടും ശാരദാമ്മ തളർന്നില്ല. ഒന്നും ദിനേശൻ നായരെ അറിയിച്ചില്ല .. സമയാസമയങ്ങളിൽ കുളിപ്പിക്കൽ .. ഭക്ഷണം .. മരുന്ന് .. അങ്ങിനെയങ്ങിനെ ആ ജീവിതം പരസ്പരം അറിഞ്ഞു കൊണ്ട് ഒരു ട്രാക്കിലൂടെ മുന്നോട്ടു പോവുകയായിരുന്നു...

ശരീരത്തിന് ചലനശേഷി ഭാഗികമായി നഷ്ടപ്പെട്ടെകിലും ദിനേശൻ നായരുടെ ഓർമ്മകൾക്കും ചിന്തകൾക്കും ഒന്നും സംഭവിച്ചില്ല. ആയ

കാലത്ത് ജോലിത്തിരക്കിനിടയിൽ സ്ഥലമാറ്റങ്ങളുടെയൊക്കെ ബഹളത്തിനിടയിൽ ഭാര്യയെ ശ്രദ്ധിക്കാൻ ദിനേശൻ നായർക്ക് കഴിഞ്ഞിരുന്നില്ല. ഇപ്പോൾ അസുഖബാധിതനായി അനങ്ങാകാത്ത ശരീരവുമായി കിടക്കയിൽ തളർന്ന് കിടക്കുമ്പോഴാണ് ദിനേശൻ നായർ ശാരദയെ ശ്രദ്ധിക്കുന്നത്. ഇ

ത്രയും കാലം ഞങ്ങൾക്കൊരു ജീവിതമില്ലായിരുന്നു. എങ്ങിനെയൊ മൂന്നു കുട്ടികൾ പിറന്നു. തന്റെ അഭാവത്തിലും അവരെ വേണ്ട വിധം പരിപാലിച്ചു വളർത്തി ഉന്നത പദവികളിലെത്തിച്ചു. തനിക്കതിൽ എന്തു് പങ്കാണുള്ളതു്?

ഇന്നിപ്പോൾ ഒരമ്മയുടെ കൈയിൽ പുതുതായി പിറന്നൊരു പൈതലിനെ നോക്കുന്ന കരുതലോടുകൂടിയാണ് ശാരദാമ്മ ദിനേശൻ നായരെ ശുശ്രൂഷിക്കുന്നതു്. കുളിപ്പിക്കുമ്പോഴും ഭക്ഷണം വായിൽ കൊടുക്കുമ്പോഴും മരുന്നെടുത്ത് നൽകുമ്പോഴും സത്യത്തിൽ ദിനേശൻ നായർക്ക് തന്റെ നഷ്ടപ്പെട്ടു പോയ ജീവിതകാലം തിരിച്ചു കിട്ടിയ പോലെയാണ് തോന്നിയതു് .ഒരു പക്ഷെ സ്ട്രോക്ക് വന്ന് കിടന്നില്ലായിരുന്നുവെങ്കിൽ ഞാനെന്റെ ശാരദയെ മനസ്സിലാക്കാൻ വൈകിയേനെ.ഈ സ്നേഹത്തിനും തണലിനും താനർഹനാണൊ എന്ന് പോലും ഇടയ്ക്ക് അയാൾ ചിന്തിച്ചിരുന്നു.

മറ്റൊന്നും ചെയ്യാനില്ലാത്തതു കൊണ്ട് കിടക്കയിൽ കിടന്നുള്ള ചിന്തയിലെല്ലാം ശാരദയെ ചേർത്തുനിർത്തുകയും എല്ലാ ശ്രദ്ധയും അവരിലേക്ക് മാത്രമായി ചുരുക്കപ്പെടുകയും ചെയ്തു കൊണ്ടിരുന്നു അയാളുടെ രാപകലുകൾ

നിരന്തരം മൊബൈൽ ഫോൺ ശബ്ദിക്കുന്നതു കേട്ടാണ് അന്ന് പകൽ മയക്കത്തിൽ നിന്നും അയാളുണർന്നത്. ആരാ വിളിക്കുന്നത്? ശാരദ എവിടെ പോയി? കുറച്ചു നേരമായല്ലൊ കാണാതായിട്ട്...!

ഫോണെടുക്കാൻ അയാൾക്കായില്ല...

എടുത്താലും സംസാരിക്കാൻ കഴിയില്ലലോ..!

ഫോൺ നിറുത്താതെ ശബ്ദിച്ചുകൊണ്ടിരിക്കുകയാണ് ..

എത്ര നേരം കഴിഞ്ഞുവെന്നറിയില്ല. അയാൾക്ക് വല്ലാത്ത പരവേശം തോന്നി. അവൾ എവിടെ പോയി?

ഈ സമയത്ത് ചായയോടൊപ്പം രണ്ടു ഗുളിക പതിവുള്ളതാണല്ലോ?

അയാൾക്കെന്തോ പന്തികേട് തോന്നി ..!

വീണ്ടും ഫോൺ ബല്ലടിച്ചു തുടങ്ങി.

അയാൾ നിസ്സഹയനായി വാതിൽക്കലേക്ക് നോക്കി കിടന്നു.

പുറത്ത് ഗേറ്റു തുറക്കുന്ന ശബ്ദം കേട്ടു .അയാൾ ശ്രദ്ധിച്ചു .ആരോ വരുന്നുണ്ടു്...

ഉമ്മറത്തു നിന്നും നേരെ

അയാളുടെ മുറിയിലേക്കാണ് വന്നത്..

ഗീതുവാണല്ലോ .. രാജേഷുമുണ്ടല്ലോ?...

എന്താ ഈ നേരത്ത് ?

'എവിടെയാ അച്ഛാ അമ്മ ?

ഉച്ച തൊട്ടു വിളിക്കുന്നതാണല്ലൊ. ..!

എന്താ അമ്മയ്ക്ക് ഫോണെടുത്താൽ '..?

അയാൾ ഞരക്കത്തോടെ വിമ്മിഷ്ടപ്പെട്ട് പതിയെ പറഞ്ഞു ..

'കുറേ നേരായി .കണ്ടില്ലാ '

അയാൾക്ക് ശ്വാസം മുട്ടി.

അവൾ വേഗം അടുക്കള ഭാഗത്തേക്ക് പോയി .കൂടെ രാജേഷും .

കുറച്ചു നേരം കനത്ത നിശ്ശബ്ദത.

പിന്നെ ഉച്ചത്തിലുള്ള ഗീതുവിന്റെ കരച്ചിൽ മുഴങ്ങിക്കേട്ടു .

' അമ്മേ ... എന്റെ അമ്മേ '

ആ കരച്ചിൽ ഇപ്പോഴും ദിനേശൻ നായരുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരിക്കയാണ്.

ശാരദാമ്മ എങ്ങിനെയാണ് മരിച്ചതെന്നു് ആരും അയാളോട് പറഞ്ഞില്ല .

രാവിലെ അയാൾക്കുള്ള ഭക്ഷണവും മരുന്നും കൊടുത്തു പോയതാണ് ..

അടുക്കളയിൽ മരിച്ചു കിടക്കുന്നതാണ് പിന്നീട് കണ്ടതത്രെ.

അത് കഴിഞ്ഞു് ഇന്നേക്ക് പതിനാറു് ദിനങ്ങൾ കഴിഞ്ഞു. എന്താണുണ്ടായതെന്നു് ആരും അയാളോട് പറഞ്ഞില്ല. അവൾ തന്നെ വിട്ടു പോയതാണെന്ന് അയാൾക്ക് മനസ്സിലായി. ഈ അവസ്ഥയിലുള്ള തന്നെ ഒറ്റക്കാക്കി പോകാൻ അവൾക്കാവില്ലെന്ന് അയാൾക്ക് ബോധ്യമുണ്ടു്. നാല്പത് വർഷത്തെ ദാമ്പത്യ ജീവിതത്തിൽ പരസ്പരം അറിഞ്ഞു് ജീവിച്ചുവരികയായിരുന്നു. അതിന് മുൻപ് പണിയെടുക്കാനുള്ള യന്ത്രം പോലൊരാൾ ഈ വീട്ടിൽ ഉള്ളതായി അയാൾ അംഗീകരിച്ചിരുന്നത് വളരെ നിസ്സാരങ്ങളായ അവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുമ്പോൾ മാത്രമായിരുന്നു.

ശാരദാമ്മയുടെ വിയോഗത്തിനു ശേഷം അയാളുടെ കാര്യങ്ങൾ മക്കളും മരുമക്കളും ഏറ്റെടുത്തു.

ഓർമ്മകളിലൂടെ സഞ്ചരിച്ചു കൊണ്ടു് അയാൾ തന്റെ കട്ടിലിൽ കിടന്നു. മുററവും പന്തലും അവിടെ കിടന്നാൽ കാണാം.

രാത്രി ഇരുട്ടിയപ്പോൾ മക്കളാരൊ വന്ന് മുറിയിലെ ലൈറ്റ് തെളിയിച്ചു.

മകൾ ചോദിച്ചു. ' അച്ഛന് ഭക്ഷണം തരട്ടെ .. ഗുളിക അതിന് ശേഷമല്ലേ കഴിക്കാറ് '

അയാൾ വേണ്ടെന്ന് തലയാട്ടി.

'കുറച്ചെങ്കിലും കഴിക്കൂ ..

മരുന്ന് കഴിക്കേണ്ടതല്ലേ?'

പിന്നെ അയാളൊന്നും പറഞ്ഞില്ല. പാത്രത്തിൽ ഭക്ഷണവുമായെത്തിയതു് പക്ഷെ മൂത്ത മകന്റെ ഭാര്യയാണ്. എന്തോ കർമ്മം ചെയ്യുന്നത് പോലെ അയാളുടെ തുറന്ന വായിലേക്ക് കഞ്ഞി പകർന്ന് അവൾ പോയി .



പിന്നാലെ മരുന്നും കൊണ്ടു് മകളെത്തി ..

'ഇതന്യാല്ലേ കഴിക്കാറു് '?

ഗുളികകൾ കൈയെലെടുത്തു കൊണ്ടു് ഗീതു ചോദിച്ചു.

അയാളത് ശ്രദ്ധിച്ചില്ല.

'ഇതന്യാവും .. വായ തുറന്നേ .. '

ഗുളികകൾ കൊടുത്തതിന് ശേഷം അവൾ അയാളെ പുതപ്പിച്ചു.

'ഇനി ഉറങ്ങിക്കോളൂ..

വാതിൽ അടക്കണോ?'

ലൈറ്റണയ്ക്കുന്നതിനിടയിൽ അവൾ ചോദിച്ചു.

അയാൾ പതുക്കെ കൈയുർത്തി വേണ്ടെന്ന് വിലക്കി....

അയാൾ കണ്ണടച്ചു കിടന്നു

ഇപ്പോൾ അയാൾക്ക് പ്രപഞ്ചത്തിൽ നടക്കുന്ന എല്ലാം അറിയാം ... ശബ്ദം കാഴ്ചകളായി മാറുന്നു .

അയാൾ കാണുന്നുണ്ട് എല്ലാം.'.

അയാൾ കേൾക്കുന്നുണ്ട് എല്ലാം ...

അച്ഛന് മരുന്ന് കൊടുത്ത് കഴിഞ്ഞ് ഗീതു ഹാളിലേക്ക് ചെല്ലുമ്പോൾ എല്ലാവരും അവിടെ കൂടിയിട്ടുണ്ട്. മക്കളും അവരുടെ ഭാര്യമാരും മരുമകനും ചെറുമക്കളും എല്ലാവരുടേയും ശ്രദ്ധ ഗീതുവിലേക്കായി ...

' അച്ഛൻ ഉറക്കമായൊ?'

ആരോ ചോദിച്ചു ...

'മരുന്നു കൊടുത്തു.പുതപ്പിച്ചിട്ടുണ്ട്. മരുന്നു കൊടുത്താൽ വേഗം ഉറങ്ങാറാണു് പതിവ്. ഇന്ന് പകൽ മുഴുവൻ ബന്ധുക്കളുടെ തിരക്കായിരുന്നുവല്ലോ .. ഒരു മിനിറ്റു പോലും ആളെ വിശ്രമിക്കാൻ സമയം കൊടുത്തിട്ടില്ല .. വല്ലാത്ത ക്ഷീണമുണ്ട്. ഇപ്പം ഉറങ്ങിക്കാണും' ..

‘ അതേ... എല്ലാവരും ഇവിടെ ശ്രദ്ധിച്ചേ .‘ മൂത്തവൻ ഹരി എല്ലാവരുടേയും ശ്രദ്ധ ക്ഷണിച്ചു .. ‘ഇന്നത്തോടു കൂടി മക്കൾ ചെയ്യേണ്ട അമ്മയുടെ കർമ്മങ്ങളെല്ലാം കഴിഞ്ഞു. നാളെ നമ്മൾ വീടുകളിലേക്ക് മടങ്ങുന്നു.

അച്ഛനിവിടെ ഒറ്റക്കാണ്.. അച്ഛന്റെ കാര്യത്തിൽ ഇന്നു തന്നെ ഒരു തീരുമാനമെടുക്കണം.‘

‘എന്താ വേണ്ടെ . ഏട്ടൻ തന്നെ പറയൂ ..?‘

ഇളയവൻ ചോദിച്ചു.

‘ ഇത്രനാളും അമ്മ അച്ഛനെ നോക്കി. ഒരു ഹോം നഴ്സിനെ വക്കാൻ

നമ്മൾ പറഞ്ഞിട്ടും അമ്മ സമ്മതിച്ചില്ല . എല്ലാം ഒറ്റയ്ക്ക് തന്നെ ചെയ്തു .

ഒരു പക്ഷെ എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തതു കൊണ്ടാകും അമ്മയ്ക്ക് നേരത്തെ പോകേണ്ടി വന്നത്. അമ്മയില്ലാത്ത സ്ഥിതിക്ക് വീട്ടിൽ ഹോം നഴ്സിനെ ഒറ്റക്ക് നിർത്താനും കഴിയില്ല. ഇനിയിപ്പം എന്തു ചെയ്യും?‘

‘എനിക്ക് അച്ഛനെ വീട്ടിലേക്ക് കൊണ്ടു പോയാൽ ശരിയാകില്ല ഏട്ടാ ... വൈഫിനതൊരു വല്ലാത്ത ബർഡനാകും .. ഇപ്പോൾ കിട്ടിയ കോളെജിലെ ജോലിക്ക് സുല്ലിടേണ്ടി വരും... പിന്നെ അറിയാലൊ... പിള്ളരടെ

പഠിപ്പ് .. രണ്ടു പേർക്കും എക്സാം അടുത്തു .. ഇപ്പം തന്നെ കുറച്ച് ക്ലാസ് നഷ്ടപ്പെട്ടു. ഇനി ചെന്നിട്ടു വേണം അത് മേക്കോവർ ചെയ്യാൻ .. ചേട്ടൻ എങ്ങിനെയെങ്കിലും ഒന്ന്

അഡ്ജസ്റ്റ് ചെയ്യൂ ‘

‘അയ്യോ .. ഞാനോ?

നീയെന്താ രഘൂ ഈ പറേണെ? വല്ലോരടേം കയ്യും കാലും പിടിച്ച് കിട്ടിയ സ്ഥലം മാറ്റം കഴിഞ്ഞു ഇവിടെത്തി പ്രാക്ടീസ് ഒന്ന് പച്ച പിടിച്ചു വരുന്നേയുള്ളൂ.. പിന്നെ പിള്ളേര് രണ്ടും എൻട്രസ് കോച്ചിംഗിലും .വൈഫിന് അവരുടെ കാര്യം തന്നെ നോക്കാൻ നേരംല്യാ... പിന്നല്ലേ ഈ വയ്യാത്ത ആൾടെ കാര്യം ‘.

‘ നിന്റെ അഭിപ്രായം എന്താ ഗീതൂ? ‘

രണ്ടു ചേട്ടന്മാരും അനിയത്തിയുടെ നേരെ തിരിഞ്ഞു. എല്ലാം ശ്രദ്ധിച്ചു കേട്ടു കൊണ്ടിരുന്ന അവൾ പറഞ്ഞു.

‘ചേട്ടന്മാർക്കെന്റെ സ്ഥിതിയറിഞ്ഞൂടെ..? ഞാനങ്ങ് ബാംഗ്ലൂരിലല്ലേ കഴിയണത് .എന്റെ ഫ്ലാറ്റിൽ എത്രത്തോളം സൗകര്യമുണ്ടെന്ന് നിങ്ങൾക്കറിയാവുന്നതാണല്ലോ .. ഈ കണ്ടീഷനിൽ അച്ഛനെ അങ്ങോട്ടു കൊണ്ടു പോകൽ നടക്കില്ല‘ .

ആരും ഒന്നും പറഞ്ഞില്ല. ഒരു നിമിഷം കനത്ത നിശ്ശബ്ദത പരന്നു.അടുത്ത മുറിയിലേക്ക് ഈ സംഭാഷണ ശകലങ്ങൾ ഒഴുകിയെത്തുന്നുണ്ടെന്ന് അവരാരും അറിഞ്ഞില്ല.

അല്പം കഴിഞ്ഞ് മൂത്ത ഏട്ടൻ ഹരി പറഞ്ഞു.

‘എന്റെ പരിചയത്തിലുള്ള ഒരു ഹൈടെക് വൃദ്ധസദനം ഉണ്ട് .. അവിടെ കിടപ്പു രോഗികളേയും അക്കമഡേറ്റു ചെയ്യും.

മുഴുവൻ സമയവും നഴ്സിംഗ് സേവനവും ചികിത്സാ സൗകര്യങ്ങളൊക്കെയുണ്ട്. ഞാനവരോട് സൂചിപ്പിച്ചിരുന്നു.റേറ്റ് അല്പം കൂടും. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ അച്ഛനെ അവിടെയക്കാം. എന്താ നിങ്ങടെ അഭിപ്രായം?‘

‘ അതന്യാ നല്ലത് .അപ്പോൾ ഹോം നഴ്സിന്റെ ആവശ്യവും ഇല്ല ‘

രണ്ടു പേരും ഒന്നിച്ച് സമ്മതം പറഞ്ഞു.

‘ഒരഞ്ചു ലക്ഷമെങ്കിലും അവർക്ക് സംഭാവനയായി കൊടുക്കേണ്ടി വരും.മന്ത്‌ലി ഫീസ് വേറെയും ..

എന്റെ വിഹിതം എന്തായാലും ഞാൻ എടുക്കാം.‘

‘അതിനെപ്പറ്റി പേടിക്കേണ്ട

ചേട്ടൻ അതേർപ്പാടാക്കിക്കോ ..

ഞങ്ങളും സഹകരിക്കാം.

അങ്ങിനെ അക്കാര്യത്തിലൊരു തീരുമാനമായി .ഏറ്റവും അടുത്ത ദിവസം തന്നെ ദിനേശൻ നായരെ വൃദ്ധസദനത്തിലാക്കും ..

‘ എന്നാൽ ഇനി എല്ലാവർക്കും ഭക്ഷണം കഴിക്കാം‘

ചർച്ചയിൽ പങ്കെടുത്തില്ലെങ്കിലും എല്ലാം സശ്രദ്ധം വീക്ഷിച്ചിരുന്ന മരുമക്കൾ പറഞ്ഞു –

‘ കുട്ടികളെല്ലാം വന്നേ .. ‘

കുട്ടികൾ ഒറ്റക്കായും ലാപ്പിലും ടാബുകളിലുമിരുന്ന് കൂട്ടായും വാട്സപ്പിലുമൊ

ക്കെ മുഴുകി തല കുമ്പിട്ടിരിക്കയായിരുന്നു

ചർച്ച ഒരു തരത്തിലും അവരെ ബാധിച്ചിരുന്നില്ല.

‘നിങ്ങൾ കഴിച്ചോ .... ഞങ്ങൾ പിന്നെ വരാം‘ തലയുയർത്താതെ

അവർ വിളിച്ചു പറഞ്ഞു .

' ചേട്ടൻ ഇപ്പോൾ എങ്ങിനെ?' ഡൈനിംഗ് ടേബിളിൽ ഒരു സ്കോച്ചിന്റെ കുപ്പിയെടുത്തു വയ്ക്കുന്നതിനിടയിൽ

രഘു ചോദിച്ചു.

' അന്നത്തെ അറ്റാക്കു കഴിഞ്ഞതിനു ശേഷം വീണ്ടും തുടങ്ങിയോ?'

'രണ്ടു പെഗ്ഗ്ക്കൊ ആകാം .. '

ഭാര്യയുടെ രൂക്ഷമായ

കണ്ണുകളെ അവഗണിച്ചു കൊണ്ട് ഹരി പറഞ്ഞു. ..

'വിദേശിയാണല്ലോ.

എവിടെന്നൊപ്പിച്ചു ..?'

'ഒരുക്ലയിന്റിന്റെ വക പ്രസന്റാണ്. പുള്ളിയുടെ മകൻ വിദേശത്തുനിന്ന് ലാന്റ് ചെയ്തിട്ടുണ്ട് '

' നീ അത് പൊട്ടിക്ക് .. എന്നിട്ട് രണ്ടെണ്ണം ഇതിലൊഴിച്ചേ '.. ചേട്ടൻ ധൃതികൂട്ടി.

ഡൈനിംഗ് ടേബിളിൽ ഭക്ഷണം നിരന്നു. ..മുതിർന്നവരും .. കുട്ടികളും അവസാനം സ്ത്രീകളും ആഘോഷപൂർവ്വം അടിയന്തിരാഘോഷത്തിന്റെ സമാപനം കുറിച്ചു.

എല്ലാവരും തങ്ങളുടെ കിടപ്പറകളിലേക്ക് വലിഞ്ഞു ..എല്ലാ ലൈറ്റുകളും അണഞ്ഞു.

ഇരുട്ടിന്റെ കൈപ്പിടിയിൽ ആ ഭവനം ഒതുങ്ങി.

രാത്രിയുടെ അന്ത്യയാമം. ദിനേശൻ നായർ ഞെട്ടിയുണർന്നു .തുറന്നു കിടക്കുന്ന വാതിലിലൂടെ അയാൾ പുറത്തേക്ക് നോക്കി. എങ്ങും നിലാവ് പരന്നൊഴുകുന്നു.ചെറുതായി വീശുന്ന തണുത്ത കാറ്റ് തുറന്നിട്ട ജനലിലൂടെ കയറി വരുന്നു.. പുറത്തെ നിലാവെളിച്ചത്തിൽ ഗേറ്റിന് പുറത്തു നില്ക്കുന്ന രൂപം കണ്ട് അയാൾ ഞെട്ടിത്തരിച്ചു. ഉടലാകെ കുളിർ കോരി. അത് അയാളുടെ ശാരദയായിരുന്നു. അയാൾ പെട്ടെന്നൊരുൾപ്രേരണയാൽ കിടക്കയിൽ എണീറ്റിരുന്നു. അയാൾക്ക് സ്വയം വിശ്വസിക്കാനായില്ല. പരസഹായമില്ലാതെ കഴിഞ്ഞ മൂന്ന് വർഷമായി അയാൾക്ക് എണീറ്റിരിക്കാനാവുമായിരുന്നില്ല. അയാൾ കട്ടിലിൽ നിന്നിറങ്ങി.!

ഇല്ല .അയാൾക്കൊരു കുഴപ്പവുമില്ല. കൈകാലുകൾക്ക് മുൻപത്തേക്കാൾ ബലം .. നല്ല കരുത്ത്.

അയാൾ മുറിക്ക് പുറത്തിറങ്ങി.ഗേറ്റിന് പുറത്തെ രൂപത്തെ നിലാവിൽ കുളിച്ചു നില്ക്കുന്ന സ്വന്തം ശാരദയെ ഇപ്പോൾ വ്യക്തമായി കാണാം. അവർ അയാളെ കൈ കൊണ്ട് മാടി വിളിക്കുകയാണ് ..

അയാൾ വരാന്തയിലേക്കിറങ്ങി ..

പിന്നെ ചവിട്ടിറങ്ങി .. ഗേറ്റിനടുത്തെത്തിയപ്പോൾ ആ രൂപമില്ല.!

എവിടെപ്പോയി എന്റെ

ശാരദ ..?

അയാൾ ഗേറ്റ് തുറന്ന് പുറത്തേക്ക് ..ദൂരെയതാ ആ രൂപം അയാളെ കൈ നീട്ടി വിളിക്കുന്നു. എവിടെ നിന്നോ അശരീരി പോലെ ആ ശബ്ദം കാതിൽ വന്ന ലയ്ക്കുന്നു.

'വരൂ .. എന്റെ കൂടെ പോരൂ .. ഞാൻ കൂട്ടിക്കൊണ്ടു പോകാം. ഇല്ലെങ്കിൽ ആ വൃദ്ധസദനത്തിൽ പോയി കഷ്ടപ്പെടേണ്ടി വരും.അവിടെ എന്റെ ദിനേശേട്ടന് ആരും നോക്കാനില്ലാതെ ദുരിതം അനുഭവിക്കേണ്ടി വരും.'

അയാൾ ധൃതിയിൽ ആ രൂപത്തെ ലക്ഷ്യമാക്കി നടന്നു. അയാൾക്ക് മുന്നെ വഴികാട്ടിയായി അയാളുടെ സ്വന്തം ശാരദയും.

കഴിഞ്ഞ പ്രളയകാലത്ത് ,കര കവിഞ്ഞു് കര കവർന്നു് ഒഴുകിയിരുന്ന കുറുമാലിപ്പുഴയുടെ തീരത്തുകൂടിയായിരുന്നു നിലാവത്തുള്ള ആ യാത്ര .

പുഴയിന്ന് തീരങ്ങളിൽ നിന്നൊതുങ്ങി ശാന്തയായി ഒഴുകുന്നു .ഏതു കാലത്തും നൂലിട്ടാൽ നിലയില്ലാത്ത ആറാട്ടുകടവിന്റെ താൻ എത്തിയിരിക്കുന്നതെന്ന്

അയാളറിഞ്ഞു.. അയാൾ ചുറ്റും നോക്കി. എവിടെ എന്റെ ശാരദ ?

പുഴയോളങ്ങളിൽ നിലാവിന്റെ പ്രതിബിംബം.

വിളിക്കാൻ ശബ്ദം പൊങ്ങുന്നില്ല.

ഒരു നിമിഷം. .. പുഴ മധ്യത്തിലെ ഓളപ്പരപ്പിൽ നിന്നും രണ്ടു കൈകൾ ഉയർന്നു വന്നു. അതയാളുടെ ശാരദയുടേതായിരുന്നു. ആ കൈകൾ അയാളെ മാടി വിളിച്ചു.

അയാൾ പതുക്കെ ...... പതുക്കെ പുഴയുടെ ആഴങ്ങളിലേയ്ക്ക് കാലെടുത്തു വച്ചു.

പുഴയാഴങ്ങളിലെവിടെയോ അയാൾക്കു വേണ്ടി അയാളുടെ ശാരദ കാത്തിരിക്കുന്നുവെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു.

●

കഥ

# കാണാതായ ഹൃദയം



സിമി പെരുമ്പിള്ളി

**അ**വളുടെ ഹൃദയം വല്ലാതെ വേദനിച്ചു. അവളുടെ കണ്ണിൽ നിന്നും ഒഴുകുന്ന ചുടു കണ്ണുനീർ ചുട്ടുപഴുത്ത ഇരുമ്പ് തകിടിൽ വീണ് അപ്രത്യക്ഷമാകുന്ന ജല കണികകൾ പോലെ ഉരുകി ഇല്ലാതായിക്കൊണ്ടിരിക്കുന്നു . 'സൂസൻ, നിന്റെ ഹൃദയത്തിന്റെ താക്കോൽ ആരോ മോഷ്ടിച്ചു കൊണ്ടുപോയെന്ന് ഞാനറിഞ്ഞത് നേരാണോ? '

'ഇല്ല മാരിയറ്റ് , എന്റെ ഹൃദയത്തിന്റെ താക്കോൽ ആരും മോഷ്ടിച്ചിട്ടില്ല . പക്ഷേ എന്റെ ഹൃദയം ഇപ്പോൾ കാണാനില്ല. അതാരോ മോഷ്ടിച്ചിരിക്കുന്നു. ഞാനത് തിരയുകയാണ്. എന്റെ ഹൃദയത്തിൽ ഒരുപാട് ദ്വാരങ്ങൾ വീണത് ഞാനറിഞ്ഞിരുന്നു. ഇക്കാലമത്രയും അതിലൂടെ പലരും കയറുകയും ഇറങ്ങുകയും ചെയ്തു. അവർക്ക് ജാതി - മത പ്രായഭേദ വ്യത്യാസമൊന്നുമില്ലായിരുന്നു . അതിൽ പഠിപ്പിച്ച എന്റെ അധ്യാപകനും, പിതൃതുല്യനയി കണ്ട പപ്പു മാഷും, അമ്പലവാസിയായ മുകുന്ദനും. പിന്നെ ഒരു അയൽവക്കാരൻ നസ്രാണി ചെക്കനും അങ്ങനെ പലരും. പക്ഷെ, എന്റെ ഹൃദയം എവിടെയാണെന്ന് മാത്രം എനിക്ക് മനസ്സിലാകുന്നില്ല. ഞാനത് അന്വേഷിക്കുകയാണ്.' 'നമ്മുടെ ഹൃദയം പലർക്കും കൊടുക്കാൻ സാധിക്കില്ലല്ലോ .അതിന് പൂർണ്ണ അവകാശി ഒരാൾ മാത്രമായിരിക്കുമല്ലോ സൂസൻ .?'

'അതേ മാരീ. പക്ഷേ അത് ആരോ എടുത്തിരിക്കുന്നു. അത് ആരായിരിക്കാം?' 'അത് നിനക്ക് അറിയാൻ സാധിക്കുന്നില്ലെ സൂസൻ?' ' ഞാൻ അതൊക്കെ അറിഞ്ഞിരുന്നു മാരീ. അവരൊക്കെ എന്റെ ഹൃദയത്തിനായി മോഹനവാഗ്ദാനങ്ങൾ കൊണ്ട് മൂടി. അതിനായി ഞാൻ ചെല്ലണമെന്ന് അപേക്ഷയായിരുന്നു ആദ്യം. പിന്നീടത് ആജ്ഞയായി, വാശിയായി, ഭീഷണിയായി. അവരുടെ ആജ്ഞന് വർത്തിയായി ഇപ്പോൾ ഞാൻ മാറിയിരിക്കുന്നു മാരി, എനിക്കുള്ള വാഹനം ഇപ്പോൾ എത്തും.' അവളുടെ കണ്ണുകൾ നിറഞ്ഞു. സൂസൻ അത് പറഞ്ഞു തീർന്ന സമയം. റോഡിലേക്ക് നോക്കിയപ്പോൾ ദൂരെ നിന്നും ഒരു വാൻ ശരവേഗത്തിൽ അവളെ ലക്ഷ്യമാക്കി വരുന്നത് കണ്ടു.

അശ്രദ്ധമായ ഡ്രൈവിങ്ങിൽ റോഡിലെ കുണ്ടും കുഴികളും അയാളുടെ കണ്ണിൽ പെട്ടിരുന്നില്ല. ഒരു ചാട്ടക്കാരൻ മുയൽ കണക്കെ കുഴിയിലൂടെ ചാടിച്ച വാഹനത്തെ അതിൽ ഇരിക്കുന്ന സമ്പന്നന്റെ മുഖഭാവം കണ്ട് , അത് മനപ്പൂർവം അല്ലെന്ന ഭാവത്തിൽ, അയാൾ വാഹനത്തെ കടിഞ്ഞാണിട്ട് വലിച്ച കുതിരയെ പോലെ നിയന്ത്രിച്ചുകൊണ്ട് അവളുടെ അരികിലേക്ക് നിരങ്ങി കിതച്ചു നിന്നു. മാരിയോട് യാത്ര പറഞ്ഞ് അവൾ അതിൽ കയറാൻ ഡോർ വലിച്ചു തുറക്കാൻ ശ്രമിക്കുന്നു.

അതിനുള്ളിൽ നിന്നും കുപ്പിവളകളിട്ട കയ്കൾ അവളെ സഹായിക്കുന്നു. ആ സ്ത്രീയുടെ ഹൃദയവും മോഷണം പോയോയെ ന്ന് അവൾ ചിന്തിച്ചു. ഒട്ടും അമാന്തിക്കാതെ ചുറ്റും നോക്കാൻ ശക്തിയില്ലാതെ , തലകുനിച്ചു അവൾ വാനിൽ കയറി ഡോറ് അടച്ചു. അതിനുശേഷം പുറത്തേക്ക് തല യുയർത്തി നോക്കി. മാരി അവിടനിന്നും അ പ്പോൾ ദൂരേക്ക് നടന്നകന്നിരുന്നു. അതെ സമയം സയറൻ മുഴക്കികൊണ്ട് ഒരു ആംബുലൻസ് അതുവഴി കടന്നുപോയി. അതിനുള്ളിൽ നിന്നും അലമുറയിട്ട് കരഞ്ഞുകൊണ്ട് രണ്ട് മനുഷ്യജന്മങ്ങൾ. അയ്യോ ദാ. .പോകുന്നു എന്റെ ഹൃദയം . അതെ, ആംബുലൻസിന് പുറകിലെ ഗ്ലാസ്സിൽ അവളുടെ കണ്ണുകളു ടക്കി . അത് അവളുടെ അയൽപക്കകാരൻ നസ്രാണി ചെക്കന്റെ ഫോട്ടോ ആയിരുന്നു.- അവളുടെ സ്വന്തം പൈലിച്ചായന്റെ. എന്നെ വിട്ടുപോകല്ലെ പൈലിച്ചായായെന്നുറക്കെ ഉറക്കെ വിളിച്ചു പറയാൻ അവളുടെ ചുണ്ടുകൾ വെമ്പി. പക്ഷേ ചാടിത്തുള്ളി വളഞ്ഞുപുളഞ്ഞ് അനുസരണയില്ലാത്ത ആ വാൻ അവളെയും കൊണ്ട് അകലേക്ക് നീങ്ങി. അവളുടെ ഹൃദയവും കൊണ്ട്..... തിരിച്ചു വരാത്ത ഒരു ലോകത്തേക്ക് അവളുടെ പൈലിച്ചയാനും....



# കൂമ്പാളട



മനീഷ

തണുത്ത വിരലോട്ടം
നെറുകയിൽ,
നോക്കുമ്പോൾ ദാ അച്ഛമ്മ.
കണ്ട ആനന്ദത്താൽ
വള്ളിക്കാതിൽ വിരലിട്ട്
ഇക്കിളി കൂട്ടി.
പോത്തുപോലെ
വളർന്നിട്ടും
കുട്ടിക്കളി മാറീല പെണ്ണിന്.
അച്ഛമ്മ കെറുവിച്ചു.
എത്ര കാലായി കണ്ടിട്ട്,
വെള്ളിമുടിയിഴകളെ തഴുകി
നീലമൂക്കുത്തിക്കല്ലിൽ തോണ്ടി
സുന്ദരി തന്നെ ഇപ്പഴുംന്ന്
കൊഞ്ചിയപ്പോൾ
പൗർണ്ണമി വിരിഞ്ഞ
വാനം പോൽ മുഖം.
നീ മറന്നോ,
കുംഭ ഭരണിയല്ലേ.
കൊണ്ടൂവാന്ന് ഞാമ്പറഞ്ഞതല്ലേ.
അത് പണ്ടല്ലേ.
പണ്ട്, പണ്ട്.
എന്നിട്ട്
വാക്കുതെറ്റിച്ചു
അച്ഛമ്മ പുകയായ് മാഞ്ഞില്ലേ?

ഇമ്മക്ക് പോണ്ടേ,
കൂമ്പാളട പുഴുങ്ങണ്ടേ.
അരിയിടിക്കാൻ ഉലക്കയെവിടെ.
അതിന്
പുന്നെല്ല് ഉണക്കിയോ?

നിലാവ് ചിരിതൂകിയ
ചെമ്മൺ വഴിയിൽ
കിളിനിര പാറുംപോൽ
പറക്കുന്ന പെൺകൂട്ടം.
തലയിലേറ്റിയ ചെമ്പുകലത്തിൽ
തളിർ പാള ,പനഞ്ചക്കര
നാളികേരം.

മകരക്കൊയ്ത്തിലെ
നെല്ലുണക്കിക്കുത്തി
ഉരലിൽ ഇടിച്ചെടുത്തത്,
ഒരു കയ്യിൽ ചൂട്ട്,
മറുതോളിൽ വള്ളിയിൽ
തൂങ്ങി ഓലയും കൊതുമ്പും.

ചീവിട് മൂളുന്ന രാവിൽ,
പറഞ്ഞും പാടിയും
തലയുയർത്തി നടക്കുന്ന പെ
ണ്ണുങ്ങൾ.
ദേവിടെ ഭരണിവേല,
പെണ്ണുങ്ങള്ടേം.

പാതിരാക്കാറ്റ്
ആഞ്ഞു വീശി,
അമ്പലപ്പറമ്പിൽ
സൂര്യജ്വാലകളായ് അടുപ്പു
കൾ .

കൂമ്പാളകളിൽ അരിമാവും
ചക്കരത്തേങ്ങയും
ചുംബിക്കുന്നു.
ഓരോ കൂമ്പാളയും
ചുരുട്ടിക്കെട്ടി
മാല കോർത്തു
ചെമ്പു പാത്രത്തിലെ
തിളച്ച വെള്ളത്തിലേക്ക്
താഴ്ത്തിയിടുന്നു പെണ്ണു
ങ്ങൾ.
ഒപ്പം
മനസിലെ ആധിയും, വ്യാധി
യും
ആവലാതികളും.
ആൽമരയിലകൾ ഇളകും
പോൽ
പെണ്ണുങ്ങളിരമ്പുന്നു

ന്റെ പെണ്ണുങ്ങക്ക്ണ്ടേ
രാവും, നിലാവും, ആനന്ദ
വും.
ദേവി ചിരിക്കുന്നു.
പുലർച്ചെ ദേവി
നേദ്യം നുകരുന്നു.
ദേവീടെ വീറോടെ,
ദേവീടെ വായ്പ്പോടെ,
ദേവീടെ ചിരിയോടെ,
വാഴെന്റെ പെണ്ണുങ്ങളേ.
അടുത്ത ആണ്ടറുതിവരെയും
അമ്മ കാവൽ,
കോമരം പാർക്കുന്നു.
തെളിഞ്ഞ പകലിൽ,
പെണ്ണുങ്ങൾ നടക്കുന്നു.

കൈ വീശി,
തലയെടുപ്പോടെ,
വീട്ടിൽ കാത്തു കാത്ത്
കൂമ്പാളട കൊതിച്ചു നിക്കുന്നു
പൈതങ്ങൾ.
അച്ഛമ്മ കഥ തോരുന്നു.
അടുത്ത ഭരണിക്ക്
ഇമ്മക്ക് പോവാം കുഞ്ഞ്യേ. നെ
റുകയിൽ അച്ഛമ്മ തലോടുന്നു.

വാടിയ കൂമ്പാള മണം
പൊതിയുന്നു, മെല്ലെ ഞാനും
കൈ നീട്ടിടുന്നു.
അച്ഛമ്മ കരയുന്നു.
പാടവുമില്ല,
പുന്നെല്ലുമില്ല.
തൊടിയുമില്ല,
കൂമ്പാളയുമില്ല
വീറുമില്ല, വായ്പ്പുമില്ല,
ചിരിയുമില്ല, ചിന്തയുമില്ല.
ദേവി തീണ്ടാത്ത പെണ്ണുങ്ങൾ
ചുറ്റും
ആധി തീരാതെ നോക്കുന്നു.



# അമ്മയുടെ തണൽ


കവിത



വി പി ജോൺസ്

ഇക്കിളിപ്പെടുത്തുമോർമകൾ
സീൽക്കാരാധിത്യ ശബ്ദങ്ങൾ
കാതിൽ വന്നു പതിക്കുന്നു
കുസൃതിച്ചിരി കുറുകുന്നു.

നേർത്ത വിഷാദച്ചെരിവുകൾ
ചിത്തത്തിലൂർന്നിറങ്ങും നോവ്
വിശാലാകാശച്ചുറ്റുകൾ
ചുറ്റമ്പലം ചുറ്റിയടിക്കുമിളം കാറ്റ്
തുടുക്കുന്നു മനം,  തുളുമ്പുന്നു കരൾ
ബാല്യ കൗമാര യൗവനം
തളിർ പൂത്തുലയും ദാമ്പത്യം
അപൂർണ്ണമെരിയുമുദരം
ആമോദ പുളകം പട്ടിണി
പാടി കേൾക്കാത്ത പാട്ടുകൾ
പാടലം ഭംഗി പാരിടം
ജീവനേകുന്ന ജീവിതം
പാതിയിൽ തീർത്തു നീ സഖീ
ആകാംക്ഷയാൽ പ്രാണൻ
പ്രാണനായി നിന്നു പ്രിയതമ.
കാലാതിവർത്തി നീ സഖി
കാത്തിരിപ്പൂ പുണരുവാൻ
സിരകളിൽ സീമാതീതം
അലിഞ്ഞു ചേർന്ന പൂന്തിങ്കൾ
ഇച്ഛാശക്തി തൻ നികുഞ്ജമേ
പരിഭവിക്കാനറിയാത്ത
പാവം പനിനീരലരു നീ
ഭൂമി തൻ കൈകാലുകൾ
ആകാശം തൊട്ടു നിൽക്കവേ
ആരാമ സദൃശം പുഷ്പ
ശയ്യ ഏകുക സൗമ്യതേ!



# ഇരട്ടനാവുകൾ

കവിത

നിന്റെ ഒന്നാമത്തെ നാവിനാലുച്ചരിച്ച
വചനങ്ങളാണ്
എന്നിൽ പ്രണയത്തിൻ  വിത്ത് മുളപ്പിച്ചത്
ഇലപടർന്ന് മുകുളമായി
പൂവായി വിരിഞ്ഞു നിന്നത്
ആദ്യ നാവിനാലുച്ചരിച്ച
നിൻറെ ഉറപ്പുള്ള വചനങ്ങളിലായിരുന്നു
നീ രണ്ടാമത്തെ നാവു പുറത്തെടുത്തപ്പോഴാണ്
ഇരട്ടമുഖത്തെ ഭയന്നിരുന്ന
എൻറെ ചങ്കിൽ സൂചിമുനയുടെ വേദന
ആഴത്തിൽ തറച്ചത്
ഇരട്ടനാവുള്ള ജന്മമായിരുന്നു
നിൻറേതെന്ന്  അറിയാൻ
എനിക്കെൻറെ ഹൃദയം മുറിക്കേണ്ടിവന്നു
ആദ്യനാവിലെ വചനങ്ങളുടെ അന്ത്യത്തിൽ
നീ പുറത്തേയ്ക്കിട്ട രണ്ടാം നാവിലെ
ആ വചനങ്ങളിലാണ്
പ്രണയം പൂത്ത ചെടിപോലും
കരിഞ്ഞുപോയത് .



കൃഷ്ണകുമാർ മാപ്രാണം





കവിത

# എന്റെ കാവ്യ കന്യകയ്ക്ക്

നിൻ മിഴി അഗാധമാം നീലസാഗരം.
നോക്കി നിൽക്കവേ
പൂക്കുന്നെന്റെ കാടുകൾ,
ആകാശങ്ങൾ.

നിൻ മൊഴി അനാദിയാം കാറ്റിന്റെ താളം .
കേട്ടു നിൽക്കവേ
നിലാവിന്റെ തേരുകൾ,
നക്ഷത്രങ്ങൾ.

നിൻ ഗന്ധം അതിഗൂഢമൊഴുകും മഹാനദി
മുങ്ങി നിൽക്കവെ
എനിക്കെന്തൊരാവേശം,
ഹർഷോന്മാദം.

നിൻ ചിരി അതീന്ദ്രിയമായ ഭാവനാ ജാലം
പുൽകി നിൽക്കവെ
ചുറ്റും
പാട്ടിന്റെ കന്യാവനം................



എം. കപിൽദേവ്

# വേരറ്റ മരം

കവിത



രേഖ സി.ജി

വേരറ്റ മരത്തിലായിരുന്നു
ആ പക്ഷി മുട്ടയിട്ടത്.

വേരറ്റ മരം...
പഴങ്ങളും ഇലകളും കൊഴിഞ്ഞത് ...
മോഹങ്ങളും സ്വപ്നങ്ങളും
കാറ്റടിച്ചുപോയത്...
പെയ്തിട്ട മഴയും
ചൊരിഞ്ഞ വെയിലും
വിതറിയ മഞ്ഞും
ഒഴിച്ചിട്ടത്...

സ്വപ്നങ്ങളും
മഴവില്ലുകളും
നിറഞ്ഞുനിന്ന
കൊതിതീരാത്ത
ആകാശത്താണ്
കിളിയടയിരുന്നത്.



കിനാക്കളുടെയാവേഗങ്ങളിൽ
ബാക്കിയായ നിറങ്ങളെ നൽകി
മരവും വെൺമുട്ടകളെ പുതപ്പിച്ചു.

ഇട്ടേച്ചുപോയ ആൺകിളിയെ
തേടിയില്ല.
കൊത്തിയോടിച്ച അമ്മക്കിളിയെ
തിരഞ്ഞില്ല.
ചവിട്ടിതേച്ചുപോന്ന
കനലുകളെയൊപ്പം കൂട്ടിയില്ല.
ചിറകാകാശത്തെ മാത്രം
കൂട്ടുപിടിച്ച്
വേരറ്റമരത്തിലടയിരുന്നു.


അമ്മയായി,
അച്ഛനായി,
പാതിയായി.
കൂട്ടുകാരനായി,
വേരിൽ സ്നേഹംപൂക്കും മരം.

വേരറ്റ മരവും
പുണരുന്നാകാശവും
അടയിരുന്ന കിളിയും
കിനാവും
നിലാവും
ഭൂമിയിലെ പുതിയ
പ്രതീക്ഷകളായി.

കുഞ്ഞികിളികളുടെ
ശബ്ദമുഖരിതത്താൽ
പുതിയ പ്രഭാതം വിടർന്നു.

കൊത്തി പകുതിയായ
ഇലയും തളിരും
നോക്കി നിൽക്കേ
ആകാശത്തേക്ക് ....
മേഘങ്ങൾക്കിടയിലേക്ക് ...
കുഞ്ഞുങ്ങൾക്കൊപ്പം
കിളിയും പറന്നകന്നു.

വേരടർന്നുവീണ മരമപ്പോഴും
ഒരു പിറവിയുടെയാനന്ദത്തിലായിരുന്നു.



# പ്രതീക്ഷ



എ പി നാരായണൻ കുട്ടി

കവിത

1 ചായം ചാലിച്ചു സന്ധ്യ,
ചായം ചാലിച്ചു സന്ധ്യ, വർണ്ണ -
ചിത്രങ്ങൾ വിരിയിച്ചു, വിണ്ണിൽ
അകലങ്ങളിൽ അർക്കൻ അസ്തമി -
ച്ചീടുമ്പോൾ
അരികിലരിച്ചെത്തുമന്ധകാരം, ഈ
അവനിയിൽ നിറയുന്നിതന്ധകാരം...

2 പഴിക്കേണ്ടിരവിനെ,
പഴിക്കേണ്ടിരുട്ടിനെ
പകൽ വെട്ടമിനിയും നിറഞ്ഞുതൂവും,
തമസ്സിനെ തമസ്കരിച്ചീടുവാൻ
സൂക്ഷിയ്ക്ക
ഒരു കുഞ്ഞുവെട്ടം നീ, നിന്റെയുള്ളിൽ..

3 നശ്വരമല്ലേയെന്നുമിരുട്ടിൻ പ്രതികാരം
തെളിഞ്ഞീടട്ടെ വെട്ടം, മണ്ണിലും
മനസ്സിലും,
കാണുക, കൺകുളിർക്കെ നീ, യൊരു -
കൊച്ചുവെട്ടമീ മണ്ണിൽ ചൊരിഞ്ഞിടും
മധുമന്ദഹാസം,
താനേ മരിക്കുമീ ഘോരാന്ധകാരം....

4 നന്മതൻ വെട്ടം മണ്ണിൽ നിറയട്ടെ,
നിരന്തരം
മറഞ്ഞീടട്ടേ മണ്ണിൽ, തിന്മയാമന്ധകാരം
മറഞ്ഞീടട്ടേ മണ്ണിൽ,
തിന്മയാമന്ധകാരം.

**കവിത**

# വായനാശാലകൾ

ഷബ്‌ന അബൂബക്കർ



വിണ്ണിലേക്ക് ചാരിവെച്ച ഗോവണിപ്പടികളാണ്
ഒരോ വായനാ ശാലകളും...
അക്ഷരങ്ങളുടെ വിരൽത്തുമ്പു നീട്ടി
എത്ര വേഗത്തിലാണ് അവ നമ്മെ
ആകാശത്തിന്റെ വിശാലതയിലേക്ക്
കൈപ്പിടിച്ചു കയറ്റുന്നത്.

മൗനം കട്ടിപ്പിടിച്ച അകത്തളങ്ങളിൽ നിറയെ
സ്വതന്ത്രമായി പറക്കുന്ന കിനാവുകളുടെ
ചിറകൊച്ചകളാണ്...
അടുക്കിവെച്ച കടലാസു കെട്ടുകൾക്ക്
ആരുമറിയാത്ത പച്ചയായ ജീവിതത്തിന്റെ
അസഹനീയമായ ഗന്ധമാണ്...

നിരത്തിയിട്ട കസേരകളുടെയും മേശകളുടെയും
വിടവുകളിലൂടെ കാണുന്നതൊക്കെയും
നിശബ്ദതയെന്ന ഇരുണ്ട ഓർമ്മപ്പെടുത്തലിനാൽ
ഞെരിച്ചമർത്തിയ സൗഹൃദ സ്നേഹ ഭാഷണങ്ങളുടെ
പരിഭവം നിറച്ച കൂർത്ത നോട്ടങ്ങളാണ്...

വായനാ ശാലയിലെ അലമാരയുടെ
ഓരോ തട്ടുകളിലും പതുങ്ങിയിരിക്കുന്നത്
കനമുള്ള താളുകൾക്കിടയിലൂടെ
അഴകൊത്ത പ്രണയത്തിന്റെ ദൂതുമായെത്തിയ
ഹംസങ്ങളുടെ ഒളിഞ്ഞു നോട്ടങ്ങളാണ്...

ദരിദ്രനും സമ്പന്നനും മടികൂടാതെ
ചേർന്നിരിപ്പുണ്ടവിടെ...
പ്രണയത്തിന്റെ കുളിരും വിരഹത്തിന്റെ നോവും
മഴയും വെയിലും മഞ്ഞും മണ്ണുമെല്ലാം
ഒരുമിച്ചു നിരത്തി വെച്ചിട്ടുണ്ട്...

ജാലകളിലൂടെ ഒഴുകിയെത്തുന്ന തെന്നലിൽ
ഒരായിരം കഥ മണക്കുന്നുണ്ട്...
ഒരു നല്ല കവിത മൂളുന്നുണ്ട്...
അതേ
വായനാശാലയുടെ ഓരോ ഇടങ്ങളും
ഒരായിരം സ്വപ്നങ്ങൾക്ക് നിറം പകരുന്നുണ്ട്...
ഒരു ആകാശം തന്നെ തുറന്നു വെക്കുന്നുണ്ട്.



# കുട



എപ്പോഴും
ഒരു കുട
കൂടെയുണ്ടാവും
വെയിൽ കൊള്ളാതെ
മഴനനയാതെ

പുറത്തേയ്ക്കിറങ്ങുമ്പോൾ
ഒരു കുടയെങ്കിൽ
അകത്തുചെന്നാൽ
ഒട്ടേറെ കുടകളാണ്

നിവർത്തിപിടിച്ച
കുടകൾക്കു കീഴിൽ
സുഖമായി നിന്നു
അകത്തും പുറത്തും

ഒരുനാൾ
മരം പിഴുതെറിയും
കാറ്റുവീശി
കുടയുടെ
വില്ലൊടിഞ്ഞു
കുട കാറ്റിൽ പറന്നുപോയി
അന്നാദ്യമായ് മഴനനഞ്ഞു
അകം
വിണ്ടുകീറി
വെയിലും മഴയുമില്ലാതിരിക്കാൻ
കൊതിച്ചു

പുറത്തെ കുടയ്ക്കൊപ്പം
അകത്തെ കുടകളും
അപ്രത്യക്ഷമായി
പുതിയ കുടകൾ
ആരും
നിർമ്മിക്കുന്നില്ലെന്ന്...!

മഴയും
വെയിലും
മാറി മാറി വന്നു
കുടയില്ലാതെ
മഴ നനയാൻ മടിച്ച്
വെയിൽ കൊള്ളാൻ
മടിച്ച്
പുറത്തേയ്ക്കിറങ്ങാതിരുന്നു.

എപ്പോഴെങ്കിലും
കുടയില്ലാതെയും
നടക്കണമായിരുന്നു....!



അശ്വതി.വി.വി

# ചിത്രം



ശിവൻ തലപ്പുലത്ത്

ഞാൻ വരയ്ക്കാത്ത ചിത്രം
നീ മറന്നു വച്ച് പോയ
സ്വപ്നങ്ങളിൽ
തട്ടി തടഞ്ഞു വീഴുന്നുണ്ട്

വെളിച്ചത്തിന്റെ സുലഭതയിൽ
നീ കോരികുടിക്കാൻ
കൊതിച്ച ദാഹനീരുറവയിൽ
ശരണംപ്രാപിച്ച
കണ്ണീർകിനാക്കൾ

ഇനിയുമെത്താത്ത കാറ്റിനെ കുറ്റംപറയുന്നുണ്ട്

അഹം ചൂടിനെ തണുപ്പിക്കാൻ വിശറിയോട്
മോഹങ്ങൾക്ക് കാവലാകാൻ
കിണഞ്ഞു ശ്രമിക്കുന്നുണ്ട്

എരിയുന്ന തീക്കാറ്റി ന്റെ
വേഗമുനയിൽകയറി
സുരക്ഷിതയാത്ര ചെയ്യാൻ കൊതിക്കുന്ന
ഇന്നിന്റെ വിലാപങ്ങൾ

മുഴുമിപ്പിച്ചചിത്രത്തിന്റെ
വിശപ്പകറ്റാൻ
വായയെ തിരക്കി
കിതക്കുന്ന ചിത്രകാരൻ
കാണാത്ത കാഴ്ചയിൽ
സ്വപ്നങ്ങളെ ചേർത്തെഴുതാൻ
ഇനിയും പിറക്കാത്തമക്കളെ
സ്വപ്നം കാണുന്നുണ്ട്



# അക്ഷരക്കനലുകൾ

കവിത



**നിബിൻ കള്ളിക്കാട്**







## 1) ചുള്ളിക്കാട്

--------------------------------

ദുരിതവരമ്പിലെത്തി ജീവനിലറിവു നിറച്ചും
വിരൽതലോടലിൽ ജന്മാന്തരങ്ങളെ തൊട്ടും
കനലുകത്തുമഗ്നിയിലക്ഷരം കോരി
വിരുന്നൊരുക്കിയ പൊള്ളുന്ന കവിതകൾ

## 2) അയ്യപ്പൻ

------------------------------

ചിറകരിഞ്ഞൊരു പറവയെപോലെ
പിടയുകയാണിന്നും നീ ഹൃദയത്തിൽ
മകരമഞ്ഞു പൊഴിഞ്ഞിരുന്നില്ലെങ്കിലും
തണുത്തുറഞ്ഞു നിന്നെ വായിച്ചനേരം

## 3) ഒ.എൻ.വി

-------------------------

മൃതിയിൽ നിന്നും ജീവിതം വാങ്ങി
ഓർമ്മയിലൊന്നാകെ മുക്കിയുണക്കി
ജീവശ്വാസങ്ങളിൽ മധുരമാക്കവേ
കവിതയോ നിൻ സാന്ത്വനമന്ത്രങ്ങൾ .!

## 4) വയലാർ

----------------------------

വിപ്ലവത്തിന്റെ വിജയഗീതങ്ങൾ നീറുന്നു
തോരാത്ത നിൻ കലുഷിത യൗവ്വനത്തിൽ ,
എത്ര മൂർച്ചയാണക്ഷരത്തിനർദ്ധങ്ങൾ
എത്രവേഗമാണതിലൂടെ കാലങ്ങൾ....

## 5) നന്ദിത

--------------------

ജീവിതത്തിന്റെ വസന്തത്തിനു മുൻപവൾ
കനവിലൊരു കവിതകൊട്ടാരമൊരുക്കുന്നു.
ജീവനിൽ നിഗൂഢമാം വേദന കുറിക്കുന്നു
മരണമവളിലിറങ്ങി സ്വപ്നം തെളിക്കുന്നു..

# കൂടുവിട്ട വാക്കുകൾ ബാക്കി വച്ച കവിതകൾ

ചിലർക്ക്, ജീവിതം സ്വപ്നങ്ങളുടെയും കലഹപ്പെടലിന്റെയും കുഴഞ്ഞുമറിയിലാണ്. അവവേർതിരിച്ചു കാണാനോ, അവയിൽ നിന്നു പുറത്തു കടക്കാനോ ആവാത്ത പോലെയുള്ള ഇഴുകിച്ചേരൽ. അങ്ങനെ ജീവിതത്തോട് നിരന്തരം കലഹിച്ച് കടന്നു പോയയാളാണ് നിഷാർ. കെ.കോടത്തൂർ

1998-99 കാലത്ത് തൃശൂർകേരള വർമ്മ കോളേജിലെ സ്റ്റുഡന്റ് എഡിറ്റർ, മലയാള മനോരമ ഭാഷാപോഷിണി കവിതാ പുരസ്ക്കാര ജേതാവ്, ഡിസോൺ കവിതാമത്സര വിജയി.

കവിതാ വഴികളിൽ വ്യത്യസ്തമാർഗം തെളിയിച്ച വ്യക്തിയാണ് നിഷാർ. ക്യാമ്പസുകൾ അത്യാവേശത്തോടെ വായിച്ച കവിതകളാണ് നിഷാറിന്റേത്.

സൗമ്യമായി സംസാരിക്കുന്ന, സദാ പുഞ്ചിരിക്കുന്ന മുഖത്തോടു കൂടിയ അയാൾ ചവിട്ടടി ശബ്ദത്തോടെ കേരളവർമ കോളേജിലെ കരിയിലക്കൂട്ടങ്ങളിലൂടെ നടന്നു പോവുന്ന ചിത്രമായിരുന്നുഈ പുസ്തകം വായിക്കുമ്പോൾ മുഴുനീളംതെളിഞ്ഞു നിന്നിരുന്നത്.

ആമുഖത്തിൽ പറയുന്നതുപോലെ മരിച്ചു പോയവനെ,ഉയിർത്തെഴുന്നേൽപ്പിക്കുന്നതു പോലെ കഠിനതരമാണ് , സ്വയം മരിച്ചവന്റെ കവിതകൾ വീണ്ടെടുക്കുന്നതും ,അതിനെ ലോകത്തിന്റെ വെളിച്ചങ്ങളിലേക്ക് കെട്ടഴിച്ചിടുന്നതും.

പൊള്ളിക്കുന്ന സത്യമാണിത്.

നിഷാർ ജീവിച്ചത് ഈ ലോകത്തിലെ മറ്റൊരു ലോകത്തായിരുന്നു. കവിത പൂക്കുന്ന ഇടം.വിശാലവും കാപട്യ രഹിതവുമായ ലോകം. അതു കൊണ്ട് തന്നെ ഒരു ചെറിയ നിഷേധം പോലും അയാളെ വല്ലാതെ അലട്ടിയിരുന്നു.


നിഷാർ നടന്ന വഴികളത്രയും സ്വയം കലഹപ്പെടലിന്റെതായിരുന്നു. ഈ ലോകത്തിലെ കവിതകൾ മതിയാവാഞ്ഞ് മറ്റൊരു കവിതാ ലോകം തേടി പോയി ,

2004 ജനുവരി 17 ന് ജീവിതത്തോട് സലാം പറയുമ്പോൾ അധ്യാപക വിദ്യാർത്ഥിയായിരുന്നു.

നിഷാറിന്റെ അറുപതോളം കവിതകളെ സമാഹരിച്ച് പെരുമ്പടപ്പ് നിഷാർ.കെ.കോടത്തൂർ സംസ്ക്കാരിക സമിതി പുറത്തിറക്കിയ പുസ്തകമാണ് ,'ഒരു പാടിഷ്ടത്തോടെ' അവതാരിക



ശ്രീജ വിജയൻ




എഴുതിയിരിക്കുന്നത് വയലാർ ശരത്ചന്ദ്ര വർമ്മയാണ്. ഐവറി യാണ് പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.

ഭാഷയുടെ ശക്തിയും , ആശയങ്ങളുടെ നവീനതയും പ്രത്യേകതയായതു കൊണ്ട് തന്നെയാണ് ഈക്കവിതകൾക്ക് സ്വീകാര്യത വർധിച്ചത്.

സങ്കല്പ ലോകത്തു നിന്നുള്ള കവിതകളായതു കൊണ്ട് പലതിലും ചോദ്യ

വും ഉത്തരവും ഉൾച്ചേർന്നിരിക്കുന്നു. വായനക്കാരന് തെരഞ്ഞെടുക്കുകയേ വേണ്ടൂ.

നിളയെക്കുറിച്ചു തന്നെ എന്ന കവിതയിൽ ആസുരകാലത്ത് ഒഴുകുന്ന നിളയാണ്. ഓർമ്മകളിൽ ശാന്തവും സൗമ്യവുമായി നിറഞ്ഞൊഴുകിയിരുന്ന പുഴയുടെ ഇന്നത്തെ അവസ്ഥ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. നിളയോടു ചോദിക്കുന്നുണ്ട്.

‘ നീ വെറും ഭാരതപ്പുഴീ യോ
നീയെന്റെ വറ്റിയ മോഹമോ
അതോ
ഞാൻ തന്നെയോ‘ എന്ന്.

ആർദ്രതയും കനിവും നഷ്ടപ്പെടുന്ന അവസ്ഥ. അറിവും അനുഭൂതിയും തമ്മിലുള്ള ദൂരം പകർത്തി വച്ചിരിക്കുന്നു.

മീസാൻ കല്ലുകൾ കവിതകളിൽ കടന്നുവരുന്ന സ്ഥിര ബിംബമാണ്. പേടിപ്പെടുത്തുന്ന ശവകുടീരങ്ങൾ എന്നതിനപ്പുറം പ്രായം നിശ്ചയിക്കുന്നതിന്റെയും ഒറ്റപ്പെടലിന്റെയും അളവുകോലായി കടന്നുവരുന്നതു കാണാം.

പിറന്നാൾ കൊട്ടിഘോഷിക്കപ്പെടുന്ന ആഘോഷങ്ങളെക്കാൾഓർമപ്പെടു ത്തലാണ്. മീസാൻ കല്ലുകളിലേക്കുള്ള ദൂരം കുറയ്ക്കലാണെന്നും കവിത കണ്ടെത്തുന്നു.

നമ്മുടെ കപട സദാചാര ചിന്തയെയും വികലമായ കാഴ്ചപ്പാടിനെയും വിഷയമാക്കുന്ന കവിതയാണ് സദാചാരം.

കണ്ണിനകത്തുപെട്ട കരട് വളർച്ചക്കൊപ്പം വരികയും കരട് അസഹ്യമായപ്പോൾ കണ്ണ് കുത്തി പൊട്ടിക്കുന്ന യാഥാർത്ഥ്യം വർത്തമാന കാലത്തു പ്രചരിക്കുന്ന പച്ച പരമാർത്ഥമാണ്.

പ്രണയം നിഷാറിന്റെ കവിതകളിൽ അനായാസം പടർന്നു കയറുന്ന മുല്ലവള്ളിയല്ല. പ്രണയം ഒളിച്ചോട്ടമാണെന്നും ദൈവത്തെ മുറുകെപ്പിടിക്കാനുള്ള വ്യർത്ഥ ചിന്തകളാണെന്നും ,പടർച്ചയിൽ സംഭവിക്കുന്ന മുരടിപ്പ് ആണെന്നും രേഖപ്പെടുത്തുന്ന

ചെറുപ്പത്തിലെ മധുര സ്മരണകളും പിന്നിട്ട് പ്രണയത്തിന്റെ ഊഷ്മളതയില്ലായ്മയും , ചോരത്തിളപ്പിന്റെ കാലത്ത് വിപ്ലവ വഴികളിലൂടെ ജന്മദിനമാഘോഷിക്കുമ്പോൾ ഇരുട്ടിൽ അത്താണിയായ മതചിന്തകൾ ജീവിതം മുഴുവനും വഴി പിഴപ്പിച്ചു എന്നു പറയുന്ന കവിതയാണ് കല്ലു കൊണ്ടുള്ള കാലം.

വേദന, ശുദ്ധമദ്ദളം, സെല്ലുലാർ, സുബഹി . കടലു കാണാൻ തുടങ്ങിയ കവിതകൾ സമൂഹത്തിന്റെ രീതികളെയും കാഴ്ചപ്പാടുകളെയും പരിഹാസ രൂപേണ ചോദ്യം ചെയ്യുന്നവയാണ്. ബഹിഷ്കരണം എന്ന കവിത ജീവിതത്തിൽ സംഭവിക്കുന്ന വിരോധാഭാസങ്ങളുടേതാണ്.

കാബൂൾ , മനുഷ്യന്റെ ദയനീയമാറ്റം വല്ലാതെ സങ്കടപ്പെടുത്തുന്നു.

ഞങ്ങൾ ജീവിച്ചിരിപ്പുണ്ടെന്ന് ഞങ്ങൾക്ക് തോന്നിയിരുന്നത് തെരഞ്ഞെടുപ്പ് വരുമ്പോഴാണ് എന്ന വാക്കിലൂടെ രാഷ്ട്രീയ ആക്ഷേപഹാസ്യത്തിന്റെ പരവതാനി വിരിച്ചിടുന്ന കവിതയാണ് കൊക്കകോള. സാധാരണക്കാരൻ ചൂഷിതനാവുകയും ആ രീതികളോട് സമരസപ്പെട്ട് ജീവിത രീതികൾ രൂപപ്പെടുത്തുകയും ചെയ്യുന്നു. ഒരു വ്യക്തിയുടെ ഒരു ദിവസം പത്രത്തിലൂടെ, ഏതെല്ലാം , എന്തെല്ലാം വാർത്തകളിലൂടെ സഞ്ചരിച്ച്, ജീവിത പ്രശ്നങ്ങളിൽ കിതച്ച് മെഗാസീരിയൽ കണ്ട് തീരുന്നതാണ്. ആ സംഭവങ്ങളെ 'ഖബർ 'വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു.

ചുറ്റുവട്ടത്തുള്ള മലിന വ്യവസ്ഥിതിയെ കുക്കുട പുരാണത്തിൽ ക്രൂരമായി പരിഹസിക്കുന്നു.

ജീവിതം നിന്നെ എന്തു പഠിപ്പിച്ചു എന്ന ചോദ്യത്തിനുത്തരം ' തനിക്കു താനും, പുരയ്ക്കു തൂണും ' എന്നതാണ്. തനിക്കു ചുറ്റുപാട് ഒരുപാട് പേരുണ്ടായിട്ടും ഒറ്റയാക്കപ്പെടുന്ന ഇടമാണ് ഓരോജീവിതമെന്നുംകവി തിരിച്ചറിയുന്നു.

നിത്യജീവിതത്തിൽ ഞാനേറെയു പയോഗിക്കുന്ന വാക്കേതാണെന്നറിയാമോ -

‘ അറിയില്ല”

-- അറിയില്ല.

വലിയ സത്യമാണത്. പലതിന്റെ യുംഉത്തരമായിട്ടുള്ള വാക്കാണത്. നിഷാർ എന്തിനിങ്ങനെ ചെയ്തുവെന്നതിന്റെയും ഉത്തരവും അതു തന്നെ.

വാക്കിന് അദൃശ്യശക്തിയുണ്ട്. അത് പ്രപഞ്ചത്തിന്റെ ഊർജ്ജ സ്ഥലികളിലൂടെ സഞ്ചരിച്ച് അതിന്റെ ലക്ഷ്യസ്ഥാനത്തെ ചെന്ന് തൊടും. ജാഗ്രത്തായ സ്പർശമാപിനിയുള്ളവർക്ക് അതിന്റെ കമ്പനം നിസാരമായി പിടിച്ചെടുക്കാനാവും. ഇതായിരുന്നു നിഷാർ കവിത.

മരണത്തിലൂടെ, അകലത്തിലൂടെ, ആദ്യശ്യതയിലൂടെ മറഞ്ഞുപോയവർ ശ്വാസംമുട്ടിക്കുന്ന വിങ്ങലാണ്.

നിഷാറുമതേ!
കവിത ബാക്കിയാവുന്നു.

# കെ സുധാകരന്റെ പന്തിരുകുലത്തിലൂടെ



ദർശന

**നി**ലാവ് പരത്തുന്ന കഥകൾ എന്നാണ് ഭരതൻ മാഷ് കെ സുധാകരന്റെ കഥകളെക്കുറിച്ച് അവതാരികയിൽ സൂചിപ്പിച്ചിട്ടുള്ളത്. ലളിതമായ ഭാഷയിൽ പോയ കാലത്തിന്റെ ഓർമ്മകളിലേക്കവ നമ്മെ കൈപിടിച്ചു നടത്തുന്നു. കാലത്തിന്റെ ഇടനാഴിയിൽ ഒരുമാത്ര നമ്മളും ചെന്ന് നിൽക്കുന്നു. ഗൃഹാതുരത്വമുണർത്തുന്ന നാട്ടുവിശേഷങ്ങൾ കേൾക്കാൻ കാതോർക്കുന്നു. കൊരട്ടി സ്വദേശിയാണ് സുധാകരൻ. വർഷങ്ങളായി കണക്കുകളുടെ ലോകത്ത് ജീവിച്ച ഒരാൾ. ആ ചിട്ടകൾ അദ്ദേഹത്തിന്റെ എഴുത്തിലും കാണാം. 12 കഥകളുടെ സമാഹാരമാണ് പന്തിരുകുലം എന്ന ഈ പുസ്തകം. ജീവിതത്തിൽ ഒരു തണൽ വൃക്ഷം പോലെ നിഴൽ വിരിച്ച വഴിമാർഗം കാണിച്ച സ്നേഹനിധിയായ അച്ഛന് സമർപ്പിച്ചുകൊണ്ട് അദ്ദേഹം ആഗ്രഹിക്കുന്നത് കഥകളുടെ മഹാസാഗരത്തിൽ ഇറ്റുവീഴുന്ന മഴത്തുള്ളികൾ പോലെ ഈ കഥകളും അലിഞ്ഞുചേരട്ടെ എന്നാണ്.

ഒറ്റയായി പോകുന്നവർക്കും ജീവിക്കണ്ടേ. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ കീഴ്പ്പെടുത്തുമ്പോൾ ആരും പരുക്കനായിപ്പോകും . ആർക്കും മനസ്സിലാവാത്തവരായിപോകും. എന്നാലും ആരെങ്കിലുമൊക്കെ അവരെ മനസ്സിലാക്കുക തന്നെ ചെയ്യും. ദാമു എങ്ങനെ പൊട്ടനായി പോയി എന്ന് ആരും ചിന്തിക്കുന്നതേയില്ല. തൻ കാര്യം മാത്രം നോക്കുന്നവരുടെ ലോകത്ത് ദാമുവിനെപ്പോലെയൊരാളെ ആരാണ് ശ്രദ്ധിക്കുക? മനസ്സിലാക്കിയില്ലെങ്കിലും പരിഹസിക്കാനും അപഹസിക്കാനും അനവധിയായി ആളുകൾ മുന്നിട്ടുനിൽക്കുന്നുമുണ്ട്. എന്നിട്ടും ദാമുവിനെ മനസ്സിലാക്കാൻ ഒരാളുണ്ടായി വത്സല .




കടലാസരോ എന്ന കഥയിലെ പൊട്ടൻ ദാമു വായനക്കാരുടെ ഉള്ളു പൊള്ളിക്കുന്നത് കഥാന്ത്യത്തിലാണ്. അതറിയണമെങ്കിൽ അവന്റെ അവ്യക്തമായ ഭാഷയിലേക്ക് നിങ്ങളും ഒന്ന് ചെവി ചേർക്കൂ.

നല്ലമ്മ എന്ന കഥ ബാങ്ക് ജീവിതത്തിന്റെ ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. നല്ലമ്മയായിട്ടും സ്നേഹനിധി എന്ന് പലതവണ കഥാകൃത്ത് എഴുതിയിട്ടും എനിക്ക് ആ അമ്മയെ ഉൾക്കൊള്ളാനായില്ല കാരണമെന്തെന്ന് കേട്ടാൽ നിസ്സാരം എന്ന് നിങ്ങൾക്ക് തോന്നും. എന്നാൽ അത് അത്ര നിസ്സാരമല്ല താനും. ചില അമ്മമാര് അങ്ങനെയാണ്. എത്രയൊക്കെ മേന്മകൾ ഉണ്ടെങ്കിലും എന്തെങ്കിലും കുറവുകൾ ഉണ്ടാകും. അതറിയണമെങ്കിൽ ഈ കഥയൊന്നു വായിച്ചാൽ മതി.

നിലവിളക്ക് എന്ന കഥയിലെ സൗദാമിനി ടീച്ചറെ മരണശേഷമാണ് നമ്മൾ പരിചയപ്പെടുന്നത് ഒരു മരണവീടിന്റെ പരിവേഷം കൃത്യമായി വായനക്കാരിലേക്ക് എത്തിക്കാൻ കഥാകൃത്തിന് കഴിഞ്ഞു. മരണശേഷം നമുക്ക് ചുറ്റും ഉള്ളവരെ നിരീക്ഷിക്കാൻ സാധിക്കുകയെന്നാൽ എന്ത് രസമായിരിക്കു

മല്ലേ. ഈ കഥ വായിച്ചപ്പോൾ അങ്ങനെയൊന്ന് സാധ്യമായിരുന്നെങ്കിൽ എന്ന് ചിന്തിച്ചു പോയി. എങ്കിലും അവസാന ഭാഗത്തിൽ മരണത്തിലേക്ക് എന്നത് വെച്ച് കഥ അവസാനിപ്പിക്കാമായിരുന്നു . തുടർന്ന് കഥാകൃത്തിന്റേതായ ഒരു വിശദീകരണം ആവശ്യമില്ലായിരുന്നു എന്ന് തോന്നി.

എല്ലാവർക്കും അച്ഛമ്മമാരുണ്ട്. തിരക്കു പിടിച്ച ലോകത്ത് സുകുവിന്റെ അച്ഛമ്മയെപ്പോലെ ഒരച്ഛമ്മ അപൂർവ്വ കാഴ്ചയായിരിക്കും. എനിക്കും ഉണ്ടായിരുന്നു ഒരച്ഛമ്മ. ദേശസഞ്ചാരിയായ അച്ഛമ്മ . വീട്ടിലേക്കുള്ള സകല സാധനങ്ങളും നാലും കൂടിയ കവലയിൽ പോയി വാങ്ങിക്കൊണ്ടുവരുന്നത് അച്ഛമ്മയാണ് . വന്നപാടെ സഞ്ചി അമ്മയെ ഏൽപ്പിച്ച് ഉമ്മറത്ത് കാലും നീട്ടിയിരുന്ന് ഒരു മുറുക്കാണ്. വെറ്റിലയെടുത്ത് ഞരമ്പ് കളഞ്ഞശേഷം ചുണ്ണാമ്പ് തേച്ച് കുനുകുനെ വെട്ടി നുറുക്കിയ കളിയടക്കഷണങ്ങൾ അതിലിട്ട് ചുരുട്ടി വായിലിട്ട് ചവയ്ക്കുന്നതിനിടയിൽ കവലയിൽ പോയി തിരികെ വന്നതുവരെയുള്ള കാഴ്ചകളും വിശേഷങ്ങളും പറഞ്ഞുകൊണ്ടിരിക്കും. എന്റെ അച്ഛമ്മയ്ക്ക് വെള്ളിക്കമ്പി പോലത്തെ മുടിയായിരുന്നു. ധന്വന്തരം തൈലത്തിന്റെയും രാസനാദി ചൂർണ്ണത്തിന്റെയും ഭസ്മത്തിന്റെയും മണമായിരുന്നു. കഥ പറഞ്ഞ് കഥ പറഞ്ഞ് കാടുകയറിപ്പോയ ഒരു അച്ഛമ്മ . ജീവിതത്തിൽ

ഒറ്റപ്പെട്ടുപോകുന്ന സമയങ്ങളിലും പിഞ്ഞിത്തുടങ്ങിയ പായയിലും തലയിണയിലും സ്വപ്നങ്ങൾ ഒതുക്കി ചുവന്ന അരികുള്ള മെത്തപ്പായ മറ്റുള്ളവർക്കായി വിരിച്ചു കൊടുക്കുന്നവർ. ഓർമ്മകളുടെ പിന്നാമ്പുറത്ത് കൂടി അവരങ്ങനെ നടന്നു നീങ്ങുമ്പോൾ കണ്ണുകളിൽ ഈറൻ പൊടിയാതിരിക്കില്ല.

ജീവിതത്തോട് എപ്പോഴാണ് കൂടുതൽ സ്നേഹം തോന്നുകയെന്നോ, തന്നെ സ്നേഹിക്കുന്ന താൻ സ്നേഹിക്കുന്ന ഒരാളുടെയൊപ്പം ഇണങ്ങിയും പിണങ്ങിയും പരിഭവങ്ങളുമായി തന്റേതെന്ന് കരുതുന്ന ഒരു ലോകത്തെ ജീവിക്കുമ്പോൾ പൊടുന്നനെ രണ്ടിലൊരാൾക്ക് മരണതുല്യമായ രോഗം പിടിപെടുക . അന്നേരം സ്വയമറിയാതെ എല്ലാവരും പ്രാർത്ഥിച്ചു പോകും . കൂട്ടുകാരിയെ അല്ലെങ്കിൽ കൂട്ടുകാരനെ തനിച്ചാക്കി പോകാനിടയാകല്ലേയെന്ന്. അമരൻ എന്ന കഥയിലെ കഥാപാത്രം പറയുന്നത് കേൾക്കൂ

'എനിക്കിപ്പോ ഒരു അസുഖവുമില്ല . വീട്ടിൽ ചെന്ന് എന്റെ കനകത്തെ ഒന്ന് കണ്ട് അവൾ ഉണ്ടാക്കി തരുന്ന ചുക്കുകാപ്പിയും കുടിച്ച് പത്തുപതിനെട്ട് കൊല്ലം കിടന്ന ആ കിടക്കയിൽ ഒന്ന് നടുനിവർത്തിയാൽ തീരാവുന്നതേയുള്ളൂ എന്റെ രോഗം.'

ഈ ഭൂമിയിലെ സകല ജീവജാലങ്ങളെയും പോലെ തന്നെയാണ് മനുഷ്യരും. ജീവിക്കാനും മരിക്കാനും ഉള്ള അവകാശം എല്ലാവർക്കും ഒരുപോലെ തന്നെയാണ്. എന്നിരുന്നാലും മനുഷ്യൻ അവന്റെ വിശേഷബുദ്ധിയാൽ സർവ്വം കീഴടക്കി ഭരിക്കുന്നു. അവൻ നിശ്ചയിക്കുന്നു ആര് ജീവിക്കണം , ആര് മരിക്കണം , എങ്ങനെ ജീവിക്കണം എന്നൊക്കെ. ഗാന്ധാരി എന്ന അമ്മയിൽ ഒരു മുത്തശ്ശിയുടെ വേദനയാണ്. ജീവിതത്തിൽ ഒറ്റയായി പോയ ഒരു അമ്മയ്ക്ക് ആകെ കൂട്ടിനുള്ളത് ഒരു നായയാണ്. വളർത്തു നായക്ക് പ്രായമേറുമ്പോൾ വീടിനും നാടിനും ഭാരമായി മാറുന്ന വർത്തമാനകാലത്തിൽ നിന്നും തെല്ലും വ്യത്യസ്തനല്ല ഈ കഥയിലെ ജഗ്ഗു എന്ന നായയുടെ അവസ്ഥയും ഉപകാരമില്ലാത്തതിനെ തീറ്റിപ്പോറ്റി വളർത്തേണ്ട കാര്യമില്ല എന്ന് മരുമകൾ മകനോട് അടക്കം പറയുമ്പോൾ അമ്മയും വേദനിക്കുന്നുണ്ട്. ജീവിതത്തിൽ തീർത്തും ഒറ്റപ്പെട്ടു പോകുമ്പോൾ മറ്റുള്ളവർക്ക് സ്വയം ഭാരമാകുന്നുവോ എന്ന തോന്നൽ ശക്തിപ്പെടാതിരിക്കുന്നതെങ്ങനെ?

കുരുക്ഷേത്ര യുദ്ധത്തിനുശേഷം യുദ്ധഭൂമിയിലെ കാഴ്ചകൾ കണ്ടു നടന്ന് വിലപിക്കേ, ഗാന്ധാരി കൃഷ്ണനോട് പറയുന്നുണ്ട് കൊല്ലിക്കയല്ലേ നിനക്ക് രസമെടോ എന്ന്.

ഊട്ടി വളർത്തിയ നായയുടെ അന്ത്യവും ആ അമ്മയുടെ കയ്യാൽ തന്നെയാകണമെന്ന് മറ്റുള്ളവർ നിശ്ചയിക്കുമ്പോൾ കഥാകൃത്ത് മഹാഭാരതത്തിലെ ചില സന്ദർഭങ്ങളെ ഓർമിപ്പിക്കുന്നതിൽ അതിശയിക്കാനില്ല.

ഭൂതഗണങ്ങളുടെ രാത്രി സഞ്ചാരം എന്ന കഥ വളരെ രസകരമാണ്. ജോലിയില്ലാതെ പുര നിറഞ്ഞു നിൽക്കുന്ന അജയൻ. റിക്രൂട്ട്മെൻറ് റാലിക്ക് പങ്കെടുക്കാനുള്ള യാത്രയും ശിവന്റെ പരിവാരങ്ങളുടെ രാത്രി സഞ്ചാരമോർത്ത് പേടിക്കുന്നതും വളരെ തന്മയത്വത്തോടെ കഥാകൃത്ത് അവതരിപ്പിച്ചിട്ടുണ്ട്. എമ്പ്രാന്തിരിയുടെ ഭാര്യയ്ക്ക് പറ്റിയ ഒരു അബദ്ധം അജയന് പേടിസ്വപ്നമാ

യ കഥ . ഒപ്പം ഗ്രാമീണ അന്തരീക്ഷത്തിലുള്ള ഉത്സവാഘോഷങ്ങളുടെ വർണ്ണനയും മുടിയേറ്റുമെല്ലാം കഥയുടെ മോടി കൂട്ടുന്നുണ്ട്.

ഇങ്ങോട്ട് ചെയ്യുന്നതെല്ലാം അങ്ങോട്ട് ചെയ്താൽ പ്രതികാരമാവുമോ? മാവല്ലേ , മരമല്ലേ, ഇലയത് ഒരിത്തിരി പൊഴിയുമല്ലോ . കൊമ്പും വേരും അപ്പുറത്തേക്കും ഇപ്പുറത്തേക്കും വളരുന്നത് തടയാൻ ആർക്കാകും ? എന്നാലും ഷാരടിയുടെ പ്രതികാരം നന്നായി. പ്രതികാരം ചെയ്ത രീതിയോടുള്ള പ്രതിഷേധ സൂചകമായി വീടിനകത്ത് ഇടിവെട്ടി മഴപെയ്താലെന്താ പറമ്പ് വൃത്തിയായല്ലോ. കൂട്ടത്തിൽ ഇതുവരെ കിട്ടാത്ത മാമ്പഴവും കിട്ടി.

രാജാവ് നഗ്നനാണ് എന്ന കഥയിൽ ഭരണാധിപന്മാരുടെ വിവരമില്ലായ്മയെയാണ് കഥാകൃത്ത് അപഹസിക്കുന്നത്. പേപ്പട്ടികളെ കൊല്ലാൻ പട്ടിണി മൂലം ഗതികെട്ട് നടന്ന വാറുണ്ണിയെ ഏൽപ്പിച്ച നാടുവാഴി പരദേശിയുടെ വാക്കുകേട്ട് അയാളുമായി ഉടമ്പടി ഒപ്പിടുന്നതും ജീവിക്കാൻ നിവൃത്തിയില്ലാത്ത വാറുണ്ണിയും കുടുംബവും വ്യഥകൾ ഇല്ലാത്ത പട്ടിണിയില്ലാത്ത ലോകത്തേക്ക് യാത്രയാകുന്നതും പരദേശി കരാർ കാലം കഴിഞ്ഞു പോകുന്നതും പേപ്പട്ടികൾ വീണ്ടും പെരുകുന്നതും അന്നേരം പരദേശി പേപ്പട്ടി വിഷത്തിനുള്ള പ്രതിവിധികളുമായി പുതിയ ഉടമ്പടികളുമായി എത്തുന്നതും ബുദ്ധിശൂന്യനായ രാജാവ് ഉടമ്പടികളുടെ കൂമ്പാരത്തിൽ തലചായ്ച്ചുറങ്ങുന്നതും പുതിയ വാണിജ്യ തന്ത്രജ്ഞർ കൊഴുക്കുന്നതും വർത്തമാനകാലത്തെ സാമൂഹിക യാഥാർത്ഥ്യങ്ങളെ ഓർമിപ്പിക്കുന്നു.

ചൂട് എന്നതൊരു കഥയില്ലാത്തവന്റെ കഥയാണ് . കഥയെഴുതാൻ സാഹചര്യങ്ങളും സന്ദർഭങ്ങളും തിരഞ്ഞു പോകുന്നതും സൃഷ്ടിക്കുന്നതും ചിരിയുണർത്തുന്നു. അവനെ സൃഷ്ടിച്ചതിൽ ഒരസികത്തവും വായിക്കുമ്പോൾ തോന്നുകയില്ല എന്നതാണ് വാസ്തവം.

സുകൃതക്ഷയം എന്ന കഥ അയിത്തത്തിനെതിരെയുള്ള യുവതയുടെ അമർഷമാണ് സൂചിപ്പിക്കുന്നത്. തൊട്ടുകൂടായ്മയും ജാതീയതയും ശക്തമായി നിലനിന്നിരുന്ന ഒരു കാലത്തെ വരച്ചുവയ്ക്കുകയാണ് കഥാകൃത്ത്.

ഇവിടെ മോര് ഒരു ബിംബം മാത്രം

'വെറുതെയല്ലല്ലോ മോരു തരുന്നത് ? പൈസ തന്നിട്ടല്ലേ' എന്ന സുകുവിന്റെ ചോദ്യം വാസ്തവം. പൈസ നിലത്തു വയ്ക്കാതെ വാങ്ങുമ്പോൾ പാത്രമെന്തിന് കമഴ്ത്തി വെക്കണം എന്ന ചോദ്യം ന്യായം.

എന്താണ് സുകൃതം എന്ന ധാരണകൾ തിരുത്താൻ ഇക്കാലമത്രയും കഴിഞ്ഞിട്ടും നമുക്ക് സാധിച്ചിട്ടില്ല . ജാതീയത വീണ്ടും തലപൊക്കിത്തുടങ്ങിയിരിക്കുന്ന ഈ വർത്തമാനകാലത്ത് സമൂഹത്തിൽ ചലനം സൃഷ്ടിക്കാനുതകുന്ന തരത്തിൽ എഴുത്തുകളും വായനകളും വളർന്നു വരേണ്ടതുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നു ഈ കഥ .

ജീവിതം യൗവനതീക്ഷണവും ഹൃദയം പ്രേമ സുരഭിലവും ആയിരിക്കുന്ന കാലത്ത് സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നു സാക്ഷാത്കാരം എന്ന കഥയിൽ ഒരു അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധത്തെ തെറ്റിദ്ധരിക്കപ്പെടുകയാണ് . പിന്നീട് വർഷങ്ങൾക്കുശേഷം ആ വിദ്യാർത്ഥി തന്റെ കുടുംബവുമൊക്കെയായി ടീച്ചറെ കാണാൻ വരുന്നതും പണ്ടത്തെ ഓർമ്മകളുടെ സ്മാരകമെന്നോണം അവരൊന്നിച്ച് നടന്നു വരുന്ന മനോഹരമായ ചിത്രം സമ്മാനിക്കുന്നതും കഥയെ ഹൃദ്യമാക്കുന്നു.

ആമുഖത്തിൽ സൂചിപ്പിക്കും പോലെ കഥയുടെ ലോകത്തേക്ക് പിച്ചവച്ചു നടക്കാൻ തുടങ്ങിയ ഒരാളുടേത് എന്നതിനേക്കാൾ വാചാലമാണ് പന്തിരുകുലത്തിലെ കഥകൾ . അത്രയൊന്നും ഗഹനമല്ലാത്ത ഭാഷയിൽ നാടിന്റെയും നാടൻ ജീവിതങ്ങളുടെയും ചിത്രങ്ങൾ മെനഞ്ഞെടുത്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ വായന സുഗമവും ഒഴുക്കുള്ളതും ഗൃഹാതുരത്വം ഉണർത്തുന്നതുമാണ്. കഥാ വിഷയങ്ങൾ തെരഞ്ഞെടുത്തതിൽ പുതുമകൾ അവകാശപ്പെടാനില്ല എന്ന് തോന്നാമെങ്കിലും അവയുടെ ഹൃദ്യമായ ആവിഷ്കരണം കഥാഗതിയെ ഒഴുക്കുള്ളതാക്കുകയും വായനയെ മടുപ്പിക്കാതിരിക്കുകയും ചെയ്യുന്നുണ്ട് എന്നത് ശ്രദ്ധേയമാണ് . ഓരോ കഥയും ജീവസുറ്റ ചിത്രങ്ങളാണ് സമ്മാനിക്കുന്നത്. ഈ കഥകൾ ഹൃദയത്തെ കീഴ്പ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല ഇനിയും അനേകം കഥകളുടെ ഭൂമികയിലേക്കുള്ള രഹസ്യത്താക്കോലാണ് ആ തൂലിക . ഇറ്റുവീഴുന്ന ഈ മഴത്തുള്ളികളെ വൃഥാ ഒഴുക്കിവിടാതെ ഹൃദയത്തിലേൽക്കുക എന്ന് മാത്രം ഓർമിപ്പിക്കട്ടെ.

# ശംഖജം പ്രവാസത്തിന്റെ നീറുന്ന കഥ



മുഹമ്മദ്സഗീർ
പണ്ടാരത്തിൽ

പ്രവാസി കഥാകാരൻ ശരവൺ മഹേശ്വറിന്റെ 30 വർഷക്കാലത്തെ പ്രവാസ ജീവിതത്തിന്റെ പരിച്ഛേദമാണ് ശംഖജം എന്ന നോവൽ. ശംഖജം എന്നാൽ വലിയ മുത്ത് എന്നാണ് അർത്ഥം. എല്ലാവരും മുത്ത് വാരാനാണല്ലോ ഗൾഫ് എന്ന ഈ ഭൂമിയിലെത്തുന്നത്. അതിൽ 100 പേരെ എടുത്താൽ 90 പേരും ദു:ഖക്കയത്തിൽ തന്നെയായിരിക്കും. രക്ഷപ്പെടുന്ന 10 പേർ സ്ഥായിയായി എന്തെങ്കിലും നേടുന്നുണ്ടോ എന്നതും സംശയമാണ്. തിരുവനന്തപുരത്ത് ജനിച്ച രവികുമാർ എന്ന ശരവൺ മഹേശ്വർ

തിരുവനന്തപുരം മോഡൽ സ്കൂളിലും സംസ്കൃതകോളജിൽ നിന്നുമായി പഠനം പൂർത്തിയാക്കി. തുടർന്നാണ് ജോലിക്കായി ഖത്തറിലേക്ക് ഇദ്ദേഹം വരുന്നത്. പിന്നീട് 2007 ലാണ് ദുബായിലേക്ക് പോകുന്നത്. ഖത്തർ, ബഹറിൻ, സൗദി അറേബ്യ, യുഎഇ തുടങ്ങിയ രാജ്യങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം കൂലിപ്പണി മുതൽ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ പദവി വരെ ചെയ്തു. ഏത് ജോലിക്കു അതിന്റേതായ അന്തസ്സും നിലനില്പ്പും ഉണ്ടെന്ന് വിശ്വസിക്കുന്ന ഇദ്ദേഹത്തിന്റെ അനുഭവങ്ങളാണ്, നവരസം സംഗീത സഭയുടെ 2022 ലെ ഗോവിന്ദ് രചന അവാർഡ് ലഭിച്ചിട്ടുള്ള ശംഖജം എന്ന ഈ നോവലിൽ ഉള്ളത്. പറഞ്ഞറിയിക്കാൻ പറ്റാത്ത നൂറു കണക്കിനനുഭവങ്ങൾ, ജീവിക്കാൻ ഒരു കച്ചിതുരുമ്പ് പോലും ലഭിക്കാതെ ആത്മഹത്യവരെ ചെയ്യ്താലോയെന്ന് ചിന്തിച്ച ദിനങ്ങൾ, അതെല്ലാം തരണം ചെയ്ത ഇദ്ദേഹം എട്ട് വർഷമെടുത്താണ് ഈ നോവൽ പൂർത്തിയാക്കിയത്. വീട്ടിൽനിന്നും ചുറ്റുവട്ടത്തുനിന്നും കിട്ടിയതും പ്രവാസജീവിതത്തിലെ കയ്പേറിയതുമായ അനുഭവങ്ങളുടെ ശക്തിയിൽ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി ശരവൺ മഹേശ്വർ തന്റെ തൂലികയിലൂടെ നിരവധി കവിതാ, ചെറുകഥാ സമാഹരങ്ങൾ, നോവലുകൾ, ചലച്ചിത്ര തിരക്കഥകൾ, സിനിമാ അനുഭവങ്ങൾ, കത്തുകളുടെ സമാഹാരം എന്നിങ്ങിനെ 23 കൃതികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. കാലാനുവർത്തിയായി വായനക്കാരിലേക്ക് അനുസ്യൂതം ഒഴുകികൊണ്ടിരിക്കുന്ന ഇദ്ദേഹത്തിന്റെ സൃഷ്ടികൾക്ക് അവതാരികകളും ആമുഖങ്ങളും, നിരൂപണങ്ങളും എഴുതിയിട്ടുള്ളത് തകഴി, ബഷീർ, മഹാകവി അക്കിത്തം, മഹാകവി ഒളപ്പമണ്ണ, മഹാകവി എം പി അപ്പൻ, പെരുമ്പടവം ശ്രീധരൻ, ശ്രീമതി ബാലാമണിയമ്മ, ഡോ. ജി രാമചന്ദ്രൻ തുടങ്ങിയവരാണ്. വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്ത ശാന്തിമന്ത്രം മുഴക്കുന്ന മരുത്വാമല, പൂർണമായും മിഡിലീസ്റ്റിൽ ചിത്രീകരിച്ച ആദ്യ ഹിന്ദി ഹൃസ്വചിത്രമായ ആകർഷിത്, നൃത്തസംഗീത ചിത്രമായ ദമരു, മറന്നുവോ നീയെൻ തുടങ്ങി നിരവധി ഹൃസ്വചിത്രങ്ങളും എഴുത്തിനൊപ്പം ഇദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. അതോടൊപ്പം 36 ഭാഗങ്ങളായി ശംഖജം എന്ന ഈ നോവൽ സ്പാർക്ക് മീഡിയ എന്ന യുട്യൂബ് ചാനലിലൂടെ എഴുത്തുകാരൻ തന്നെ അവതരിപ്പിക്കുന്നത് വൈകാതെ സംപ്രേക്ഷണം ആരംഭിക്കും.




2005 ൽ ഫ്രണ്ട്ഷിപ്പ് ഫോറം ഓഫ് ഇന്ത്യയുടെ ഭരത് എക്സലൻസ് അവാർഡ്, 2006 ൽ ഇന്റർനാഷണൽ പെൻഗ്വിൻ പബ്ലിഷിങ് ഹൗസിന്റെ പേഴ്സ്ണാലിറ്റി ഓഫ് ഇന്ത്യാ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. ഇദ്ദേഹമിപ്പോൾ വൈഗ തൻ നദിക്കരയിലെ എന്ന തമിഴ് ചലച്ചിത്രവുമായി ബന്ധപ്പെട്ട നാട്ടിലാണ്.



### ഈ ലേഖനം രാഷ്ട്രീയം കലർത്താതെ കാണുക

# മാലിന്യ സംസ്കരണം

## (ഒരു അവലോകനം)

**കുന്നംകുടത്ത് ഈനാശു പോൾ**

നമ്മുടെ രാജ്യത്ത് എവിടെയും രൂക്ഷമായ പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ സംസ്കരണം. പല രാജ്യങ്ങളിലും മാലിന്യ നിർമ്മാജനം വളരെ നല്ല രീതിയിലാണ് കൈകാര്യം ചെയ്യുന്നതും. നമ്മുടെ രാജ്യത്ത് പല പ്രദേശങ്ങളിലും കാര്യക്ഷമമായ സംവിധാനങ്ങളും കാണാവുന്നതാണ്. എന്നാൽ നമ്മുടെ കേരളത്തിൽ ഇപ്പോഴും നല്ലൊരു സംവിധാനമായിട്ടില്ല എന്നുവേണം പറയാൻ. ദിനംപ്രതി പലയിടത്തു നിന്നും വരുന്ന റിപ്പോർട്ടുകൾ അനുസരിച്ച്, മാലിന്യങ്ങൾ വഴിയരിങ്കിൽ നിക്ഷേപിച്ച് കടന്നു കളയുന്ന വാർത്തകളിൽ കൂടുതലായി വന്നുകൊണ്ടിരിക്കുന്നു.മിക്കവാറും നല്ല രീതിയിൽ മാലിന്യ സംസ്കരണം ചെയ്തു വരുന്ന ഒരു നഗരത്തെക്കുറിച്ച് ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. 100% ഇല്ലെങ്കിലും വിജയകരമായി പ്രവർത്തിച്ചുവരുന്ന ഗുജറാത്തിലെ അഹമ്മദാബാദ് നഗരസഭയെ കുറിച്ചാണ്.

മാലിന്യം വീടുകളിൽ നിന്നും ശരിയായ രീതിയിൽ ശേഖരിച്ച്, ഒരു സ്ഥലത്ത് നിക്ഷേപിച്ചതിനുശേഷം വിവിധ രീതിയിൽ വിവേചനം ചെയ്തു വരുന്നതായി കാണാൻ കഴിയും. ഒരു പ്രത്യേക സ്ഥലം തന്നെ അതിനായി ഉപയോഗിച്ചുവരുന്നു. ആയതിനാൽ വഴിയരികിലേക്കോ വിജനപ്രദേശത്തോ കാണാൻ കഴിയുകയില്ല. ശേഖരിച്ചു കൊണ്ടു വരുന്നതായി മാലിന്യങ്ങൾ വേണ്ടവിധത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.നഗര മധ്യത്തിൽ തന്നെ ഒരു മല പോലും ഉടലെടുത്തു കണ്ടു. കാര്യഗൗരവമായി പഠിക്കാൻ ആഗ്രഹിച്ചിട്ടുള്ളവർക്ക് ഈ മലയുടെ സ്ഥിതി വിശേഷം കാണാൻ കഴിയുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. വെറുമൊരു അതിശയോക്തിയിലുള്ള വിവരണം ഒന്നുമല്ല ഒരുനാട്ടു ഭാഷ ശൈലിയിൽ പറഞ്ഞാൽ ‘കള്ള് എടുത്ത് കുന്തയിൽ ഇടൂ കുന്തയെടുത്ത് കള്ളിലിട്ടു‘ എന്ന് പറയുന്നതുപോലെയല്ല, ശ്രമിച്ചാൽ നമുക്ക് ഒരു നല്ല രീതിയിൽ പ്രാബല്യത്തിൽ കൊണ്ടുവരാം.

